4029

# രസചന്ദ്രിക

## രാജവൈദ്യം

Sjt. Bhairavananda Yogindranath. D. P.

RAJA HAMSA ASRAMOM.

SAMPATKARA.

Since 1923

# രസചന്ദ്രിക രാജവൈദ്യം.

ഗ്രന്ഥകർത്താ,

ശ്രീയുത് ഭൈരവാനന്ദ യോഗീന്ദ്രനാഥ്,

ദത്താത്രേയപീഠം

രാജഹംസാശ്രമം, സമ്പൽക്കര.

പ്രകാശകൻ,

കെ. നാരായണൻ,

"വിദ്യാരംഭം" ബുക്കഡിപ്പോ,

മുല്ലയ്ക്കൽ, ആലപ്പുഴ.

K. N. RAMAN. BOOK SELLER, MULLAKAL ALLEPPEY.

2-ാം പതിപ്പ് കാപ്പി 1000.

വി. വി. പ്രസ്സ് ബ്രാഞ്ച്, ആലപ്പുഴ.

1116.

V. S. S. TRICHUR. Price............

പകർപ്പവകാശം പ്രകാശകനിൽ.

വില രൂപാ 1.

Since 1923

പ്രകാശകൻെറ മുദ്രയില്ലാത്ത പുസ്തകം വ്യാജനിർമ്മിതമാകുന്നു.

ഈ പുസ്തകത്തിന്റെ സൎവ്വാവകാശവും പുസ്തകവ്യാപാരം കെ. നാരായണനു വിട്ടുകൊടുത്തിരിക്കുന്നു.

പൂജ്യപാദ ഭൈരവാനന്ദ

യോഗീന്ദ്രനാഥ് (ഒപ്പ്.)

Since 1923

# മുഖവിന്യാസം.

സകലൌഷധികളുടേയും ശിരോരത്നമായ രസത്തേയും തന്മാഹാത്മ്യത്തേയും പററി കേട്ടിട്ടില്ലാത്ത യാതൊരു വൈദ്യന്മാരും ഇപ്പോൾ ഉണ്ടെന്നു തോന്നുന്നില്ല. സൎവ്വവ്യാധികളേയും ഹരിക്കുന്നതിനു രസത്തിനു തുല്യമായിട്ടു മററു ഔഷധങ്ങളില്ലെന്നും രസപ്രയോഗം പരിചയമില്ലാത്ത ഒരുവനെ വൈദ്യനെന്നു ഗണിച്ചുകൂടെന്നും രസം ആത്മാവിനെപ്പോലെ പൂജനീയമാണെന്നും ആയുൎവ്വേദഗ്രന്ഥങ്ങൾ ശാസിക്കുന്നു. ദുൎല്ലഭതമമായ സന്ന്യാസം, സൌഭാഗ്യം, ചിരഞ്ജീവിത്വം ഈ വിശേഷതരമായ സമ്പത്തുകൾ സമ്പാദിക്കുന്നതിനു ഏകമാൎഗ്ഗമായ യോഗധ്യാനം പോലും രസം കൂടാതെ ശീലിക്കുന്നുവെങ്കിൽ ആ സാഹസങ്ങളെല്ലാം നിഷ്പ്രയോജകമായിത്തീരുന്നതാണെന്നു് സൎവ്വമഹൎഷികൾ ഐകകണ്ഠ്യേന സമ്മതിച്ചിട്ടുള്ളതായി, യോഗഗ്രന്ഥങ്ങളും രസതന്ത്രഗ്രന്ഥങ്ങളും ഘോഷിക്കുന്നു. "രസസ്യ മനസശ്ചൈവ ചഞ്ചലത്വം സ്വഭാവതഃ; രസോ ബദ്ധോ മനോ ബദ്ധം..." എന്നു യോഗഗ്രന്ഥങ്ങൾ പ്രത്യേകം ചൂണ്ടിക്കാണിക്കുന്നു. ഇത്ര മാഹാത്മ്യമേറിയ രസം കൊണ്ടു ഔഷധങ്ങൾ ഉണ്ടാക്കുന്നതിനും അവകളെക്കൊണ്ടു ചികിത്സിക്കുന്നതിനും നമ്മുടെ ഇടയിലുള്ള എല്ലാ വൈദ്യന്മാൎക്കും വേണ്ടത്രപോലുള്ള ജ്ഞാനമില്ലാത്തതിനാൽ ഇംഗ്ലീഷു വൈദ്യന്മാരുടെ കുത്തിവെയ്പിനും ഇപ്പോഴത്തെ കുത്തിവെപ്പിനും രോഗികൾ അടിമപ്പെട്ടു നാൾക്കുനാൾ പല സങ്കടങ്ങൾ അനുഭവിച്ചുവരുന്നതു സുപ്രസിദ്ധമാണല്ലൊ.

മുൻകാലങ്ങളിൽ സൈന്യങ്ങളുടെ രക്ഷക്കായി ആയുൎവ്വേദവിദഗ്ദ്ധന്മാരായ രാജവൈദ്യന്മാർ യുദ്ധകാലങ്ങളിൽ

രപോക്കളത്തിൽതന്നെ താമസിക്കപതിവായിരുന്നുവെന്ന് പല പ്രാചീന ചരിത്രങ്ങളെക്കൊണ്ടു തെളിയുന്നു. രപോക്കളത്തിൽ ഉണ്ടാകുന്ന ഭയങ്കര മുറിവുകളിലും വ്യാധികളിലും നിന്നു ഭടന്മാരെ ഉടനുടൻ രക്ഷിക്കുന്നതിനു കഷായക്കലവും തൈലവുമല്ല ഉപയോഗപ്പെട്ടുത്തിവന്നിരുന്നത്. ക്ഷിപ്രഫലപ്രദങ്ങളായ രസൌഷധപ്രയോഗങ്ങളായിരുന്നുവെന്ന് പ്രമാണങ്ങളിൽനിന്നും പ്രത്യക്ഷപ്പെട്ടുന്നു.

യോഗികളാലും, വൈദ്യന്മാരാലും, രസവാദികളാലും പല യുദ്ധസാമഗ്രികൾ ഉണ്ടാക്കുന്നതിനുദ്യമിച്ചുകൊണ്ടിരിക്കുന്ന രാജാക്കന്മാരാലും പൂജനീയമായ രസംകൊണ്ടുള്ള ഔഷധങ്ങളുംമററും തയ്യാറാക്കുന്നതിനുള്ള വിദ്യകളെ പ്രകാശിപ്പിക്കുന്ന പ്രമാണങ്ങളാണ് രസതന്ത്രങ്ങൾ എന്നു പറയപ്പെട്ടിരിക്കുന്നത്. ജയിക്കുവാൻ ഏററവും പ്രയാസമുള്ള രസത്തെ സുലഭമായി വശത്താക്കുവാൻ രസാംകുശവിദ്യയാണ് ശ്രേഷ്ഠമെന്ന് ആയുർവേദദർശകന്മാരായ മഹർഷികൾ പറഞ്ഞുകാണുന്നു. ഇരിമ്പിനെ കാന്തം ആകർഷിക്കുന്നതുപോലെ കാന്തംകൊണ്ടുതന്നെ രസത്തെ വേഗത്തിൽ ജയിക്കാവുന്നതും അതിനാലാണ് കാന്തത്തിനു രസാംകുശമെന്നു പേരു കൊടുത്തിട്ടുള്ളതെന്നും പ്രമാണങ്ങൾ വിസ്തരിക്കുന്നു. കാന്തം ഇരുമ്പാക്കി അതുകൊണ്ടു പാത്രം ഉണ്ടാക്കി ആ പാത്രത്തിൽ പാലൊ, മററു പാനീയങ്ങളൊ പാകപ്പെട്ടുത്തുന്നതായാൽ എത്ര കഠിനതീയിലും തിളച്ചു പുറത്തു കവിയുന്നതല്ല. പാനീയങ്ങൾ ഈ കാന്തപാത്രത്തിൽ ഉപയോഗിക്കുന്ന യോഗാഭ്യാസികൾക്കു ശരീരശുദ്ധിയും സിദ്ധിയും വേഗത്തിൽ നൽകുന്നതും രോഗികളുടെ കഠിനരോഗങ്ങളെ ശമിപ്പിച്ചു അവരെ അരോഗദൃഢഗാത്രന്മാരാക്കിത്തീർക്കുന്നതും ക്ഷയിച്ച പ്രാണശക്തിയെപ്പോലും വർദ്ധിപ്പിക്കുന്നതും സാധാരണന്മാരുടെ ശരീരത്തിലുള്ള പ്രാണശക്തിയെ നിലനിറുത്തുന്നതുമാകുന്നു. കാന്തലോഹത്തിന്റെ ഉപയോഗ

വും ഗുണവും അവർണ്ണനീയവും വാചാമഗോചരവും ആണ്. ചികിത്സയ്ക്കും രസൌഷധക്രിയകൾക്കും ഒന്നുപോലെ ഉപകാരപ്രദമായ കാന്തപാത്രം ഉണ്ടാക്കുന്നതിനെപ്പററി പല ശാസ്ത്രങ്ങളിൽ പറഞ്ഞിട്ടുണ്ടെങ്കിലും പ്രയോഗിച്ചു ഫലിപ്പിക്കത്തക്കവണ്ണമുള്ള രഹസ്യങ്ങൾ വിസ്തരിച്ചിട്ടില്ലാത്തതിനാൽ ജനങ്ങൾക്കു ശാസ്ത്രതത്വരഹസ്യം അനുഭവത്തിങ്കലുണ്ടാകുന്നില്ല.

രസേശ്വരദർശനം, സിദ്ധഭൈരവതന്ത്രം, സിദ്ധസിദ്ധാന്തചന്ദ്രിക (ഉത്തരഭാഗം) രസവല്ലി, രസരാജചിന്താമണി, രസരാജസുന്ദരം ഇത്യാദി മഹദ്ഗ്രന്ഥങ്ങളും ബാലഗുരു (സുബ്രഹ്മണ്യൻ) അഗസ്ത്യമഹർഷി, ധന്വന്തരി, അശ്വിനീദേവകൾ, ഭുശുണ്ഡഋഷി, രോമേശഋഷി, നന്ദീശ്വരൻ മുതലായ മഹാത്മാക്കൾ രചിച്ചിട്ടുള്ള ദ്രാവിഡഗ്രന്ഥങ്ങളും മററു പ്രമാണങ്ങളും ധാരാളം ഉണ്ടെങ്കിലും കൈപാകം, ഇടപാകം, അഗ്നിപാകം ഈ രഹസ്യങ്ങൾ സകല ഗ്രന്ഥങ്ങളിലും ഒന്നുപോലെ ഗോപനം ചെയ്തുമാത്രമാണ് ചെയ്തിട്ടുള്ളത്. എന്നാൽ ഏതാനും ദ്രാവിഡഗ്രന്ഥങ്ങളിലെപ്പോലെ മററുള്ള ഗ്രന്ഥങ്ങളിൽ വ്യക്തപ്പെടുത്തിക്കാണുന്നില്ല. മേല്പറഞ്ഞ ഗ്രന്ഥങ്ങൾക്കു പുറമെ പുസ്തകവ്യാപാരികളുടെ ദല്ലാലിന്റെ വെളിച്ചത്തിൽ മാത്രം സഞ്ചരിക്കുന്ന പരിഭാഷാഗ്രന്ഥങ്ങൾ പലതുണ്ടെങ്കിലും ആ വകഗ്രന്ഥങ്ങളും "ചാവിനേക്കാൾ കഷ്ടം പതിനാംകു" എന്നു പറയുന്ന മട്ടിലായിട്ടാണിരിക്കുന്നത്.

രസവിദ്യ ചെയ്തു പരിചയമില്ലാത്തവരുടെ വ്യാഖ്യാനഗ്രന്ഥങ്ങളെ സ്വാധീനമാക്കി പ്രയത്നിക്കുന്നതിൽ സർവ്വവിധ കഷ്ടനഷ്ടങ്ങളുണ്ടാകുമെന്നല്ലാതെ യാതൊരു പ്രയോജനവും സിദ്ധിക്കുന്നതല്ല.

ഏറിയകാലത്തെ സഞ്ചാരത്തിങ്കൽ കണ്ടെത്തീട്ടുള്ള മഹാന്മാരിൽനിന്നും ലഭിച്ചിട്ടുള്ള രസവിദ്യാപരിജ്ഞാനത്തേയും അതനുസരിച്ചു ധനവ്യയം ചെയ്തു നിരന്തരപരിശ്രമത്തിങ്കലുണ്ടായിട്ടുള്ള ശാസ്ത്രാനുഭവങ്ങളേയും ആസ്പദമാക്കി ബാലഗുരു അഗസ്ത്യമഹർഷി ഈ ഈശ്വരവാക്യങ്ങളായ ശാസ്ത്രങ്ങളിലെ ഗോപ്യമായ പല മർമ്മങ്ങളും തുറന്നു പരസ്യമായി മലയാളഭാഷയിൽ രേഖപ്പെടുത്തി രസചന്ദ്രിക രാജവൈദ്യം എന്ന നാമധേയത്തോടുകൂടി ഒന്നാംഭാഗമായ ഈ ചെറിയപുസ്തകം ഇപ്പോൾ തയ്യാറാക്കിയിരിക്കുന്നു. ആകൃതിയിൽ ചെറിയതെങ്കിലും അനുഭവത്തിൽ വലിപ്പവും അമൂല്യവുമായ ഈ പുസ്തകം വൈദ്യന്മാർക്കു നവനിധിയും, യോഗപരിശീലകന്മാർക്കും രസവാദികൾക്കും അജ്ഞാനാന്ധ്യം നശിപ്പിക്കുന്ന ഉദയഭാനുവും ആകുന്നു.

ഇതിലുള്ള ക്രിയകൾ വിധിയനുസരിച്ചു ചെയ്യുന്നവർക്കു യാതൊന്നും തെറ്റിപ്പോകുന്നതല്ല. ഔദാസീന്യം കൊണ്ടുണ്ടാകുന്ന സൂക്ഷ്മക്കുറവെന്നുള്ള ഏകകാരണത്താൽ വല്ലതും തെറ്റിപ്പോകുന്നതായാൽ ആ ഭാഗങ്ങളെ പ്രയോഗിച്ചു ശരിപ്പെടുത്തി കാണിച്ചുകൊടുക്കുന്നതിനു ഈ ഗ്രന്ഥകർത്താവു സദാ സന്നദ്ധനാണെന്നുള്ള വിവരവും ആവശ്യക്കാരെ പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

ഗ്രന്ഥകർത്താ,

ശ്രീയുത് ഭൈരവാനന്ദ യോഗീന്ദ്രനാഥ്.

Since 1923

# വിഷയാനുക്രമണിക.


| വിഷയം | പുറം. |
| --- | --- |
| രസമാഹാത്മ്യം. | 1— 3 |
| ബാലരസം എടുക്കേണ്ടും ക്രമം. | 3— 5 |
| ഔഷധിവൎഗ്ഗവിഭാഗം. | 5—18 |
| ഉപകരണങ്ങൾ. | 13—18 |
| ഏകമിത്രം, ദ്വിമിത്രം, ത്രിമിത്രം, പഞ്ചമിത്രം, ദശമിത്രം, ഏകവിംശതിമിത്രം, ഭൂനാഗകൃഷി, കുഠാരി. | 18—21 |
| സത്വപാതനം, കാന്തദ്രയം, കാന്തസത്വം, കാന്തസത്വശോധനം, കാന്തക്കിണ്ണം, അഭ്രകശുദ്ധി, അഭ്രകസത്വം, അഭ്രകശോധനം, അഭ്രകക്കിണ്ണം, ഭൂനാഗച്ചെമ്പു, ഗന്ധകസത്വം, മയിൽപ്പീലിച്ചെമ്പു. | 21—30 |
| രസബന്ധനക്രമം, ഭൂനാഗധപ്പി, രസക്കിണ്ണം, രസലിംഗം, രസഗുളിക, രസംകൊണ്ടുള്ള അക്ഷമാല. | 30—35 |
| ജയരസം, ജയരസസിന്ദൂരം, ബാലചന്ദ്രോദയം, കാന്തസത്വസിന്ദൂരം, ജയരസഭസ്മം, ഊൎദ്ധ്വഭസ്മരസസിന്ദൂരം 1, 2, 3, 4, നവരസസിന്ദൂരം, രസലോഹസിന്ദൂരം, പൂൎണ്ണാനനം, രസപുഷ്പഭസ്മം 1, 2, രസപുഷ്പസിന്ദൂരം മാൎക്കണ്ഡേയസിന്ദൂരം. | 36—49 |
| കാളമേഘനാരായണസിന്ദൂരം, ചണ്ഡമാരുതസിന്ദൂരം, സൎവ്വഗുണരസം, ജീവനാരായണസിന്ദൂരം. പ്രമേഹരസം, ത്രിപുരതാണ്ഡവസിന്ദൂരം, രസകൎപ്പൂരം, 1, 2, തീരും വ്യാധികൾ- അനുപാനം, പഥ്യം, അപഥ്യം. | 49—56 |

വേപ്പിൻലക്ഷണം, ടി പ്രയോഗം, രസേന്ദ്ര നവനീതപ്രയോഗങ്ങൾ 1, 2, 3, 4, യോഗരസ ഭസ്മം, തിരുനീലകണ്ഠരസായനം, ചൂതമുനി നീലകണ്ഠബാലമെഴുക്, അനുപാനങ്ങൾ, തീരും വ്യാധികൾ, പഥ്യം, അപഥ്യം. 56—61

രസൌഷധങ്ങൾ പാകപ്പെടുത്തേണ്ടും ക്രമം. 61—69

മുപ്പൂച്ചൂർണ്ണം, പൂനീർശുദ്ധിമുറ, ചുണ്ണാമ്പുകല്ലുപ്പു, കറിയുപ്പുദീക്ഷാക്രമം, വെള്ളത്തീയച്ചൂർണ്ണം, തുരിശുചുണ്ണം, ചിങ്കിച്ചൂർണ്ണം, ചിങ്കിച്ചൂർണ്ണപ്രയോഗങ്ങൾ. 70—74

ഗുരുച്ചൂർണ്ണത്താൽ കാന്തം, ഇരുമ്പു, അഭ്രകം, ഗരുഡക്കൽ, കൽനാർ, സ്വർണ്ണമാക്ഷികം, മുട്ടത്തോട് ശംഖ്, കർപ്പൂരശിലാജിത്തു, നവരത്നങ്ങൾ. അസ്ഥി, കലങ്കൊമ്പ്; ആമയോട്ടി ഇവകളുടെ സത്വം എടുക്കേണ്ടുംക്രമം ടി സത്വങ്ങളെ സിന്ദൂരമാക്കി കൊടുക്കേണ്ടും ക്രമം, അനുപാനം. തീരുംവ്യാധികൾ, താമ്രഭസ്മം, വങ്കഭസ്മം, ഇരുമ്പുഭസ്മം etc അപക്വഭസ്മദോഷനിവാരണം. 74-81

ഉപ്പുവർഗ്ഗങ്ങളുടെ ഉൽപത്തി വിധാനം, ധാതുക്കൾ, ഓരോന്നിന്റെ ശത്രുമിത്രം, ധാതുക്കളുടെ ശുദ്ധിമുറകൾ, വെടിയുപ്പു കാച്ചുംക്രമം, ദ്രാവകം ഇറക്കേണ്ടുംക്രമം, ദ്രാവകം ആവർത്തനക്രമം. 82-99

സിദ്ധവൈദ്യൻ, കല്പസേവമാഹാത്മ്യം, ജയനീരു ദ്രാവകം, സിന്ദൂരം ഇത്യാദികൾ ചെയ്യേണ്ടകാലം. 94

രസകല്പസേവവിധി, ശരീരശുദ്ധിക്കുള്ള ഔഷധങ്ങൾ, മൂതണ്ടക്കഷായം, രസവാദരഹസ്യം, പാശ്ചാത്യപണ്ഡിതന്മാരുടെ ഔഷധങ്ങളുടേയും ചികിത്സാക്രമത്തിന്റേയും ന്യൂനതകൾ. 96-170

# രസചന്ദ്രിക രാജവൈദ്യം

ഭവാബ്ധിസന്താരകമിഷ്ടസിദ്ധിദം
ശിവാത്മകം ശക്തിപരം പ്രസന്നം,
നിവൃത്തിരത്നാകരയോഗചന്ദ്രികാ
നവാങ്കുര ശ്രീ വളരട്ടെ മേന്മേൽ.

## പടലം ൧

### രസം

ശിവബീജം, സൂതരാജൻ, പാരദം, രസേന്ദ്രൻ, പാദരസം, ഇത്യാദിനാമങ്ങളെക്കൊണ്ടറിയുന്ന രസം ഭൂമിയിൽനിന്നും കുഴിച്ചെടുക്കപ്പെടുന്ന ഒരു ധാതുവാകുന്നു. ഇതിൽ ബ്രാഹ്മണൻ, ക്ഷത്രിയൻ, വൈശ്യൻ, ശൂദ്രൻ, ഇങ്ങനെ നാലു ഭേദങ്ങളടങ്ങീട്ടുണ്ട്. ബ്രാഹ്മണൻ സ്ഫടികനിറവും ക്ഷത്രിയൻ ചുവപ്പും വൈശ്യൻ മഞ്ഞയും ശൂദ്രൻ കറുപ്പും ആകുന്നു. ഈ നാലുജാതികൾ ഓരോന്നിനേയും സംസ്കാരാദിക്രിയകളെക്കൊണ്ട് അന്യവർഗ്ഗങ്ങളാക്കി മാററാവുന്നതാകുന്നു. രസത്തിനു തുല്യമായ ഒരു ദിവ്യൌഷധം ഈ ധരണിയിൽ ഇല്ല. താൻമരിച്ച് അന്യന്റെ മരണത്തെ

മാററുകയും ദുഃഖത്തെ നിശ്ശേഷം നശിപ്പിക്കയും ചെയ്യുന്നതാണ് ഇതിനുള്ള വിശേഷഗുണം. മൂർഛിച്ചരസത്തിന് സർവ്വരോഗങ്ങളേയും നശിപ്പിക്കുന്നതിനുള്ള ശക്തി ഉണ്ടു്. നീററി സിന്ദൂരവും ഭസ്മവും ആക്കി ഉപയോഗിച്ചാൽ ശരീരസിദ്ധി ഉണ്ടാവും; രോഗങ്ങളേയും നശിപ്പിക്കും. ബന്ധിച്ച രസംകൊണ്ട് ആകാശഗമനസിദ്ധി ഉണ്ടാകും. രസത്തിൽ അന്തർഭവിച്ചിരിക്കുന്ന വിദ്യുച്ഛക്തിയെ ക്ഷയിപ്പിക്കാതെ സംസ്കാരാദിപ്രയോഗങ്ങളെക്കൊണ്ടും മററും പാകപ്പെടുത്തി എടുത്താൽ മാത്രമേ മേൽപറഞ്ഞ ഗുണങ്ങൾ പ്രകാശിക്കയുള്ളു. രസംകൊണ്ടു് ശിവലിംഗം ഉണ്ടാക്കി ശൈവാഗമപ്രകാരം പൂജിക്കുന്നതായാൽ ക്ഷണത്തിൽ സത്വസിദ്ധി ഉണ്ടാകുന്നതുകൂടാതെ ദേവപ്രസാദവും ഉണ്ടാകുന്നതാണ്. മററ് അനന്തംകോടി ലിംഗങ്ങളിൽ പൂജിക്കുന്നതിനേക്കാൾ കോടികോടി ഗുണം രസലിംഗാർച്ചനംകൊണ്ടു് ലഭിക്കുന്നു. പതിനാലുലോകങ്ങളേയും ദാനംചെയ്താൽ എന്തു ഫലമൊ ആ ഫലം കോടികോടിയായി ഇരട്ടിച്ചാലുള്ളതു് രസലിംഗാർച്ചനംകൊണ്ടു് ഉണ്ടാകുന്നു. വാണീവിലാസവും ലക്ഷ്മീകടാക്ഷവും സ്ഥിരമായി ഉണ്ടാവും. രസം ബന്ധിച്ചു് ചെറിയമണികളാക്കി അതുകൊണ്ടുമാലയുണ്ടാക്കി മന്ത്രജപത്തിനുപയോഗിച്ചാൽ വേഗത്തിൽ മന്ത്രം സിദ്ധിയാവും. സകലതീർത്ഥങ്ങളിലും സ്നാനം ചെയ്ത ഫലം ഈ ജപമാലധരിക്കുന്നതുകൊണ്ടു മാത്രം സിദ്ധിക്കുന്നു. ഈ മാല ധരിച്ചവൻ കുളിച്ചജലാശയത്തിൽ കുളിക്കുന്നവർക്കും തീർത്ഥസ്നാനഫലം സിദ്ധിക്കുന്നതാണ്.

Since 1923

അഭൈട്ടശസ്ത്രം, അദൃശ്യം, ആകാശഗമനം, ഇവകൾ സാധിക്കുവാനുള്ള ഗുളിക, മാരണം, ഉച്ചാടനം, വിദ്വേഷണം, ആകർഷണം മുതലായ പ്രയോഗങ്ങൾക്കുള്ള അഷ്ടകർമ്മഗുളിക, വെട്ടു്, കുത്തു്, ഭീരങ്കിപ്രയോഗം ഇങ്ങനെയുള്ളവ ഏൽക്കാതിരിക്കുന്നതിനുള്ള സമരവിജയഗുളിക, സ്തംഭനഗു

ളികമുതലായ ഗുളികകളും രസംകൊണ്ടുണ്ടാക്കാം. ഹേമസിദ്ധിയും ജാലങ്ങളും രസപ്രയോഗം ഒന്നുകൊണ്ടുസാധിക്കാം. ഇങ്ങനെ പല സിദ്ധികളും രസംകൊണ്ടു സമ്പാദിക്കാനുണ്ട്. മന്ത്രസിദ്ധി, യോഗസിദ്ധി, ക്രിയാസിദ്ധി, വയസിദ്ധി ഇവയും രസംകൊണ്ടുള്ള രസായനപ്രയോഗത്താൽ സ്വാധീനമാകും. രസസാധകംകൂടാതെ യോഗസിദ്ധിയുംഉണ്ടാകുന്നതല്ലാ.

"വയസ്തംഭസ്യ കല്പസ്യ യോഗാഭ്യാസസ്യ യോഗിനഃ
രസസിദ്ധേഃ പരം നാസ്തി തദ ഭാവാദിനശ്യതി"

(ശിവജ്ഞാനദീപിക)

---

## പടലം ൨

### ബാലരസം

അങ്ങാടിയിൽ സാധാരണ വിൽക്കുന്ന രസം നാഗവങ്ക, ത്രിദോഷങ്ങളോടുകൂടിയതാണ്. അതു വാങ്ങി ശുദ്ധി ചെയ്യുന്നതിൽ വളരെ കഷ്ടനഷ്ടങ്ങൾ ഉണ്ട്. അതിനാൽ ചായില്യത്തിൽ നിന്നും വിധിപ്രകാരം എടുക്കുന്ന രസമാണു ശ്രേഷ്ഠം. ആ രസത്തിനു ശുദ്ധിആവശ്യമില്ല. ചായില്യം, വിളവു്, കൃത്രിമം ഇങ്ങനെ രണ്ടുപ്രകാരമാണ്. കൃത്രിമത്തിൽ ചട്ടിവെയ്പ്പെന്നും കുപ്പിവെയ്പ്പെന്നും രണ്ടുതരമുണ്ട്. ചട്ടിവെയ്പ്പിനു കാഠിന്യം കൂടും. അതു് നുള്ളിനോക്കിയാൽ പൊടിയുന്നതല്ല. ഇതിൽനിന്നുംലഭിക്കുന്നരസം കുറവായിരിക്കും. കുപ്പിവെയ്പ്പിന് കഠിനത അധികമില്ല. നുള്ളിനോക്കിയാൽ സിന്ദൂരം പോലെ പൊടിയും. ഇതിൽനിന്നും കൂടുതൽരസം ലഭിക്കും.

ചായില്യം ഹിതംപോലെ ഉള്ളത് വാങ്ങി തുണ്ടിച്ചു ചെറുനാരങ്ങാപുളിയിൽ ഒരു ദിവസം ഇട്ടിരുന്ന് പിറേറദിവസം കഴുകിയെടുത്ത് ഉണക്കിപ്പൊടിച്ചു സൂക്ഷിച്ചുകൊള്ളണം. നറുനീണ്ടിക്കിഴങ്ങോ, ചുവന്നകൊടുവേലിക്കിഴങ്ങോ ഉണക്കിപ്പൊടിച്ച് അതും വെച്ചുകൊള്ളണം. നല്ല മൺചട്ടി രണ്ടെണ്ണംവാങ്ങി സന്ധികൾ ചേർന്നിരിക്കത്തക്കവണ്ണം ഉരച്ച് ശരിപ്പെടുത്തി അതും വെച്ചുകൊള്ളണം. അതിൽ ഒരു ചട്ടിക്കകത്ത് ചെറാലനീര്, കൊടുവേലിയിലനീര്, മുള്ളുമുരിക്കിലനീര് ഇവ ഓരോന്നും ഏഴുപ്രാവശ്യംവീതം പൂശി ഉണക്കണം. ചായില്യപ്പൊടി ഫലം ൧, മുൻപറഞ്ഞ കിഴങ്ങിൻ പൊടി പലം ൨, ഇവരണ്ടും കൂട്ടി യോജിപ്പിച്ച് ചട്ടിയിലിട്ട്, മരുന്നുപൂശിയുണക്കിയ ചട്ടികൊണ്ടുമൂടി ഉഴുന്നുപശകൊണ്ട് സന്ധികൾ അടച്ച് അതുതന്നെശീലയിൽ തേച്ച് മൂന്നു ശീലചെയ്ത് ഉണക്കി പിന്നീട് അതിൻെറപുറത്ത് നാലുശീലമൺചെയ്ത് ഉണക്കി കാററിൻെറ ശല്യമില്ലാത്തസ്ഥലത്ത് അടുപ്പിൽവെച്ച് അറുപതുനാഴിക എരിക്കണം. അടുപ്പിലെ തീജ്വാല മുകളിലത്തെ ചട്ടിയിൽ സ്പർശിക്കാതെ സൂക്ഷിക്കണം. തീജ്വാല സ്പർശിച്ചാൽ രസം പുകഞ്ഞുപോകും. വളരെ കുറച്ചുമാത്രമെ ലഭിക്കയുള്ളു. തീയാറി ചട്ടിതുറന്നുനോക്കിയാൽ മേൽ ചട്ടിയിൽ പററിഇരിക്കുന്നതിനെ തൂണികൊണ്ടു തുടച്ചെടുത്ത് കണ്ണിറുക്കമുള്ള നല്ല തുണിയിലാക്കി പിഴിയണം. ഇപ്രകാരം പത്തു പലം രസം തയ്യാറാക്കി സൂക്ഷിക്കണം. രസം കുപ്പിയിൽ സൂക്ഷിക്കരുത്. മന്തച്ചിമിഴിലൊ വേങ്കുഴലിലൊ കൊമ്പുകൊണ്ടുള്ള ചിമിഴിലൊ മുളംകുററിയിലൊ അടച്ച് മെഴുകുപൂശി സൂക്ഷിച്ചുകൊള്ളണം. രസം പ്രയോഗത്തിന് എടുക്കുന്നതിന് മുൻപായിട്ട് താഴെ പറയുന്ന മൂലികാരസത്തിൽ ശോധനം ചെയ്യണം. തടിയൻകുമ്പളം, കുപ്പമേനി, മുളകരണ, തഴുതാമ, മണത്തക്കാളി(കുട്ടിത്തക്കാളി), അപ്പക്കിഴങ്ങ്, ഉമ്മത്തില, മഞ്ഞപ്പൂവുള്ള കൈയ്യുന്യം, പുളിമാതളപ്പഴനീർ,

Since 1923

ചെമ്മുള്ളി, കരിവേലപ്പട്ടകഷായം, ചെറൂപ്പുള്ളടി, വെററില, വെള്ളത്തചങ്കുപുഷ്പം, വിടത്തൽ, കൂവളം ഇവയെല്ലാം ലഭിച്ചില്ലെങ്കിൽ ലഭിക്കുന്നിടത്തോളം രസങ്ങളിൽ, ഓരോ ദിവസം മുൻഎടുത്ത ശുദ്ധരസം തുണിയിൽ കിഴികെട്ടിയിട്ടു് തിളപ്പിച്ചെടുത്താൽ സോദനമായി ഓരോരസങ്ങളിൽ പ്രത്യേകം പ്രത്യേകം പചിക്കണം. ഇങ്ങനെ സംസ്കരിച്ച രസം കൂടുതൽ ഗുണമുള്ളതും സർവ്വദോഷവിഹീനവുമാകുന്നു. ഇതാണു ബാലരസം.

രസവാദസിദ്ധിക്കാണെങ്കിൽ മുലപ്പാൽ, ചെറുപൈതങ്ങളുടെ മൂത്രം, ആട്ടിൻമൂത്രം ഇവയിൽ ഓരോയാമം വീതം കൂടുതലായി സോദനം ചെയ്തുകൊള്ളണം. ഇപ്രകാരം സംസ്കരിക്കാത്ത പക്ഷം രസത്തിനുള്ള ഷണ്ഡദോഷം നീങ്ങുന്നതല്ല. മേൽപറഞ്ഞ ബാലരസമാണ് പ്രയോഗങ്ങൾക്കും ഔഷധങ്ങൾക്കും ഉപയോഗിക്കേണ്ടതു്.

---

## പടലം ൩

### ഔഷധികൾ

മൂലികാവർഗ്ഗം, ധാതുവർഗ്ഗം, ജീവിവർഗ്ഗം എന്നിങ്ങനെ മൂന്നു വകുപ്പുകളിൽ ഔഷധങ്ങൾ ഉൾപ്പെട്ടിരിക്കുന്നു. ഔഷധികൾ എല്ലാം സൂര്യജം, ചന്ദ്രജം ഇങ്ങനെ രണ്ടായി തരം തിരിച്ചിട്ടുണ്ട്. സൂര്യജത്തെ പുരുഷാംശം എന്നും ഉപ്പുചരക്കെന്നും ബിന്ദുച്ചരക്കെന്നും, ചന്ദ്രജത്തെ പ്രകൃത്യാംശം എന്നും പുളിച്ചരക്കെന്നും നാദച്ചരക്കെന്നും ദ്രാവിഡാചാര്യന്മാർ പറഞ്ഞുകാണുന്നു.

മൂലികാവർഗ്ഗത്തിൽ മഹാമൂലിക, സിദ്ധമൂലിക, മാനുഷമൂലിക ഇങ്ങനെ തരഭേദമുണ്ട്. മഹാമൂലികയും സിദ്ധമൂലികയും എല്ലാസ്ഥലങ്ങളിലും ലഭിക്കുന്നതല്ല. എല്ലാവക്കും ലഭിപ്പാനും പ്രയാസമാണ്. നമുക്ക ഇപ്പോൾ സാധാരണ കിട്ടിവരുന്ന അങ്ങാടിമരുന്നുകളും പച്ചമരുന്നുകളും മാനുഷമൂലികയിൽ പെട്ടതാണ്.

വിളവുപാഷാണങ്ങൾ ൩൨-ം കൃത്രിമപാഷാണങ്ങൾ ൩൨-ം ഉപരസങ്ങൾ (ഉപധാതുക്കൾ) ൧൨൦-ം ലവണവർഗ്ഗങ്ങൾ ൨൫-ം സവ്വലോഹങ്ങളും ധാതുവർഗ്ഗത്തിൽ ഉൾപ്പെട്ടവയാകുന്നു.

രക്തം, വസ, മാംസം, പിത്ത്, കസ്തൂരി, ഗോരോചന ഇത്യാദികൾ ജീവി വർഗ്ഗത്തിൽ ഉൾപ്പെട്ടവയും ആകുന്നു.

മൂലികകളിൽ ധാതു, ക്ഷാരം ഇങ്ങനെ രണ്ടു ഭേദത്തിലുള്ള സത്വമുണ്ട്. മൂലിക ഉണക്കി ചുട്ടു ചാമ്പലാക്കി വെള്ളത്തിൽ കലക്കി തെളിച്ച് ആ വെള്ളം കാച്ചി വററിച്ചാൽ കിട്ടുന്നതു് ആ മൂലികയിലുള്ള ക്ഷാരമാണ്. അതേ മൂലിക തന്നെ ഇടിച്ചു നീരെടുത്തു് ആ നീരിനെ പുളിപ്പിച്ച് വിധിപ്രകാരം ഉലയിൽ വെച്ച് ഊതി എടുത്താൽ കിട്ടുന്നതു് അതിലുള്ള ലോഹവും ആകുന്നു. മൂലികകളിൽ സ്വർണ്ണഗർഭം, ഈയഗർഭം, താമ്രഗർഭം, അയോഗർഭം നാഗഗർഭം ഇത്യാദി ലോഹസത്വങ്ങൾ അധികരിച്ചുള്ളവയും ഉണ്ട്.

അസ്ഥി, രക്തം, രോമം ഇവകളെ രസതന്ത്ര വിധി അനുസരിച്ച് പരീക്ഷിക്കുന്നതായാൽ ക്ഷാരം, ധാതുക്കൾ മുതലായവ നമ്മുടെ ശരീരത്തിൽ അന്തർഭവിച്ചിട്ടുള്ളതായി കാണാം. പാഷാണ വർഗ്ഗങ്ങളിലും ലോഹസത്വങ്ങൾ അടങ്ങിയിട്ടുണ്ട്. വിഷസത്വം പാഷാണ വർഗ്ഗങ്ങളിലെപ്പോലെ മററു വർഗ്ഗങ്ങളിലുംഅടങ്ങിയിട്ടുണ്ട്.

രസം, ഔഷധിവിരാഡ്രൂപത്തിൻെറ ശിരസ്സായിട്ടും ലോഹങ്ങൾ നെഞ്ചായിട്ടും, പാഷാണങ്ങൾ കുക്ഷിയായിട്ടും, ക്ഷാരങ്ങൾ നാഭിയായിട്ടും, മൂലികകൾ പാദങ്ങളായിട്ടും വൎണ്ണിക്കപ്പെട്ടിരിക്കുന്നു. അംഗങ്ങളിൽ ശിരസ്സ് ഉത്തമാംഗം എന്നു പറയേണ്ടതില്ലല്ലോ. ശരീരത്തിലുള്ള ശക്തികളുടെ കേന്ദ്രസ്ഥാനം ശിരസിലാണ്. അതിൻവണ്ണം ഔഷധങ്ങളിൽ വെച്ച് രസമാണ് ഏററവും ശ്രേഷ്ഠമെന്ന് മഹാന്മാർ പറയുന്നു. സംസ്കരിച്ച് ബന്ധിച്ചുറപ്പിച്ച രസത്തെ അഗ്നിയിൽ ഉരുക്കി ഉരുകുമ്പോൾ രസത്തിൻെറ തുല്യതൂക്കത്തിനു തങ്കം മുതലായ ലോഹങ്ങളും മററു വൎഗ്ഗങ്ങളിലെ സത്വങ്ങളും ഓരോന്നായി വിധിപ്രകാരം ചേൎക്കുന്നതായാൽ രസം അവകളെ എല്ലാം ഗ്രസിക്കുന്നുവെങ്കിലും തൂക്കത്തിനും ആകൃതിക്കും ഭേദമുണ്ടാകുന്നതല്ലെന്ന് രസതന്ത്രം വിധിച്ചിരിക്കുന്നു.

രസവിദ്യ പരിചയിക്കാത്ത വൈദ്യൻ വൈദ്യനല്ലെന്നും അയാൾ ഒരിക്കലും പൂജ്യനല്ലെന്നും പറയുന്നതിന് പൂൎവ്വാചാൎയ്യന്മാർ മടിച്ചിട്ടില്ല. എണ്ണ, കുഴമ്പ്, ചൂൎണ്ണം, ലേഹ്യം, ആസവം, അരിഷ്ടം ഇത്യാദികൾ തയ്യാറാക്കിവെച്ചിരുന്നാൽ സ്വല്പകാലം കഴിയുമ്പോൾ അതുകളുടെ ഗുണങ്ങൾ ഭേദിച്ചു പോകുന്നതാണ്. കാലപ്പഴക്കം ചെന്ന അവക മരുന്നുകൾ രോഗത്തിനു പിടിക്കാതെ ചില ദേഹങ്ങളിൽ വിപരീതഫലത്തെ ചെയ്യുന്നതുമാണ്. എന്നാൽ ദ്രാവകം ൫൦-ംകെട്ട്, മെഴുക് ഇവ ൨൦൦-ം സിന്ദൂരം ൫൦൦-ം ഭസ്മം ൩൦൦.ം സംവത്സരം വരെഗുണഭേദം വരാതിരിക്കുന്നതാണ്. വൈദ്യന്മാർ രസവിദ്യ പഠിച്ചു മരുന്നുകൾ ഉണ്ടാക്കി വെയ്ക്കുന്നതായാൽ ചികിത്സക്ക് പൂജ്യത ഉണ്ടാകുന്നതു കൂടാതെ നഷ്ടങ്ങൾ സംഭവിക്കുന്നതല്ലാത്തതുമാകുന്നു. വൈദ്യന്മാർ ഇപ്പോൾ സാധാരണ ആരോടെങ്കിലും ഒരു ഔഷധം നിറവാനുള്ള പ്രയോഗം മനസ്സിലാക്കി ആ ഔഷധം സ്പ

ടം ചെയ്യുവെന്നുള്ളതിനെ അടിസ്ഥാനമാക്കി അയാൾക്കു രസതന്ത്രപരിചയമുണ്ടെന്നു വിചാരിക്കാവുന്നതല്ല. കലം കൊമ്പ്, കൽനാർ, അന്നഭേദി, പവിഴം, മുത്ത്, ഇരിമ്പ് ഇവകളെ നീററി ചാമ്പലാക്കുവാൻ ആർക്കും സാദ്ധ്യമാണ്. അഗ്നിയിൽ ദഹിക്കാത്ത പദാർത്ഥങ്ങളും ഇല്ല. എന്നാൽ ഓരോന്നും ദോഷകോപത്തിന് ഒത്തതുപോലെ രസായനമായിട്ടും യോഗവാഹികമായിട്ടും നീററുവാൻ രസതന്ത്ര പരിജ്ഞാനം നല്ലതുപോലെ വശപ്പെട്ടവർക്കു മാത്രമേ സാധിക്കയുള്ളു. അങ്ങിനെ ഉള്ളവരാൽ ചെയ്യപ്പെട്ട ഔഷധങ്ങളാണ് ഉപയോഗ യോഗ്യമായിട്ടുള്ളതു്. രോമം പോലും നീററുവാൻ പരിചയമില്ലാത്തവരുടെ മരുന്നു നീററിന് യാതൊരു വിലയും ഇല്ലെന്ന് അഗസ്ത്യാദി മുനികൾ പറഞ്ഞിരിക്കുന്നു. "ഉപ്പും പുളിയും അറിവാൻ പാടില്ലാത്തവനെ വെപ്പിനു കൊള്ളുകയില്ല" എന്ന പഴമൊഴി ഈ അവസരത്തിൽ സ്മരിക്കേണ്ടതു് അത്യന്താവശ്യമാണ്. രസതന്ത്രം അഗാധരഹസ്യങ്ങൾ അടങ്ങിയിട്ടുള്ളതെങ്കിലും അതിലെ തത്വങ്ങളെ ഗ്രഹിച്ചാൽ പ്രയോഗങ്ങൾ ലഘുവും ഉത്സാഹകരവും ഉപയോഗവും ആദായവും ഉള്ളതാകുന്നു.

രസതന്ത്ര വിധി അനുസരിച്ച് തയ്യാറാക്കിയ രസം തന്റെ ശരീരത്തിൽ ശീലിച്ച സിദ്ധവൈദ്യന്റെ സ്പർശം കൊണ്ടും വിയർപ്പു മുതലായ മലങ്ങളെക്കൊണ്ടും സർവധാതുക്കളും നിമിഷത്തിൽ നീറുന്നതാണ്. അവർ മനുഷ്യരുടെ ബോദ്ധ്യത്തിന്നായി മൂലിക പറിച്ച് രസം ബന്ധിക്കുകയും നീററുകയും സ്വർണ്ണം ഉണ്ടാക്കുകയും ചെയ്യുന്നതു കണ്ട് ജനങ്ങൾ ഭ്രമിച്ച് മൂലിക പറിച്ച് കഷ്ടപ്പെടരുത് എന്നും സാധാരണന്മാർ ക്ഷാരങ്ങളെക്കൊണ്ടു നീററുന്നതാണു നല്ലതെന്നും മുനികൾ പറഞ്ഞിരിക്കുന്നു. ("കാട്ടുകളൈതൈയും ഇന്തകാരസാരച്ചരക്കിൻകടൈരോമം") കാട്ടുക്കളകൾ, മൂലികകൾ ഇവയെല്ലാം സാധാരണ കടകളിൽ ലഭിക്കുന്ന

ക്ഷാരങ്ങളുടെ രോമം മാത്രം എന്ന പോലുള്ള ഗുണമേ ഉള്ളു.

ഒരു ധാതുവിനെ മൂലികകൊണ്ടു നീററുക എന്നുവെച്ചാൽ ആ മൂലികയിലെ ക്ഷാരം കൊണ്ടു നീററുന്നുവെന്നു താല്പര്യം. മൂലികയിലെ ക്ഷാരങ്ങൾക്കും മററുള്ള ക്ഷാരങ്ങൾക്കും തമ്മിലുള്ള വ്യത്യാസം എന്താണെന്നു മനസ്സിലാകുന്നില്ല. പത്തുപ്രാവശ്യം മൂലികയിലെ രസം ഒഴിച്ചരച്ചാൽ അതിൽനിന്നും ലഭിക്കുന്ന ക്ഷാരം എത്ര ലഘുവായ മാത്രയായിരിക്കും. സകല രസ പ്രയോഗങ്ങൾക്കും ഉപ്പാണു് മുമ്പിട്ടു നില്ക്കുന്നതു്. നാം സാധാരണ ഉപയോഗിക്കുന്ന ഉപ്പുകൊണ്ടു് രസത്തിന്റെ രൂപം മാറി ഒരുതരം ഭസ്മമായി കാണുന്നുണ്ടല്ലോ. (ഇതിൽ പറഞ്ഞിരിക്കുന്ന "രസപതംക" പ്രയോഗം നോക്കുക). ഉപ്പു നാം ഉപയോഗിക്കുന്നില്ലേ? ഉപ്പു് ഒന്നുകൊണ്ടു തന്നെ രസപ്രയോഗങ്ങൾ സാധിക്കാമെന്നുള്ള ഋഷിവാക്യങ്ങൾ ഏററവും പരമാർത്ഥമായിട്ടുള്ളതാണെന്നു് പതംകംകൊണ്ടുതന്നെ ദൃഷ്ടാന്തപ്പെടുന്നു. ഉപ്പിനെ ബന്ധിച്ചാൽ അറുപത്തിനാലു സിദ്ധികളും കൈവശമാണെന്നു പറഞ്ഞിരിക്കുന്നു "ഉപ്പടക്കിക്കെട്ടിനാക്കാൽ അറുപത്തിനാലു ചിത്തും ആടലാം" ഉപ്പിനെ കൂടാതെയുള്ള നീററുകളെല്ലാം ത്യജിക്കണമെന്നു് പറയപ്പെട്ടിരിക്കുന്നു. മൂലികയിലെ ഉപ്പിനും സാധാരണ വിളയുന്ന ഉപ്പിനും തമ്മിൽ മഹത്തായ വ്യത്യാസമുണ്ടു്. മൂലികയിലെ ഉപ്പിനു വളരെ ലഘുവായ കാരമേ ഉള്ളു. ലോഹസത്വം വളരെ കുറവാണു്. ഭൂമിജമായ ഒരു സ്നിഗ്ദ്ധവിഷം മൂലികയിൽ കൂടുതൽ ഉണ്ടു്. വിളയുന്ന ഉപ്പിന്റെ നാലിലൊന്നു കാരശക്തിയാണു് മൂലികയിലുള്ളതു്.

രസഗന്ധകപാഷാണങ്ങളെ ശത്രുമിത്രങ്ങളെക്കൊണ്ടു നീററുന്നതു് കൊള്ളുകയില്ലെന്നും മൂലികകളെക്കൊണ്ടു നീ

റുന്നതാണ് നല്ലതെന്നും വിശ്വസിക്കുന്നവർ രസതന്ത്ര പരിജ്ഞാനമുള്ളവരല്ല; കൈയ് നനയാതെ മത്സ്യം പിടിക്കുന്ന കൂട്ടരാണവർ.

"അതോഹം സംപ്രവക്ഷ്യാമി ധാതൂനാം മാരണംപരം
മാരണം സർവ്വസത്വാനാം ശത്രുമിത്രത്വകാരകം" (രസസാരം)
"ചത്തുരുവിനാൽ ഹതംചെയ്തുമിത്തിരുവിനാൽ എഴ്പ്പിടായേ (അഗസ്ത്യർ)

ഒരു ധാതുവിനെ അതിൻെറ ശത്രുവിനെക്കൊണ്ട് ഹതംചെയ്തിട്ട് അതിൻെറ മിത്രത്തെക്കൊണ്ടു ഗുണത്തെ കൊടുത്താണ് നീറേറണ്ടതെന്നും ഋഷികൾ പറഞ്ഞിരിക്കുന്നു. മൂലികകളെകൊണ്ട് ക്ഷാരങ്ങളേയും ആ ക്ഷാരങ്ങളെകൊണ്ട് പാഷാണങ്ങളേയും ആ പാഷാണങ്ങളെകൊണ്ട് ലോഹങ്ങളേയും സ്പുടം ചെയ്ത മരുന്നുകൊണ്ടാണ് രസത്തെ സ്വാധീനമാക്കേണ്ടത്. മൂലിക മാത്രം കൊണ്ടു ഔഷധികളിൽ പ്രയോഗിച്ചാൽ ബന്ധിക്കയുമില്ല; നീറുന്നതുമല്ല.

"മൂലികൈതൊട്ടുമുക്കാൽ ചുവക്കിടവും മൂലികയാൽ പട്ടുപൂകൈന്തുവിട്ടും
പാരസാരചരക്കിത്തനൈയും തൊട്ടാല്യംകെട്ടുവിട്ടും ചൊല്ലേ?

(അഗസ്ത്യർ തിരുവള്ളുവർ)

മൂലികകൊണ്ട് രസഗന്ധകപാഷാണാദികളിൽ പ്രയോഗിച്ചാൽ അതുകളുടെ പുകയടങ്ങി കിട്ടുന്നതല്ല. ഔഷധവും നഷ്ടമാകുമെന്നു മഹാത്മാക്കൾ പറയുന്നു.

സ്വർണ്ണത്തിലൊ വെള്ളിയിലൊ ഈയത്തിലൊ നാഗരത്തിലൊ രസം സ്പർശിച്ചാൽ ഉടൻതന്നെ രസത്തിൻെറ ചലനം നിൽക്കുന്നത് പ്രത്യക്ഷമായികാണുന്നുണ്ട്. ഈ ദൃഷ്ടാന്തം നോക്കുമ്പോൾ രസബന്ധനത്തിനു ലോഹങ്ങളാണ് വേണ്ടത് എന്നു നിശ്ചയിക്കാം. ലോഹസത്വം അ

ധികമുള്ള മൂലികകളെക്കൊണ്ടു ബന്ധിക്കുന്നതിനു പൊതുവെ വിധിച്ചിട്ടുണ്ടു്. എന്നാൽ മൂലികയിൽ നിന്നും ലോഹങ്ങളെ എടുത്തു അതിനെ ക്ഷാരമാക്കി ആ ക്ഷാരം കൊണ്ടു ബന്ധിക്കുന്നതിനെയാണു് മൂലികാബന്ധമെന്നുള്ള തത്വം മനുഷ്യർ മനസ്സിലാക്കാതെ വൃഥാ മൂലികയുടെ നീരൊഴിച്ചരച്ചു് അഗ്നിയിൽവെച്ചാൽ രസം നിൽക്കുന്നതല്ല.

ചെമ്പാന മൂലികൈതാൻ കേളും മക്കാൾ.
ക്ഷണത്തിലെ ചൂതത്തൈക്കൊല്ലും കൊല്ലും
വമ്പാനവാതികൾ താൻ ചാറൈ വാത്തു
മത്തിപ്പാർ കട്ടാതുമായ്പ്പാർ മാൺപർ
പത്തിയുടൻ തഴൈ പിടുങ്കിച്ചാറുവാങ്കി
പാഴാകച്ചുറുക്കിട്ടു അരൈത്തുപ്പാത്തു
കത്തിനെങ്കും അലൈവാർകൾ വാതിമാർകൾ
കണ്ടുടനെ വായ്മേലെ അടിത്തു തള്ളു
ഉററുപ്പാർ മൂലികയാൽ ചൂതം കെട്ടി
ഉരുക്കിടിനും പലനേത്തു ഉകവു കേളു്.
ഉതൈപ്പാന മൂലികൈയാൽ ചൂതം തന്നെ
ഉററാകക്കെട്ടുകിറ ഉണ്മൈ കേളു
നിനൈപ്പാക മൂലികയിൽ ചെമ്പുമെത്ത
നേരാന ചെടികളിലെ ഈയംമെത്ത
കതൈപ്പാക ഇതൈകാരമിട്ടേ ഊതു.
കൈമുറയായ് മൂലികയും ചെമ്പേയാകും
തുതൈപ്പാക അച്ചെമ്പേ ചെനിച്ചെമ്പേൻറു
ചുണങ്കനെ രണ്ടുമൊരുതുറയാം ചൊന്നോം

തുറയാക അഞ്ചുവകൈ ലോഹം താനും
ചുട്ടിനാൽ ചൂതമത്തു മെഴുകേ അകും
നിറയാനത്തു അനലുക്കൾനിൻറിടാത്തു
നിൻറടങ്കകഥ ചൊൽവേൻ നിനവായ്ക്കേള്ള
അറൈവാന ലോഹങ്കൾ ചുട്ടചുന്നം
അപ്പനെ പുലിയെൻപാർ, അടാം ചൂതം
മുറയാന ചുന്നമെൻറാൽ വാസനക്കൈകെട്ടും
(അഗസ്ത്യർ മുതലായവർ)

താല്പര്യം:—മൂലികാവർഗ്ഗങ്ങളിൽ താമ്രഗർഭം, ഈയഗർഭം ഇത്യാദിലോഹങ്ങൾ അയികരിച്ച ചെടികളുണ്ട്. അതിലുള്ള ലോഹങ്ങൾക്കും സാധാരണലോഹങ്ങൾക്കും ഭേദമില്ല. മൂലികയിലെ ലോഹം കൊണ്ടാകട്ടെ സാധാരണ ലഭിക്കുന്ന ലോഹങ്ങളിൽ ഏതെങ്കിലും ഒന്നു കൊണ്ടാകട്ടെ രസബന്ധനത്തിനു തുനിയുന്നവർ ലോഹങ്ങളെ ചുന്നമാക്കീട്ടുബന്ധിക്കണം. ചുന്നത്തിൻെറ വാസന മാത്രത്താൽ രസം ബന്ധിക്കും. ഈ തരമറിയാതെ മൂലികയിലെ രസം ഒഴിച്ച് രസത്തെബന്ധിക്കുന്നതിൽ പ്രയോജനമില്ല. സോമതെയെന്ന ഒരു സിദ്ധമൂലിക രസബന്ധനത്തിനു വിധിച്ചിരിക്കുന്നു. കൃഷ്ണപക്ഷത്തിൽ ഇതിൻെറ ഇലകൾ നശിക്കും. ശുക്ലപക്ഷത്തിൽ ഇലകൾ ഉണ്ടാകും. ഇതാണ് ഈ ലതയുടെ വിശേഷം. ഇതു പാലക്കാട്ടു മുതലായപ്രദേശങ്ങളിൽ അപൂർവ്വം കാണുന്നുണ്ട്. ഇതിൻെറനീരിൽ രസം അരച്ചുബന്ധിക്കുവാൻ ശ്രമിച്ചവർ പലരുമുണ്ട്. മേല്പറഞ്ഞ കാരണങ്ങളാൽ, മൂലികാബന്ധമായാലും രണ്ടും ക്ഷാരമാക്കിയിട്ട് ആ ക്ഷാരത്തിനെ കൊണ്ടാണു ബന്ധിക്കേണ്ടത്. അതിനാൽ, ഔഷധങ്ങൾ നീററുന്നതിനു ഉപ്പു പ്രധാനമായിരിക്കുന്നതുപോലെതന്നെ രസബന്ധനത്തിനും

മാരണത്തിനും ഉപ്പുതന്നെയാണ് ശ്രേഷ്ഠമായിട്ടുള്ളതു്. ഉപ്പു്, ക്ഷാരം, കാരം, സാരം ഇങ്ങനെ നാലു പദങ്ങൾ ദ്രാവിഡാചാര്യന്മാർ പ്രയോഗിച്ചിട്ടുണ്ടു്. ഉപ്പിനു പാകഭേദംകൊണ്ടു് വീര്യംവർദ്ധിക്കുമ്പോൾ ക്ഷാരമെന്നും ചുന്നം(ചുണ്ണാമ്പു്) എന്നും പറയുന്നു. അതു മഞ്ഞളിനോടു യോജിപ്പിച്ചാൽ രക്തംപോലിരിക്കും. ചില മൂലികകളിലെ ഉപ്പിനു സ്വയമേതന്നെ ഈ ഗുണം ഉണ്ടു്. അവകൾ വേപ്പു്, കടലാടി, കുപ്പമേനി മുതലായവയാകുന്നു. കാരത്തിനു പൊരികാരം, പൊൻകാരം, വെൺകാരം, എന്നെല്ലാം പറയും. സാരം എന്നതു നവസാരവും ആകുന്നു.

---

## പടലം ൪

### ഉപകരണങ്ങൾ

രസക്രിയകൾക്കു മുൻകൂട്ടി തയ്യാറാക്കേണ്ട ചില ഉപകരണങ്ങളെ താഴെ വിസ്തരിക്കാം.

ശരാല:—അഞ്ചംഗുലം വീതിയിൽ പന്ത്രണ്ടംഗുലം താഴ്ചയിൽ ഒരു കുഴിയുണ്ടാക്കണം. നല്ല ചെളിയും മണ്ണും ചേർത്തരച്ചു അകുഴിയിൽ പൂശി ഉണക്കണം. കൊണ്ടിവാലുപോലെ കുഴിയുടെ ഒരു ഭാഗത്തു് തുരത്തി ഉറപ്പിക്കുന്നതിനായി ഒരു നാളവും ഉണ്ടായിരിക്കണം. തള്ളവിരൽ വണ്ണം പന്ത്രണ്ടംഗുലം നീളത്തിൽ ഇരുമ്പുകമ്പിയിൽ ഒററത്തു മൂന്നു കവരമായും മററെ അററം കൂത്തും ഇരിക്കത്തക്ക വിധത്തിൽ ഒരുയന്ത്രം തയ്യാറാക്കണം. ഈ കമ്പിയുടെ കവരം തുരുത്തിനാളത്തിനു അഞ്ചുവിരൽ മുകളിലായിരിക്കത്തക്കവണ്ണം കമ്പിയെ കുഴിയിൽ അടിച്ചുറപ്പിക്കണം. ഇ

തിന്റെ കവരത്തിലാണു് ഉലത്തട്ട വയ്ക്കേണ്ടതു്. കവരത്തിനു ഉപരി ഉലത്തട്ടവച്ചിട്ട നല്ലചെളിയും മണ്ണും കൂട്ടിക്കുഴച്ചിട്ടു് കുഴിയുടേയും തട്ടിന്റേയും സന്ധികളെ ഉറപ്പിക്കണം. മേൽപ്രകാരം കുഴച്ചചെളികൊണ്ടു് ഉലക്കുഴിക്കു ചുററും വൃത്തമായോ ചതുരമായോ അഞ്ചിഞ്ചുപൊക്കത്തിലും രണ്ടിഞ്ചു ഘനത്തിലും ഒരു പാദുകം ഉണ്ടാക്കി ചാണകം പൂശി സൂക്ഷിച്ചു കൊള്ളണം. ഈ ഉലയ്ക്കു് ശര ഉലയെന്നും പങ്കനാളമെന്നും പറയപ്പെട്ടിരിക്കുന്നു.

ഉലത്തട്ടു്:—വാർപ്പു പണിക്കാർ വാർത്ത കരുമണ്ണുകൊണ്ടുവന്നുപൊടിച്ചു നല്ലകളിമണ്ണും കൂട്ടി അരച്ചു പാകപ്പെടുത്തി സ്വല്പം ചകരിയും ചേർത്തു ഉലത്തട്ടുകൾ ഉണ്ടാക്കണം. ആ തട്ടുകളിൽ ഓരോന്നിലും വിരൽവണ്ണത്തിൽ എട്ടോ പത്തോ ദ്വാരങ്ങളും ഉണ്ടായിരിക്കണം. ഇപ്രകാരം എട്ടോ പത്തോ തട്ടുകൾ ഉണ്ടാക്കി തയ്യാർ ചെയ്തു കൊള്ളണം. മേൽപറഞ്ഞ ഉലയും തട്ടും വാർപ്പു പണിക്കാർക്കുള്ള ഉലത്തട്ടപോലെ തന്നെ. ആ കൂട്ടരെ കൊണ്ടു ഉലയും തട്ടും ശരിപ്പെടുത്തുന്നതു വളരെനന്നായിരിക്കും.

തുരുത്തി:—ഏതെങ്കിലും ഒരു സാധനം ഉലയിൽ ഊതി ചുന്നം(ക്ഷാരം)ആക്കണമെന്നു വിധിച്ചിട്ടുള്ള ഇടത്തു് ഒരു തുരുത്തി ഉപയോഗിക്കണം. ഒരുലോഹമോ സത്വമോ ഉരുക്കുവാൻ വിധിച്ചിട്ടുള്ളിടത്തു് രണ്ടു തുരുത്തി ഉപയോഗിക്കണം. സത്വം എടുക്കുന്നതിനു നാലു തുരുത്തി ഉപയോഗിക്കണം. യന്ത്രത്തുരുത്തികൊണ്ടു ഊത്തിന്റെവേഗം കൂട്ടുകയും കുറയ്ക്കുകയുംചെയ്യാമെന്നുള്ളതാകയാൽ യന്ത്രത്തുരുത്തി ഏററവും നന്നായിരിക്കും. അതു ഒന്നു മതിയാകും.

കൊടിലുകൾ; – കാക്കയുടെ ചുണ്ടിന്റെ ആകൃതിയിൽ ഒന്നും, തത്തച്ചുണ്ടിന്റെ ആകൃതിയിൽ ഒന്നും, വാർപ്പു പണിക്കാരന്റെ മൂശതാങ്ങിക്കുരടുപോലെ ഒന്നും, ഇങ്ങനെ മൂ

നു കൊടിലുകൾ ഇരിമ്പുകൊണ്ടു ആവശ്യമുള്ള നീളത്തിൽ കൊല്ലനെ കൊണ്ടു ശരിപ്പെടുത്തി വച്ചു കൊള്ളണം. മൂശതാങ്ങിക്കുരട്ടു രണ്ടര മുഴം നീളവും മററുള്ളതു രണ്ടും ഓരോ മുഴം നീളവും ഉണ്ടായിരുന്നാൽ മതിയാകുന്നതാണ്.

സ്ഫുടക്രമം:—കാടസ്ഫുടം പറയുന്നിടത്തു് മൂന്നു വറളിയും കൌതാലി (കപോതം) സ്ഫുടം പറയുന്നിടത്തു് അഞ്ചു വറളിയും കുക്കുടസ്ഫുടത്തിനു പത്തുവറളിയും വരാഹസ്ഫുടത്തിനു അൻപതു വറളിയും ഖനസ്ഫുടത്തിനു നൂറു വറളിയും ഗജസ്ഫുടത്തിനു ആയിരം വറളിയും ഉപയോഗിച്ചുകൊള്ളണം.

പത്തുന്നൂറുകെചം, പൻറിയൻ പതാം,
കത്തും കോഴി പത്തോടു കനം ശതം,
മുത്തും കാടൈ മൂൻറാർ, കൌതാലിയഞ്ചതാം
തോലൈയാറു ഒരു എരുവിൻ കണക്കിതേ. (അഗസ്ത്യമുനി.)

ഒരു വറളി ആറുത്രപാ തൂക്കം ഉണ്ടായിരിക്കണം. സ്ഫുടങ്ങളെല്ലാം കാററു അധികം ഇല്ലാത്ത സ്ഥലത്തു വച്ചു വേണം ചെയ്യേണ്ടതു്. സ്ഫുടത്തിനു പലതരത്തിലുള്ള കുഴിയുണ്ടായിരിക്കണം. സ്ഫുടത്തിനുള്ള ഒന്നു പകുതി വറളി ഒടച്ചു് കുഴിയിൽ നിരത്തി അതിനുപരി സ്ഫുടമരുന്നു വച്ചു അഗ്നി പിടിപ്പിച്ചു ബാക്കിയുള്ള വറളികളും ഉടച്ചു മരുന്നു മൂടണം. ഓലകെട്ടുഗൃഹങ്ങളിൽ സ്ഫുടക്രിയകൾ ചെയ്യുന്നതിൽ പ്രത്യേകം സൂക്ഷ്മതയുണ്ടായിരിക്കണം.

അടുപ്പുകൾ:—അടുപ്പു പലതരത്തിലുണ്ടു്. ചെറിയ അടുപ്പ് ഒന്നു്. (ഇതു ചൂട്ടടുപ്പായിരുന്നാൽ ഏറെ നന്നു്) വലിയ അടുപ്പു ഒന്നു്. ഇങ്ങിനെ രണ്ടു അടുപ്പുകൾ നല്ല കെട്ടിടത്തിൽ ശരിപ്പെടുത്തി കൊള്ളണം.

Since 1923

വിറക്:—ദീപാഗ്നിക്കു വിറകുകോൽ ൧. കമലാഗ്നിക്കു വിറകുകോൽ ൨. ഗാഢാഗ്നിക്കു വിറകുകോൽ ൩. ഓരോ വിറകിനും ആവശ്യമുള്ള നീളവും രണ്ടിഞ്ചു ചതുരവും ഒരിനം വിറകും ആയിരിക്കണം. എരിക്കുമ്പോഃ അഗ്നിജ്വാല കൊണ്ട് അടിയിൽ ഇരിക്കുന്ന ചട്ടിയിൽ ചൂട്ട ഏല്ക്കണമെന്നല്ലാതെ മേൽചട്ടിയിൽ നിഃശ്ശേഷം ചൂട്ട ഏല്ക്കരുത്.

സ്ഫുടചട്ടികൾ:—സ്ഫുടത്തിനുള്ള ശരാവം ഘനക്കുറവുള്ളതും നല്ല ചെളിയും മണ്ണും ചേത്തരിച്ചുണക്കി ചുള്ളയിൽ വച്ച് ചുട്ടെടുത്തതും ആയിരിക്കണം. ഇതു പല തരത്തിൽ ജോടികളായി തയ്യാർചെയ്തു വച്ചുകൊള്ളണം.

ശീലമൺ:—നല്ല ചെളിയും സ്വല്പം മണ്ണും ചേത്തു നല്ലപോലെ അരച്ചുകൂട്ടിയതായിരിക്കണം. ഇതു വെള്ളത്തിൽ കുഴച്ചു ശീലയിൽ തേച്ചാണ് ശരാവങ്ങൾ തമ്മിൽ ബന്ധിക്കേണ്ടതു്.

മൂശ:—പുറവുമണ്ണു ൧൦. ഉമിക്കരി ൩. ഉണക്കച്ചാണകം ൨. പാറപ്പൊടി. ൨. ശീലക്കരിയൊ പഞ്ഞിയൊ ൨. ഇപ്രകാരം തൂക്കിയെടുത്തു എല്ലാം ഒന്നിച്ചു കടുക്കാ കഷായത്തിൽ അരച്ചു മൂശയും മൂടിയും പലതരത്തിൽ ഉണ്ടാക്കി ചുള്ളയിൽ വച്ചു ചുട്ടു തയ്യാറാക്കി വച്ചു കൊള്ളണം. വാർപ്പുപണിക്കാരന്റെ കരുത്താങ്കട്ടി കൊണ്ടു ഉണ്ടാക്കിയാലും മതിയാകുന്നതാണ്.

കുഴിയമ്മി:—വലിയ കുഴിയമ്മി ൧. ചെറിയ കുഴിയമ്മി ൧. അരകല്ലു ൧. ഇവകൾ കുഴവികൾ സഹിതം തയ്യാർ ചെയ്തുകൊള്ളണം.

കാശിക്കുപ്പികൾ:--കാശിക്കുപ്പികൾ ലഭിപ്പാൻ പ്രയാസമാണെങ്കിൽ ഇംഗ്ലീഷ്കമ്പനിക്കാരുടെ വക കെമിക്കൽ ഫ്ളാസ്ക്(Chemical Flask) വളരെ നന്നായിരിക്കും. അവ കാശിക്കുപ്പികളെക്കാൾ അധികനേരം തീയ്യുംബലത്തു നിൽക്കയുംചെയ്യും.

ത്രാസ്സ്:—ലഘുവായ സാധനങ്ങളേയും ഘനസാധനങ്ങളേയും പണത്തൂക്കം കണക്കാക്കിയൊ റാത്തൽ കണക്കാക്കിയൊ സൂക്ഷ്മമായി തൂക്കി എടുക്കത്തക്കവിധത്തിൽ വലിയ തരത്തിൽ ഒന്നും ചെറിയ തരത്തിൽഒന്നും സ്വൎണ്ണവ്യാപാരക്കാരുടെ ത്രാസ്സുപോലെ മറെറാന്നും ഇങ്ങിനെ മൂന്നു ത്രാസ്സുകൾ ആവശ്യമുള്ള കട്ടികളോടുകൂടി തയ്യാറാക്കിയിരിക്കണം.

വാലുകായന്ത്രം:-ഒരു മൺപാത്രത്തിൽ മണലിട്ടു മണലിനുള്ളിൽ കുപ്പിവായ് കാണത്തക്കവിധത്തിൽ ശരിപ്പെടുത്തി വേറൊരു ചട്ടികൊണ്ടടച്ചു എരിക്കുന്നതാണു വാലുകായന്ത്രത്തിൽ പചിക്ക എന്നു പറയപ്പെടുന്നതു്.

ഡോളായന്ത്രം:—ഒരു കലത്തിൽ വിധിക്കപ്പെട്ട ദ്രവം ഒഴിച്ചു് പചിക്കേണ്ട ഔഷധം കിഴികെട്ടി കലത്തിനുള്ളിൽ ദ്രവത്തിൽ സ്പൎശിക്കാത്തവിധത്തിലും എന്നാൽ ആവി കൊള്ളത്തക്കവിധത്തിലും കെട്ടിത്തൂക്കി എരിച്ചുകളയണം. ദ്രവം വററുംതോറും മരുന്നു താഴ്ത്തി കൊടുത്തു കൊള്ളണം.

ചൊറുക്ക്:—ചൊറുക്ക് കൊടുക്കാൻ വിധിച്ചിട്ടുണ്ടായിരുന്നാൽ ആ സാധനത്തെ അഭ്രകത്തകിട്ടിന്റെ പുറത്തുവച്ചു് ചെറിയ ദീപംപോലെ തീ എരിക്കയും ചൊറുക്ക് കൊടുപ്പാനുള്ള ദ്രവം സ്വല്പം സ്വല്പം ഔഷധത്തിൽ ഒഴിച്ചു കൊടുക്കയും ചെയ്യണം. ദ്രവം ഗ്രസിക്കുംതോറും അതു ഒഴി

ച്ചുകൊടുത്തുകൊണ്ടിരിക്കണം. ഈ ക്രിയക്കാണ് "ചൊറുക്ക്" എന്നു പറയപ്പെടുന്നതു്.

ക്രാസം:—ഒരു സത്വം അല്ലെങ്കിൽ ലോഹം മൂശയിൽ ഇട്ടുകൊടുപ്പാനായി വിധിച്ചിട്ടുള്ള ചൂർണ്ണത്തെ കുറേശ്ശെ ഇട്ടുകൊടുക്കണം; അതു ദഹിക്കുംതോറും കുറേശ്ശെ വീണ്ടും ഇട്ടുകൊടുത്തുകൊള്ളണം. ഇപ്രകാരം ചെയ്യുന്നതാണ് ക്രാസക്രിയയെന്നറിയണം.

കുപ്പിയിൽഎരിപ്പ്:— ഔഷധങ്ങൾ കുപ്പിയിലാക്കി എരിക്കുവാൻ വിധിച്ചിരുന്നാൽ കുപ്പിയിൽ അരവാശി മരുന്നു നിറച്ചുകൊള്ളണം. അതിൽ കൂടുതൽ നിറയ്ക്കരുതു്. കുപ്പിയുടെ വായ് അടയ്ക്കണമെന്നു പ്രത്യേകം വിധിച്ചിരുന്നാൽ മാത്രമേ അടക്കാവൂ. തളസിന്ദൂരങ്ങൾക്ക് അടയ്ക്കണം. ഊൎദ്ധ്വഭസ്മത്തിനും സിന്ദൂരങ്ങൾക്കും അടച്ചുകൂടാത്തതാണ്.

---

## പടലം ൩

### സത്വപാതനമിത്രങ്ങൾ.

കാന്തം, അഭ്രകം ഇത്യാദികളുടെ സത്വം എടുക്കുവാനായി ഉപയോഗിക്കുന്ന ഔഷധങ്ങളെ മിത്രങ്ങളെന്നു പറയപ്പെട്ടിരിക്കുന്നു. അവയ്ക്കു സമുദായമിത്രങ്ങളെന്നു പറഞ്ഞുവരുന്നു.

### സമുദായമിത്രങ്ങൾ

Since 1923

ഏകമിത്രം—പൊരികാരം.

ദ്വിമിത്രം—പൊരികാരം, നവസാരം.
ത്രിമിത്രം—കുന്നിക്കുരുവിൻ പരിപ്പ്, പൊരികാരം, ചീനക്കാരം.

ചതുർമിത്രം നവസാരപ്പൊടി, വെണ്ണ, ഇന്തുപ്പ്. വെള്ളത്തമെഴുക്.

പഞ്ചമിത്രം:—കുന്നിക്കുരു, വെണ്ണ, ശർക്കര, പൊരികാരം, തേൻ.

ദശമിത്രം:—വെണ്ണ, പൊരികാരം, കുന്നിക്കുരു, ശർക്കര, ആവണക്കരി, പഴം, തേൻ, പ്രാവിൻകാഷ്ഠം, ഉഴുന്ന്, മൊച്ചപ്പയർ.

ഏകവിംശതിമിത്രങ്ങൾ:—മൊച്ചപ്പയർ, ഗോതമ്പ്, ഉഴുന്ന്, എള്ള്, യവക്ഷാരം, ക്ഷുദ്രമത്സ്യം, ആനക്കൊമ്പ്, കലംകൊമ്പ് എരിമക്കൊമ്പ്, പരത്തവള, കുതിരക്കുളമ്പ്, മുയൽഎല്ല്, പന്നിത്തേററ, വാഴമാണം, കുന്നിക്കുരു, ആതളവിത്തു, പ്രാവിൻകാഷ്ഠം, ഗുഗ്ഗുലു, ശർക്കര, പൊരികാരം, തേൻ.

ഒരു സാധനത്തിൽ നിന്നും എടുക്കപ്പെട്ട സത്വം ശുദ്ധിചെയ്ത് കന്മഷം പോക്കുന്നതിനായി വിധിക്കപ്പെട്ട ഔഷധങ്ങൾക്കു ശോധനമിത്രമെന്നു പറയപ്പെടുന്നു. ശോധനമിത്രം രണ്ടിനമാണ്. സത്വം ഉരുകിനിൽക്കുമ്പോൾ കുറേശ്ശെ ക്രാസം കൊടുപ്പാനുള്ള ചൂർണ്ണത്തിനു ക്രാസമിത്രമെന്നും ക്രാസം കൊടുത്തു തീർന്നതിൽപിന്നീടു യാതൊരു ദ്രവത്തിൽ ഒഴിക്കുവാൻ വിധിച്ചിട്ടുണ്ടോ അതിനു ചായ്പുമിത്രമെന്നും പറയും.

സത്വശുദ്ധിക്കുള്ളക്രാസമിശ്രം:—പൊരികാരം, കരിവളയൽ, സൌവീരം, ഇവ സമം ചേർത്തു പൊടിച്ചതു്.

൨. പൂനീർ (ഭൂക്ഷാരം), നവസാരം, പൊരികാരം, വെടിയുപ്പ്, ചീനക്കാരം, കല്ലുപ്പ്, അമരിയുപ്പ്, തുരിശു, രംകം, ചൂടൻ, ഇന്തുപ്പ്, അന്നഭേദി, സൌവീരം, ഇവ സമം പൊടിച്ചു മുലപ്പാലിൽ അരച്ചുണക്കി എടുത്തു അതിനെ നാരങ്ങാ പുളിയിൽ പൂവരശിൻ പൂവു് തിരുമ്മി പിഴിഞ്ഞു അരനീരു ചേർത്തു അരച്ചുണക്കി സൂക്ഷിക്കണം. മേല്പറഞ്ഞ ൧-ാംനമ്പ്രക്രാസമിശ്രം അല്ലെങ്കിൽ ൨-ാംനമ്പ്രക്രാസമിശ്രം ഇതിൽ ഒന്നു മതിയാകുന്നതാണ്. ആവശ്യംപോലെ ഉപയോഗിച്ചു കൊള്ളണം.

സത്വശുദ്ധിക്കു ചായ്പുമിശ്രം:—ഇലിപ്പയെണ്ണ, ഇലിപ്പപ്പൂച്ചാർ, പശുവിൻപാൽ, വെളിച്ചെണ്ണ, നല്ലെണ്ണ, നെയ്യ്, തേൻ, വാഴമാംസത്തിൻചാർ, കള്ളിച്ചാർ.

കുഠാരി.

ഉരുകുവാൻ വളരെ താമസം നേരിടുന്ന സത്വങ്ങളും മററും വേഗത്തിൽ ഉരുകി തെളിയുന്നതിനായി വിധിക്കപ്പെട്ടിട്ടുള്ള ഒരു പതംകചൂർണ്ണമാകുന്നു.

൧. നാലു പ്രാവശ്യം കാച്ചിയ വെടിയുപ്പു പലം ൪, പൂനീർ പലം ൪, വെള്ളപ്പാഷാണം പലം ൪, പൊരികാരം പലം ൪, ശുദ്ധിചെയ്ത താളകം പലം ൪, രസം പലം ൪, നവസാരം പലം ൮, കറിയുപ്പു പലം ൪, (വറുത്തുതുക്കിയെടുക്കണം) ഇവ എല്ലാം പൊടിച്ചു എരിക്കിൻപാലിൽ കോഴിമുട്ട വെള്ളക്കരുവു് ചേർത്തു രണ്ടു ദിവസം വച്ചിരുന്നു മൂന്നാം ദിവസം അതിന്റെ തെളിഞ്ഞ ജലം ചേർത്തരച്ചുണക്കി പരപ്പുള്ള വലിയ ചട്ടിയിലാക്കി മേൽചട്ടി കൊണ്ടു മൂ

ടി ഏഴ് ശീലമൺ ചെയ്യണക്കി അടുപ്പിൽ വച്ചെരിച്ചാൽ ചട്ടിയിൽ ചൂർണ്ണം പററിയിരിക്കം. ഇതിനെ ചുരണ്ടി എടുത്തു കൊള്ളണം. ഇപ്രകാരം മരുന്നിലുള്ള പതംകം മുഴുവൻ കിട്ടുന്നതുവരെ പിന്നെയും പിന്നെയും എരിച്ചു കൊള്ളണം. അങ്ങിനെ എരിക്കുന്നതിൽ പതംകം പററിയതിനു ശേഷം ബാക്കിയുള്ള മരുന്നു പൊടിച്ചാൽ മാത്രം മതിയാകുന്നതാണ്. ഇപ്രകാരം പതംകം എടുത്തു കുപ്പിയിൽ സൂക്ഷിച്ചു കൊള്ളണം.

## കുറോരി (വേറൊരുവിധം)

പൂനീർ, വെടിഉപ്പ് ഇവ ഓരോ പലം, വെള്ളപ്പാഷാണം പലം ൨, താളകം പലം ൧, ഇവ മുൻപറഞ്ഞതുപോലെ ഏഴുനാൾ അരച്ചുണക്കിമുൻപ്രകാരം എരിച്ചു മേൽ ചട്ടിയിൽ പററിയിരിക്കുന്ന പതംകം ചുരണ്ടി കുപ്പിയിൽ സൂക്ഷിക്കണം. കുറോരി ചെയ്‌വാൻ വിധിച്ചിട്ടുള്ളതിൽ രണ്ടിൽ ഏതെങ്കിലും ഒന്നു ചെത്താൽ മതിയാകുന്നതാണ്.

## ഭൂനാഗകൃഷി

ചെമ്മണ്ണുള്ള പ്രദേശങ്ങളിൽ താഴ്ചയുള്ള സ്ഥലത്തു വിസ്താരമായി സ്വല്പം താഴ്ത്തി കുഴിയെടുത്തു അതിൽ കുതിരലത്തിയും വരകു വയ്ക്കോലും ഘനം കുറച്ചു നിരത്തി ശർക്കര അല്ലെങ്കിൽ കരുപ്പട്ടി ജലത്തിൽ കലക്കി ആ വെള്ളം വയ്ക്കോലിൽ നല്ലതുപോലെ തളിച്ചു പനയോലപ്പായ്കൊണ്ടുമൂടിയിട്ടിരുന്ന് അടുത്തനാൾ കാലത്തൊ അതിനടുത്തദിവസമോ നോക്കിയാൽ ധാരാളംഭൂനാഗം ഉത്ഭവിച്ചിരിക്കും. കുതിരലത്തിക്കുപകരം കഴുതലത്തിയും ഉപയോഗപ്പെടുത്താം ഇങ്ങിനെ കൃഷിചെയ്തു ആവശ്യമുള്ളിടത്തോളം ഭൂനാഗം എടുത്തു മോരിലിട്ട് ശുദ്ധിചെയ്യണക്കി സൂക്ഷിക്കണം.

# പടലം ൩

## സത്വപാതനം

കാന്തത്തിൽ എട്ടുവിധഭേദങ്ങൾ ഉണ്ട്. രസബന്ധനത്തിനു രക്തകാന്തമാണു ശ്രേഷ്ഠം. സൂചിപിടിപ്പിച്ചുനോക്കുന്നതുകൂടാതെ വേപ്പിലയും കാന്തവുംകൂട്ടി അരച്ചുപരീക്ഷിച്ചുനോക്കിയാൽ വേപ്പിലയ്ക്കു കയ്പുകാണുകയില്ല. കായവും ചേർത്തരച്ചുനോക്കിയാൽ കായത്തിൻെറ ഗന്ധം ഉണ്ടായിരിക്കയില്ല. ഉള്ളിയുംചേർത്തരച്ചു നോക്കിയാൽ ഉള്ളിയുടെ ഗന്ധവും ഉണ്ടായിരിക്കയില്ല. ഇതാണു നല്ലകാന്തത്തിൻെറ പരീക്ഷ. മൈസൂർ, ചിക്കമംഗലൂർ, ബാവാബുഡനഗരി, ചണ്ഡികാഗിരി ഈ പ്രദേശങ്ങളിൽ നല്ലകാന്തം ധാരാളം ലഭിക്കാറുണ്ട്. കാന്തത്തെ നല്ലതുപോലെ ശുദ്ധിചെയ്താണു് സത്വം എടുക്കേണ്ടതു്. സത്വം എടുക്കാനുള്ള സാധനങ്ങളെല്ലാം ആദ്യമായി നല്ലതുപോലെ ശുദ്ധിചെയ്യണം. നല്ലശുദ്ധിയായില്ലെങ്കിൽ സത്വം വളരെ കുറച്ചുമാത്രമേ കിട്ടുകയുള്ളു. സത്വപാതന ക്രിയകളിൽ ശുദ്ധിയെപ്പററി പ്രത്യേകം ഓർമ്മിക്കേണ്ടതാകുന്നു.

### കാന്തശുദ്ധി

കാന്തം പുളിങ്കുരുവിൻെറമുഴുപ്പിൽ ഉടച്ചു മുതിരക്കഷായത്തിലും, കുന്നിയിലച്ചാററിലും മൂന്നുദിവസം ഇടവിട്ടു ഓരോന്നിലും പചിച്ചതിൽ പിന്നീടു ആട്ടിൻതുകൽകൊണ്ടുള്ള സഞ്ചിയിലാക്കി അതിൽ ആട്ടിൻരക്തം നിറച്ചു സഞ്ചിയുടെ വാ ബന്ധിച്ചു രണ്ടുമുഴം താഴ്ചയിൽ കുഴിയുണ്ടാക്കി കുഴിയിൽ ഒന്നുപകുതിവരെ ചാണകംനിറച്ചു് മേൽസഞ്ചിവച്ചു അതിനുമേൽ ചാണകം കൊണ്ടുനിറച്ചു് മൺമൂടി മഴനനയാതെ സൂക്ഷിച്ചു ആറുമാസംകഴിഞ്ഞു എടുത്തു കാന്തം കഴുകിവച്ചുകൊള്ളണം. ഇതു് ഏററവും വിശേഷതര ദ്ധിയാകുന്നു.

## കാന്തശുദ്ധി (വേറൊരുമുറ)

മുതിരക്കഷായത്തിലും കുന്നിയിലച്ചാറിലും കയ്യുണ്ണിച്ചാറിലും ഏഴുദിവസം വീതം ഓരോന്നിലും പചിക്കണം. ഈ ശുദ്ധി ആചരിച്ചാലും മതി.

ഏരിക്കിൻ പാലിൽ മുട്ടവെള്ളക്കരുവു ചേൎത്തു രണ്ടുദിവസം വച്ചിരുന്നാൽ ആ പാൽ പിരിഞ്ഞു് വെള്ളമായിരിക്കും. ഈ വെള്ളത്തിൽ വെള്ളപ്പാഷാണം ഗൌരിപാഷാണം രസം, താളകം, പൊരികാരം, പൂനീർ നവസാരം, ഇവ രണ്ടുകഴഞ്ചുവീതം, ശുദ്ധി ചെയ്ത കാന്തം കഴഞ്ചു ൧൦ ഏഴ് നാഴിക അരച്ചുണക്കി പൊടിച്ചു് മൂശയിലാക്കി അടച്ചു ശീലചെയ്തുണക്കിവച്ചുകൊള്ളണം. ഓരോമൂശയുടേയും പകുതിയോളമേ മരുന്നുകൾ ഇടാവൂ. ഇപ്രകാരം ആവശ്യമുള്ള കാന്തവും മരുന്നും ഓരോമൂശയിലും നിറച്ചു വച്ചുകൊള്ളണം. ഒരു മൂശയിൽ ഇരുപത്തിനാലുകഴഞ്ചു കണക്കായിരിക്കണം. ഈ ഭാഗം പ്രത്യേകം ഓൎമ്മിക്കണം. പിന്നീട് മേല്പറഞ്ഞ ശരഉലയിൽവച്ചു ഊതണം. അടിക്കടി കുരട്ടുകൊണ്ടു പിടിച്ചു മൂശകുലുക്കി വച്ചുകൊള്ളണം. ഇപ്രകാരം ക്രമമായി ഒന്നരമണിക്കൂർ കഴിയുമ്പോൾ മൂശ നല്ലതുപോലെ പഴുത്തു അഴുകിയലക്ഷണംകാണാം. ഉടനെ ഉലയിൽനിന്നും വാങ്ങികുലുക്കി വച്ചുകൊള്ളണം. ഇപ്രകാരം എല്ലാമൂശകളും ഊതിയെടുക്കണം. ആറി ഉടച്ചുനോക്കിയാൽ സത്വം ലഭിക്കും. ആ സത്വം അടിച്ചാൽപൊടിയും, അതിനെ വീണ്ടും പ്രത്യേകം ഒരു മൂശയിലാക്കി ഉരുക്കിയാൽ ഉരുകി ഒരു കട്ടിയായിരിക്കും. കാന്തസത്വമെല്ലാം ഒന്നിച്ചു പ്രത്യേകം ഒരു വലിയ മൂശയിലാക്കി കൊണ്ടുഉരുക്കി ശുദ്ധിചെയ്യണം. സത്വങ്ങൾ ശുദ്ധിചെയ്തില്ലെങ്കിൽ പശിമയുണ്ടാകയില്ല. നിറവുംകുറഞ്ഞിരിക്കും. രസംബന്ധിക്കുന്നതിനു സത്വങ്ങൾ നല്ലതുപോലെ ശുദ്ധിചെയ്തു വെളുപ്പിക്കണം. അപ്പോൾ

വെള്ളത്തീയം പോലെ പശിമയും നിറവും സിദ്ധിക്കും. ഈ രൂപത്തിൽ വരുമ്പോൾ കാന്തം ഈയമെന്നാണു പറയുന്നത്.

## കാന്തസത്വശോധനം

൩-ാമത്തു പടലത്തിൽ പറഞ്ഞിരിക്കുന്ന ഫാംനമ്പ്രക്രാസമിത്രം സത്വത്തിനു നേർപകുതി തൂക്കി എടുത്തുകൊള്ളണം. സത്വം മൂശയിലാക്കി ഉരുക്കി ഉരുക്കുമുഖത്തിൽ ഫാംനമ്പ്ര ചൂർണ്ണം സ്വല്പം ക്രാസം കൊടുത്തു ദഹിച്ചതിൽ പിന്നീടു ദ്രവമിത്രത്തിൽ ചിതറാതെ ഒഴിക്കണം. ഇങ്ങിനെ ഏഴോ പത്തോ പ്രാവശ്യം ഉരുക്കി ക്രാസംകൊടുത്തു് ദ്രവമിത്രത്തിൽ ഒഴിക്കയും ചെയ്തുകൊള്ളണം. പശിമയും നിറവും വന്നില്ലെങ്കിൽ വീണ്ടും മുൻപോലെ ഉരുക്കി ഒഴിച്ചുകൊള്ളണം. ഒരിക്കൽ ഉപയോഗപ്പെടുത്തിയ ദ്രവമിത്രം പിന്നീടു ഉപയോഗപ്പെടുത്തരുതു്. ഇങ്ങിനെ ശുദ്ധിചെയ്തു ലഭിച്ച കാന്തഈയം കൊണ്ടു് ആവശ്യമുള്ള വലിപ്പത്തിനു ഒരു കിണ്ണം വാർപ്പു പണിക്കാരനെക്കൊണ്ടുണ്ടാക്കിച്ചു അകവും പുറവും അച്ചിലിട്ടു മിനുക്കി എടുത്തു സൂക്ഷിച്ചുകൊള്ളണം. ഇതുനിധിപോലെ വൈദ്യന്മാർ കരുതേണ്ടതാണു്. ഇതു് യോഗികൾക്കു കല്പം സേവിപ്പാനും പാലുകുടിക്കാനും ഉപയോഗപ്പെടുത്താവുന്നതുകൂടാതെ രോഗികൾക്കും സുഖിമാന്മാർക്കും കൂടി ഇതു ഉപയോഗപ്പെടുത്താം. ഈ കിണ്ണത്തിൽ പാലൊഴിച്ചു തിളപ്പിച്ചാൽ തിളച്ചു പുറത്തുപോകുന്നതല്ല. എല്ലാ പാനീയങ്ങളും, കഷായം, ആസവം, അരിഷ്ടം, ഇവകളും ഈ കിണ്ണത്തിൽ രോഗികൾ ഉപയോഗപ്പെടുത്തുന്നതായാൽ വിശേഷമായ പല ഗുണങ്ങളും സിദ്ധിക്കും.

വൈദ്യമാലിക എന്ന ശാസ്ത്രത്തിൽ കാന്തക്കിണ്ണത്തിനുള്ള വിധി പ്രസ്താവിച്ചുകാണുന്നു. അതിന്റെ ഭേദം കൂടി ഈ അവസരത്തിൽ സ്വല്പം വിസ്തരിക്കാം.

Since 1923

ഒന്നുകൊണ്ടും ശമിക്കാഞ്ഞാൽ കാന്തലോഹം ചമയ്ക്കണം
കാന്തം പത്തു പലംകൊണ്ടു പൊടിച്ചിട്ടതിനെ പുനഃ
ഭൃംഗരാജ രസംതന്നിൽ ദിനമേഴു കിടക്കണം
പിന്നെയങ്ങതെടുത്തിട്ടു പാത്തിതന്നിലുലത്തണം
പഞ്ചമിത്രമതും കൂട്ടി ഒക്കെയങ്ങൊരുമിക്കണം
പലം രണ്ടതു കൊള്ളേണം വെള്ളാരംകൽപൊടിച്ചതു്
വസ്ത്രാൽ ചുട്ടതളന്നിട്ടു മൂഴക്കു കരി ചേക്കണം
ഒക്കെക്കൂട്ടിയിളക്കീട്ടു വെയ്പ്പൂ തൻ പൊടി പിന്നെയും
കോഷ്ഠായന്ത്രമതുണ്ടാക്കി ഉല രണ്ടതു വച്ചുടൻ
അതിൽ വച്ചങ്ങുരുക്കേണം കിട്ടം വേറിട്ടിരിപ്പതു്
പഞ്ചമിത്രം പറഞ്ഞില്ലാ ഗുരുവിങ്കന്നു കേൾക്കണം
ഉത്തരാദിക്കിലല്ലാതെ കേരളത്തിങ്കലില്ലതു
കാച്ചിത്തട്ടി ഉരുട്ടീട്ടു കിണ്ണമായിട്ടു വാക്കണം
കാന്തലോഹമിതെന്നല്ലോ നാമമപ്പോളതിന്നു പേർ
അതിൽ പാലുകുറുക്കേണം സേവിപ്പാനതു നിത്യമായ്
തിളപ്പില്ല തിളയ്ക്കുമ്പോൾ കണ്ടുകൊൾവിതു ലക്ഷണം
അതുകൊണ്ടു ശമിച്ചീടും രാജയക്ഷ്മാ ച ശൂലയും
പ്രമേഹം ഗുന്മവും പിന്നെ അർശ്ശസ്സും പുനരാന്ത്രവും
കാസശ്വാസം ക്ഷയം ഛർദ്ദിഭക്തരോധവുമെന്നിവ
ശമിച്ചീടുമിതെന്നല്ലോ ഗുരുവന്നരുൾ ചെയ്തതും.

പ്രസ്തുതപ്രമാണത്തിൽ പഞ്ചമിത്രം പറഞ്ഞില്ലെന്നും അതു ഗുരുവിങ്കൽനിന്നും കേട്ടറിയണമെന്നും ഉത്തരദിക്കിലല്ലാതെ കേരളത്തിൽ ഇല്ലെന്നും പറഞ്ഞിരിക്കുന്നു. അ ഗ്രന്ഥകർത്താവിനു രസക്രിയയിൽ അശേഷം അനുഭവമൊ ജ്ഞാനമൊ ഇല്ലെന്നു പ്രത്യേകിച്ചു പറയേണ്ടതില്ലല്ലൊ. അഞ്ചാമതു പടലത്തിൽ ൨൫ മിത്രങ്ങൾവരെ ഞാൻ കാണിച്ചിരിക്കുന്നു. ആ മിത്രങ്ങൾ ചേർത്തു മാലികയിലെ വിധിയനുസരിച്ചു പ്രവർത്തിക്കുന്നതായാൽ ഉഴുന്നുമണിപ്രമാണത്തിൽ കൂടുതൽ മുഴുപ്പിൽ സത്വം ലഭിക്കുന്നതല്ല. പാ

ഷാണവർഗ്ഗങ്ങൾ, ക്ഷാരവർഗ്ഗങ്ങൾ ചേർത്തു ഊതുന്നതായാൽ ഒന്നായിട്ട സത്വം മുഴുവനും നിർഗ്ഗമിക്കുന്നതാണ്. ഏതാണ് ലാഘവമെന്നു തോന്നുന്നുവോ അതിനെ പ്രവർത്തിച്ചു കൊള്ളണം. സത്വത്തിനു ഗുണഭേദങ്ങൾ ഒരിക്കലും ഉണ്ടാകുന്നതല്ല. സത്വം ശുദ്ധിചെയ്യാനുള്ള ക്രമം മാലികയിൽ പറഞ്ഞിട്ടില്ല. ശുദ്ധി ചെയ്യാത്ത സത്വം ചികിത്സാപ്രയോഗത്തിനു കൊള്ളാമെങ്കിലും ശുദ്ധി ചെയ്തതിനു വിശേഷഫലം ഉണ്ടാകുന്നതാണ്. ശുദ്ധി ചെയ്യാതിരുന്നാൽ അതുകൊണ്ടു കിണ്ണം വാർക്കുമ്പോൾ കരുവിൽ ഒന്നുപോലെ പാഞ്ഞുചെല്ലുകയില്ല. കാച്ചി തട്ടിയുണ്ടാക്കിയാൽ പൊടിയുകയും ചെയ്യും.

കാന്തക്കിണ്ണത്തിനുള്ള വേറൊരു മുറ.

ശുദ്ധി ചെയ്ത കാന്തത്തിനു സമം ഗൌരീപാഷാണം ചേർത്തു വെടിയുപ്പു ദ്രാവകം ഒഴിച്ചു മുപ്പതു നാഴിക അരച്ചുണക്കി മുൻപോലെ മൂശയിലാക്കി മുൻപോലെ ഊതി സത്വം എടുത്തു മുൻ വിധിപ്രകാരം ആ സത്വം ശുദ്ധി ചെയ്തുകൊള്ളണം. കാന്തക്കിണ്ണത്തിൻെറ രാക്കപൊടി കളയാതെ സൂക്ഷിച്ചു അതിനെ സിന്ദൂരം ഭസ്മം ഇത്യാദികൾ ചെയ്തു രോഗങ്ങൾക്കു കൊടുക്കയും ചെയ്യാം.

## അഭ്രകക്കിണ്ണം.

പിനാകം, ദർദ്ദുരം, നാഗം, വജ്രം, ഇങ്ങനെ അഭ്രകം നാലുവിധമാണ്. ഇവയിൽ ഓരോന്നിലും ശ്വേതം, രക്തം, കൃഷ്ണം, പീതം ഇങ്ങിനെ നാലുതരമുണ്ട്. ഇവയിൽ വജ്രാഭ്രകത്തിലുൾപ്പെട്ട സ്വർണ്ണാഭ്രകമൊ രക്താഭ്രകമൊ സ്വീകരിക്കണം. ഇവയാണ് രസബന്ധനത്തിനുത്തമം. രോഗനാശത്തിനു കൃഷ്ണാഭ്രകം ഏറെ നന്ന്. വജ്രാഭ്രകത്തെ എടുക്കാഞ്ഞാൽ "സത്വം ലഭിക്കുന്നതല്ല." വജ്രീസത്വം,

വിമുഞ്ചതി, ഇതിന്റെ പരീക്ഷ ഉലയിൽവച്ചു ഊതിയാൽ യാതൊരു ശബ്ദങ്ങളും ഉണ്ടായിരിക്കയില്ല.

## അഭ്രകശുദ്ധി.

അഭ്രകം ഉരലിലിട്ട് ഇരുമ്പുലക്ക കൊണ്ടിടിച്ചു പൊടിച്ചു പൊടിയാക്കി ശീലയിൽ കിഴി കെട്ടി മുതിരക്കഷായത്തിൽ ഓരോ യാമം വീതം ഏഴ് പ്രാവശ്യം പചിച്ചെടുത്തു കൊള്ളണം. ഇങ്ങനെ പചിച്ചെടുത്തുണക്കിയ പൊടി കഴഞ്ചു ൧൦, വെടിയുപ്പു, ചീനക്കാരം, നവസാരം, ഓളകം, ശൌരി, രസം, ചിങ്കി ( ശംകു പടിതാരം) ഭ്രനാഗം, വെള്ളപ്പാഷാണം, പൂനീർ ഇവ ഓരോകഴഞ്ചു വീതം മരുന്നുകൾ എല്ലാം ഒന്നിച്ച് നാരങ്ങാപ്പുളി അല്ലെങ്കിൽ വെടിയുപ്പു ദ്രാവകം ഒഴിച്ചു രണ്ടു യാമം അരച്ചു ഉണക്കി മൂശയിലാക്കിശീലമൺചെയ്തുണക്കി ശരായിലയിൽ ഊതിയാൽ സത്വം ലഭിക്കും. ഇതു വെങ്കലം പോലെയിരിക്കും.

## അഭ്രകസത്വം.

### വേറെ മുറ

ശുദ്ധി ചെയ്ത ഭ്രനാഗം പലം ൧൫, ശുദ്ധി ചെയ്ത അഭ്രകം പലം ൧൫, കററവാഴച്ചാററിൽ വച്ചു പചിച്ചെടുത്ത ഗന്ധകം പലം ൧൫ പൊരികാരം പലം൨൦ എല്ലാം ഒന്നിച്ചു വാഴമാണച്ചാററിൽ രണ്ടു യാമം അരച്ചു ഉണക്കി പിന്നീട്ടു അഗസ്തിപത്രത്തിന്റെ പഴുത്തയിലച്ചാററിൽ രണ്ടുയാമം അരച്ചു വെക്കണം. ക്ഷുദ്രമത്സ്യം, ശക്കര, കുതിരക്കുളമ്പിൻ പൊടി, കുന്നിക്കുരു ഇവ ഓരോ പലം വീതം തൂക്കിച്ചേത്തരച്ചു രണ്ടും കൂട്ടിയോജിപ്പിച്ച് മുൻ നീരുകൾ ചേത്തരച്ചുണക്കി മൂശയിലടച്ചു ശരയുലയിൽ വച്ചൂതി ഉരുക്കണം; സത്വം ഇറങ്ങും.

## അഭ്രകസത്വശോധനം.

കള്ളിച്ചാർ, തേങ്ങാപ്പാൽ, ഇലിപ്പപ്പൂവിൻചാർ, (ഇതു ലഭിക്കാത്തപക്ഷം ഇലിപ്പഎണ്ണ ചേൎത്തുകൊള്ളണം) വകകൾ രണ്ടു പലം വീതം ഒന്നിച്ചു ചേൎത്തു അതിൽ എരിമക്കൊമ്പു, അതിമധുരം, മുയലിൻെറ എല്ലു, വകകൾ രണ്ടു പലം വീതം തൂക്കിഎടുത്തു പൊടിച്ചു മുൻദ്രവത്തിൽ കലക്കി വച്ചുകൊള്ളണം. അഭ്രകസത്വം ഉരുകുമ്പോൾ സത്വത്തിനു പകുതി ക്രാസമിത്രം കാന്തത്തിനു പറഞ്ഞതുപോലെയുള്ളതു ചേൎത്തു കൊടുത്തുരുക്കി മുൻവിധിപ്രകാരം ദ്രാവകത്തിൽഒഴിക്കണം. ഇപ്രകാരം ശുദ്ധി ചെയ്തു എടുത്ത അഭ്രകസത്വം കൊണ്ടു കിണ്ണൻ ഉണ്ടാക്കി കൊള്ളണം. ഈ കിണ്ണത്തിൽ രസം ബന്ധിക്കാം. രസം സിന്ദൂരം ചെയ്യാം. മറ്റുപയോഗങ്ങളുമുണ്ടു്.

## ഭ്രനാഗസത്വം.

നൂറുപലം ശുദ്ധിചെയ്തുണക്കിയതായ ഭ്രനാഗം, തേനൊഴിച്ചു് അരച്ചുണക്കി ഒരു ചട്ടിയിലാക്കി എരിച്ചു ചാമ്പലാക്കി എടുക്കണം. ഇതിൽ തേൻ, ശക്കര, കുന്നിക്കുരു, പൊരികാരം, വെണ്ണ ഇവ സമം ചേൎത്തരച്ചു മൂശയിൽ അടച്ചു ശരയൂലയിൽ ഊതി സത്വം എടുക്കണം. പരിശോധനയിൽ കിട്ടത്തിൽ സത്വം ഉണ്ടെന്നു കണ്ടാൽ വീണ്ടും മിത്രം ചേൎത്തു ഊതി എടുത്തു കൊള്ളണം. ഇങ്ങിനെ എടുക്കപ്പെട്ട സത്വത്തെ ശോധനവിധിപ്രകാരം പരിശുദ്ധമാക്കിക്കൊള്ളണം.

## ഭ്രനാഗസത്വം.

### അന്യമുറ

Since 1923

൧00 പലം ഭ്രനാഗം കാളച്ചാണകം ചേൎത്തു കുഴച്ചു വറളിതട്ടി ഉണക്കി ചുട്ടു ചാമ്പലാക്കി ആ ചാമ്പൽ വെള്ള

ത്തിൽ കലക്കിവച്ചിരുന്ന് തെളിഞ്ഞതിൽ പിന്നീട്ട വെള്ളം കളഞ്ഞു അടിയിൽ ഉറഞ്ഞിരിക്കുന്ന ചാമ്പൽ നല്ലതുപോലെ ഉണക്കി ആ ചാമ്പലിൽ രസം ചേർത്തുഇളക്കിയാൽ ചാമ്പലിൽഉള്ള താമ്രസത്വം രസം ഗ്രസിക്കും. ആ രസംഎടുത്തുകാൽഭാഗം പൊരികാരംചേർത്തുമൂശയിലാക്കി ഊതിയാൽസത്വം ലഭിക്കും. വിധിപോലെ ശോധന ചെയ്തുകൊള്ളണം. ഇതുകൊണ്ടുമോതിരം, വള ഇത്യാദികൾഉണ്ടാക്കിധരിച്ചാൽ വിഷഭയമില്ല. വിഷത്തിനു ജലത്തിൽഉരച്ചുകൊടുത്താൽ വിഷം തീരും. ഈ സത്വത്തിനെക്കൊണ്ടു ഡപ്പിഉണ്ടാക്കി ബന്ധിക്കാനുള്ളരസം അതിലിട്ടു തിരുകിട്ടുറപ്പിച്ചു ചൂടുചോററിൽ നടുവിൽവച്ചുകൊൾക. ആറിഎടുത്തു ഡപ്പിതുറന്നു രസംഎടുത്തുപരീക്ഷിച്ചാൽ ബന്ധിച്ചിരിക്കും ഭ്രനാഗസത്വമെന്നും കൂടാതെ രസമണിക്കു ദീപനശക്തിയും മുഖങ്ങളും ഉണ്ടാകുന്നതല്ലാ. അതിനാൽ രസക്രിയയിൽ ഈ സത്വം ഒഴിച്ചുകൂടാത്തതാണ്.

## ഗന്ധകച്ചെമ്പ്.

ശുദ്ധിചെയ്ത ഭ്രനാഗം പലം ൧൦, കററാഴച്ചോററിൽ വച്ചു പചിച്ചു ശുദ്ധിചെയ്ത ഗന്ധകംപലം ൧൦, മയിൽപീലിനല്ലെണ്ണ പുരട്ടി ചുട്ടകരി പലം ൧൦. ആകെ ൩൦പലം തൂക്കിയെടുത്തുകൊള്ളണം. പൊരികാരം പൊരിച്ചു പൊടിച്ചു പൊടി പലം൨൨. ക്ഷുദ്രമീൻ പലം ൧൦. എള്ള്, ഉഴുന്നു, കുന്നിക്കുരു, മൊച്ചുപ്പുവർ, പ്രാവിൻകാഷ്ഠം, വെണ്ണ ശർക്കര, തേൻ, കുതിരക്കുളമ്പ്, എരുമക്കൊമ്പ് ഇവ ഓരോപലം വീതം മാന്തളിർ ചാററിൽഅരച്ച് വില്ലതട്ടിയുണക്കി മൂശയിലടച്ചു ശരഉലയിൽ ഊതി സത്വം എടുത്തുകൊള്ളണം. മുൻവിധിപ്രകാരം സത്വം ശുദ്ധിചെയ്തു ഡപ്പിയൊ കിണ്ണമൊ മൂശയൊ ഉണ്ടാക്കിഅതിൽ രസം ബന്ധിച്ചുകൊള്ളണം.

# മയിൽപീലി

## ചെമ്പ്

മയിൽപീലി നല്ലെണ്ണ പുരട്ടി ചുട്ടകരി പലം ൧൰. പൊരികാരം പൊടിച്ചത് പലം ൫. മുൻപറഞ്ഞ കുറോരി പലം ൧. വീരം പലം ൩. കല്ലുപ്പ് പലം ൧. കുന്നിക്കുരു, എള്ള്, മൊച്ചപ്പയർ, വകക്കുപലം ഒന്നുവീതം കാട്ടാവണക്കിന്റെ ചാറു ഒഴിച്ച് എട്ടുയാമം അരച്ചുണക്കി മൂശയിലാക്കി ശീലചെയ്തുണക്കി ശരയുലയിൽ ഊതി സത്വം എടുത്തു ശുദ്ധിചെയ്തുകൊള്ളണം. ഇതിന്റെ സമ്പുടത്തിലും രസം ബന്ധിക്കാം.

നോട്ട്;- ഈ വകസത്വങ്ങൾ രസം ബന്ധിക്കുന്നതിനുമാത്രമല്ലാ പല പ്രയോഗങ്ങൾ വേറെയുമുണ്ട്.

---

## പടലം ൭

### രസബന്ധം

മുൻപറഞ്ഞ സത്വങ്ങളിൻ വെച്ച് രസബന്ധത്തിന് ഏററവും ശ്രേഷ്ഠമായിട്ടുള്ളത് കാന്തസത്വമാകുന്നു. കാന്തസത്വം, അഭ്രകസത്വം ഇവയിൽ ഏതെങ്കിലും ഒന്നുകൊണ്ട് രസത്തെ ക്രമപ്രകാരം ബന്ധിച്ച് സിന്ദൂരം, ഭസ്മം മുതലായതു ചെയ്ത് ഉപയോഗപ്പെടുത്തുന്നതാണ് രോഗശാന്തിക്കു വിശേഷമായിട്ടുള്ളതെന്നറിയണം.

കാന്തക്കിണ്ണത്തിൽ ഒരുപലം ബാലരസം ഒഴിച്ച് സ്വല്പം ഉമ്മത്തിലനീരും ചേർത്തു ചൂട്ടുചോറിന്റെ നടുവിൽ വച്ചിരുന്നാൽ രസം ബന്ധിക്കുന്നതാണ്. ആ രസം തുണിയിൽ പിഴിഞ്ഞു ബന്ധിച്ചതിനെ എടുത്തു ശിഷ്ടമുള്ളതിനെ

വീണ്ടും മുൻപോലെ ചൂടചോററിൽ വയ്ക്കണം. ഇങ്ങിനെ അവൎത്തിച്ച് ബന്ധിച്ച രസമെല്ലാം ശേഖരിച്ച ഒന്നാക്കി ഉരുട്ടി ഒരുദിവസം ജലത്തിൽ ഇട്ടിരുന്ന് എടുത്തുവച്ചുകൊള്ളണം. ഇപ്രകാരം ബന്ധിച്ചരസം അഞ്ചുപലം ഉണ്ടായിരിക്കണം.

ഉമ്മത്തിൻ കായ്, അരയാലില, പേരാലില, വിരാലിയില, ചെന്തുരായില, കററവാഴ, കരുപ്പരത്തിക്കായ്, എലിച്ചെവിയൻ, കമ്മാറുവെററില, വിടത്തൽവേരിന്മേലെപട്ട, എരുക്കിൻവേർപട്ട, കട്ടുക്കാപ്പൂവ്, കൂവളത്തിൻപഴം, അരയില, കഞ്ചാവില, വേപ്പില വിലപത്തിൻപഴത്തൈലം, വേപ്പിൻതൈലം, അറുകിൻതൈലം, വെള്ളുത്തുള്ളിത്തൈലം, വാലുഴവത്തൈലം, തില്ലപ്പാൽ, ചീനക്കാരം, ചവുക്കാരം, അഭ്രകഭസ്മം, വങ്കഭസ്മം, നാഗഭസ്മം, താമ്രഭസ്മം, താമ്രചുന്നം, തുരിശുചുന്നം, വെള്ളിഭസ്മം, വെള്ളിച്ചുന്നം, ഭ്രനാഗം, തേൻ ഇവ ബന്ധിച്ച രസത്തെ അഗ്നിക്കുറപ്പിക്കുന്നതിനായിട്ടുള്ള ഏതാനും മരുന്നുകളാണ്.

കാന്തക്കിണ്ണത്തിൽ ബന്ധിച്ചെട്ടത്ത രസക്കട്ടിയ്ക്കു രണ്ടുപങ്ക് ഉമ്മത്തിൻകായ് അരച്ചുപൊതിഞ്ഞു് ഉണക്കി അതിനുപുറമെ അവൽപശ ശിലയിൽതേച്ച് ചുററിഉണക്കി, ഭൂമിയിൽസ്വല്പം കുഴിച്ച് അ കുഴിയിൽ മരുന്നുവെച്ച് മേൽ മൺനിരത്തി അതിന്മീതെ മരുന്നിനു രണ്ടു പങ്കു വറളിയിട്ടുതീയിടണം. നല്ലതുപോലെ അറിയെടുത്ത് വീണ്ടും മേൽപ്രകാരം പ്രവൎത്തിക്കണം. ഇങ്ങനെ ഉമ്മത്തിൻകായരച്ചുപൊതിഞ്ഞു് ൨൫-ം അരയാലില അരച്ചുപൊതിഞ്ഞു് ൨൫-ം പേരാലില അരച്ചുപൊതിഞ്ഞു് ൨൫-ം കൂവളത്തിൻപഴം അരച്ചുപൊതിഞ്ഞു് ൨൫-ം ഇങ്ങനെ നൂറു ഭ്രസ്പുടം ചെയ്തതിന്റെശേഷം നൂറു (൧൦൦) സ്പുടം എരിച്ചുംചെയ്യണം. ഒരു ചട്ടിയിൽ മണലിട്ട് മണലിൽ കു

ഴിച്ചു് സ്പുടമരുന്നുവച്ചു മേൽ ചട്ടികൊണ്ടു മൂടി മണൽ നല്ലതുപോലെ ചൂടുപിടിക്കുന്നതുവരെ എരിക്കണം. ഇങ്ങനെ ഉറപ്പിച്ചരസം കർപ്പൂരത്തിയിൽ ഉരുക്കി ഒരുമണിയാക്കിവച്ചുകൊള്ളണം. ഇതിനു ജയരസമെന്നുപറയും. അഗ്നിയിൽ പുകഞ്ഞുപോകാതെ പരുവപ്പെടുത്തി എടുക്കപ്പെട്ടരസമാണു് ജയരസമെന്നു പറയപ്പെടുന്നതു്. ഭസ്മം സിന്ദൂരം ചെയ്യേണ്ടതിനു് ഠരം വിധി അനുസരിക്കുന്നതു നന്നായിരിക്കും.

## അഭ്രകകിണ്ണത്തിൽ രസബന്ധം.

അഭ്രകക്കിണ്ണത്തിൻെറ അടിയിൽ നാലുശീലമൺ ചെയ്തു് ഉണക്കി കിണ്ണത്തിനുള്ളിൽ ഒരുപലംരസമൊഴിച്ചു ഉമ്മത്തിലച്ചാറു കലൎന്നു്, ഒരു ചട്ടിയിൽ മണലിട്ടു് ആ മണലിനുപരി കിണ്ണൻവെച്ചു തീയെരിക്കണം. കിണ്ണത്തിൽ ചൂടുകൊണ്ടു് ഉമ്മത്തിൻനീരുചാററിയാൽ വാങ്ങിവെച്ചു തണുക്കണം. പിന്നീടു് രസം തുണിയാൽ പിഴിഞ്ഞെടുത്തു കൊള്ളണം. മുൻപറഞ്ഞ ക്രമം പോലെ തീയാൽ വശപ്പെടുത്തി എടുത്തുകൊള്ളുകയുംചെയ്യണം.

### ഭൂനാഗഡപ്പിയിൽ രസബന്ധനം

ഭൂനാഗച്ചെമ്പുകൊണ്ടുള്ള തിരുക്കസ്പുടത്തിനുള്ളിൽ ഒരു പലം രസം ഒഴിച്ചു ചൂടുചോറിൽ വെച്ചിരുന്നു് അരി എടുത്താൽ രസം ബന്ധിച്ചിരിക്കും. മുൻപോലെ പിഴിഞ്ഞെടുത്തു് മുറപോലെ അഗ്നിക്കു ബലപ്പെടുത്തികൊള്ളണം.

## രസകിണ്ണം.

കാന്തത്തിലെ ഇരയം പലം ൨, ജയരസം പലം ൨, രണ്ടുംചേൎത്തുരുക്കി കിണ്ണം വാൎത്തു ചീകി മിനുസമാക്കി സൂ

ക്ഷിക്കണം. കാന്തക്കിണ്ണത്തിൽനിന്നും കോടികോടി ഗുണ മുള്ളതാണ് രസക്കിണ്ണം. ഇതിൽ പാനീയങ്ങൾ ഉപയോഗിക്കാം. രസവും ബന്ധിക്കാം.

## രസകിണ്ണം—൨

കള്ളി,കൊടിക്കള്ളി, എരുക്ക്, ചതുരക്കള്ളി, പുങ്ക് തേങ്ങാ ഇതുകളുടെ പാലിൽ പ്രത്യേകം പ്രത്യേകം ഏഴേഴു പ്രാവശ്യം പത്തു പലം വെളുത്തീയം ഉരുക്കി ഒഴിച്ചെടുക്കണം.

ചായില്യം പലം ൧൦. ഇതു് അഭ്രകത്തകട്ടിൽ വെച്ചു് ദീപാഗ്നിയായി എരിച്ചു് താഴെ പറയുന്ന ദ്രവങ്ങൾ ചുരുക്ക കൊടുത്തെടുക്കണം.

പശുവിൻപാൽ, കുപ്പമേനിച്ചാർ, കററാർവാഴനീരു്, ചെറുനാരങ്ങാനീരു്, കയ്യോന്നിനീരു്, തൈവേളച്ചാർ, കാരെള്ളിലച്ചാർ, തഴുതാമച്ചാർ, ഇവ വകയ്ക്കു ഇടങ്ങഴി അര വീതം എല്ലാം ഒന്നിപ്പിച്ചു ചായില്യത്തിനു ചുരുക്ക കൊടുത്തു് ചായില്യം എടുത്തു കഴുകി ഉണക്കിപ്പൊടിച്ചു സൂക്ഷിക്കണം.

പാകപ്പെടുത്തി വെച്ചിരിക്കുന്ന മുൻ പറഞ്ഞ വെളുത്തീയം ചട്ടിയിൽ ഉരുക്കി ഉരുകി നിൽക്കുമ്പോൾ ചായില്യപ്പൊടി കുറേശ ഈയത്തിൽ ക്രാസംകൊടുക്കണം. അപ്പോൾ ഈയം പൊടിയും. പൊടിഞ്ഞ ഈയത്തെ നാരങ്ങപ്പുളി ഒഴിച്ചു് അരച്ചു് മൊച്ചപ്പയർ പ്രമാണത്തിൽ ഗുളിക ഉരുട്ടി വെച്ചു കൊള്ളണം.

ഒരു ചട്ടിയിൽ മണൽ നിറച്ചു മണലിൽ ഒരു മൂശ

വെച്ച് മൂശയിൽ ശുദ്ധരസം ഒഴിച്ച് രസത്തിനു കാൽ ഭാഗം മുൻ അരച്ചുരുട്ടിയ ഗുളികയും ചേൎത്ത് തീയെരിക്കണം. രസം ബന്ധിച്ചിരിക്കും. ഇപ്രകാരം ആവശ്യമുള്ള രസം ബന്ധിച്ച് എടുത്തുരുക്കി കിണ്ണം വാൎത്തുകൊള്ളണം. ഈ കിണ്ണത്തിലും പാനീയം മുതലായത് ഉപയോഗിക്കാം. ശരീരശുദ്ധിയും ധാതുപുഷ്ടിയും ഉണ്ടാകും. പല രോഗങ്ങളും ശമിക്കും. അരച്ചുരുട്ടിയ ഗുളിക പ്രത്യേകം സൂക്ഷിക്കണം.

## രസഗുളിക.

രസമണികൾ ബഹുവിധം ഉണ്ട്. സാധാരണ ജനങ്ങൾക്ക് ലഘുവിൽ സാധിക്കാവുന്നത് താരാചമണി ഒന്നു മാത്രമേ ഉള്ളു. താരാചമണിയെത്തന്നെയാണ് സ്തംഭനമണിയെന്നു പറഞ്ഞുവരുന്നത്. മററു മണികൾ സിദ്ധന്മാരുടെ സഹായത്താൽ മാത്രമേ സാധിക്കയുള്ളുവെന്നും അതിനാൽ മററു മണികൾ ഉണ്ടാക്കുന്നതിനായി ശ്രമിച്ചാൽ വൃഥാ കഷ്ടനഷ്ടങ്ങൾ ഉണ്ടാകുന്നതാണെന്നും ഋഷികൾ വിളിച്ചു പറയുന്നു. ൧൦ കഴഞ്ചു ജയരസം, ൧൦ കഴഞ്ചു ഭുനാഗസത്വം, ഇവ രണ്ടും ഒന്നിച്ച് ഉരുക്കി ആവശ്യമുള്ള മൂഴ്പ്പിൽ മണി ചെയ്തുകൊള്ളണം. കറപ്പ്, കഞ്ചാവ്, ജാതിപത്തിരി, ജാതിക്ക, വത്സനാഭി, ഉമ്മത്തരി, കൊട്ടത്തേങ്ങാ, കശകശ, ചാരപ്പരിപ്പു, മരുളമ്മത്തിൻഅരി, കാഞ്ഞിരക്കുരു ഇവ ഓരോ കഴഞ്ചു വീതം പശുവിൻപാലിൽ ഓരോ യാമം അരച്ച് മണിക്കു കവചംചെയ്തുണക്കി മേൽ അവൽപാശതുണിയിൽ തേച്ച് ആ തുണിയിൽ പൊതിഞ്ഞ് ഉണക്കി നാല്പതു (൪൦) നാൾ പുകയത്തു വെച്ചിരുന്ന് പിന്നീടു എടുത്ത് പത്തു ദിവസം വെയിലത്തുണക്കണം. പിന്നീട് കവചം ത്യജിച്ചു മണിയെടുത്തു സൂക്ഷിച്ചുകൊള്ളണം. പശുവിൻെറ മുതുകിൽ ഈ മണി വെച്ചിട്ടു പാൽ കറക്കുന്ന

തായാൽ പാൽ ചുരക്കുന്നതല്ല. മണി എടുത്താൽ പാൽ ചുരക്കും. ഇതാണ് മണിയുടെ പരീക്ഷ. മററുവിധത്തിലുള്ള മണികൾക്ക് യാതൊരു വിലയുമില്ല. ഈ മണി വായിൽ ഇട്ടുകൊണ്ട് മല കയറിയാലും നടന്നാലും ഓടിയാലും ശ്വാസം നഷ്ടപ്പെടുകയില്ല. ശ്വാസം പുറത്തു ഗമിക്കുന്നതു വളരെ വളരെ ഹ്രസ്വമായിട്ടായിരിക്കും. സ്ത്രീകളോടുകൂടി രമിച്ചാൽ ശുക്ലം സ്തംഭിക്കും. മണി വായിൽ നിന്നു എടുത്താൻ ശുക്ലം സ്ഖലിക്കും. ക്ഷീണമുണ്ടാകുന്നതുമല്ല. ഈ മണി വായിൽ ധരിച്ചുകൊണ്ട് സഞ്ചാര സമാധി പഴകുന്ന യോഗാഭ്യാസികൾക്ക് ക്ഷിപ്രം പ്രാണജയം സിദ്ധിക്കും. ഈ മണിയുടെ രസം ഉള്ളിൽ ഇറങ്ങുന്നതുകൊണ്ട് ശരീരശുദ്ധിയും ക്രമേണ ശരീരസിദ്ധിയും ഉണ്ടാകുന്നതാണ്.

## രസലിംഗം

ജയരസം കഴഞ്ചു് ൻ. തങ്കം കഴഞ്ചു ന. ഇതുരണ്ടുംകൂടി ഉരുക്കി ശിവലിംഗം വാക്കണം. ഈ ശിവലിംത്തിന്മേലുള്ള പൂജയുടെ മാഹാത്മ്യം ഇതിനുമുൻപുതന്നെ ഈ പുസ്തകത്തിൽ വിസ്തരിച്ചിട്ടുണ്ട്.

## ജപമാല

ആവശ്യം ഉള്ളിടത്തോളം ജയരസം ഉരുക്കി കടലക്കായുടെ മുഴുപ്പിൽ മണികൾവാർത്ത് ഓരോമണിക്കും തമിരിട്ടു് സ്വർണ്ണക്കമ്പിയിലോ പട്ടുനൂലിലൊ കോർത്തു് മാലയുണ്ടാക്കണം. ജപമാലയ്ക്കു് ൧൦൮-൫൪-൨൭ മണികൾ ആവാം. മന്ത്രജപത്തിന് ഈ മാല ഉപയോഗപ്പെടുത്താം. എന്നാൽ മന്ത്രസിദ്ധി വേഗത്തിൽ ഉണ്ടാവും.

Since 1923

---

# പടലം ൫.

## ജയരസസിന്ദൂരം.

ജയരസം പലം ൧. തങ്കംപലം ൧. ഗന്ധകം പലം ൨. ഇവ കുഴിയമ്മിയിൽ വെച്ചു പൊടിച്ച് മഞ്ഞപ്പൂവുള്ള കയ്യോന്നി നീരിൽ നാലു യാമം അരച്ച് ഉണക്കി കുപ്പിയിലിട്ട് ചെങ്കല്ലുകൊണ്ടടപ്പുണ്ടാക്കി കുപ്പിയടച്ച് വാലുകായന്ത്രത്തിൽ വെച്ചും ഒരു യാമം ദീപാഗ്നികൊണ്ടും രണ്ടു യാമം കമലാഗ്നികൊണ്ടും അഞ്ചു യാമം ഗാഢാഗ്നികൊണ്ടും എരിക്കണം. പിറക് ഏകജാതിയായിരിക്കണം. ആറി വാങ്ങി കുപ്പി തുറന്നു നോക്കിയാൽ സിന്ദൂരമായിരിക്കും.

## വേറൊന്നു്

അഭ്രകക്കിണ്ണത്തിൻെറ ചുവട്ടിൽ ൩ ശീലമൺ ചെയ്തു ഉണക്കി ജയരസം, തങ്കം, ഗന്ധകം ഇവ മുൻവിധിപോലെ തന്നെ അരച്ച് ഉണക്കിപ്പൊടിച്ച് കിണ്ണത്തിലിട്ട് കിണ്ണത്തിൻെറ ചുവട്ടിൽ ദീപം വെച്ച് എരിക്കണം. ആവശ്യംപോലെ കണ്ണാടിക്കമ്പികൊണ്ട് ഇളക്കിക്കൊള്ളുകയും വേണം. സിന്ദൂരം മുരുക്കിൻപൂനിറമായിവരുമ്പോൾ ദീപം മാററണം. കിണ്ണത്തിലെ ചൂട് മാറിയാൽ മരുന്നെടുത്ത് പൊടിച്ച് കുപ്പിയിൽ സൂക്ഷിക്കണം. ഒരു നേരം ഒന്നോ ഒന്നരയോ കുന്നിയിട സേവിക്കണം.

## ബാലചന്ദ്രോദയം.

തങ്കം പലം ൧. ജയരസം പലം ൨. ഗന്ധകം പലം ൧൦. ഇവ മുള്ളിലവിൻ പൂചാററിൽ നാലു യാമം അരച്ച് ഉണക്കി പൊടിച്ച് കുപ്പിയിലൊ അഭ്രകക്കിണ്ണത്തിലൊ

എരിച്ച് സിന്ദൂരമാക്കി എടുത്തുകൊള്ളണം. ഈ സിന്ദൂരത്തിനെ മകരധ്വജം എന്നുകൂടി പറയാറുണ്ട്. ജയരസമാക്കാതെ സാധാരണ ശുദ്ധമായ രസം ചേൎത്തു ചെയ്യുന്നതായാൽ മകരധ്വജത്തിനു പൂൎണ്ണമായ ഫലം സിദ്ധിക്കയില്ല. സാധാരണ വില്പനയ്ക്കു ലഭിക്കുന്നതു് ജയാരസപ്രയോഗമല്ല.

നോട്ട്:—രസവും ഗന്ധകവും ചേൎത്തു് ഒരു ലോഹത്തിനെ സിന്ദൂരമാക്കാം. എന്നാൽ ആ സിന്ദൂരത്തിനു രസത്തിൻെറ ഗുണം ഉണ്ടായിരിക്കയില്ല. ഈവിധ പ്രയോഗങ്ങളിൽ ജയരസം വേണമെന്നില്ല. രസത്തിൻെറ ഗുണം കിട്ടേണ്ടതായി വിധിച്ചിട്ടുള്ള യോഗങ്ങളിലൊക്കെയും ജയരസമാണ് ചേൎക്കേണ്ടതു്. സിന്ദൂരം ചെയ്തു പരിചയമുള്ളവൎക്ക് അങ്ങിനെ ഉള്ള വിധി കാണുമ്പോൾ അറിയാവുന്നതാണ്.

മകരധ്വജം, സിന്ദൂരമായിട്ടും, ഭസ്മമായിട്ടും, ചെയ്താൽ ഭസ്മം മാത്രകുറച്ചു കൊടുക്കണം. സിന്ദൂരത്തിൻെറ പാകത്തിൽനിന്നും ചൂടു നിമിത്തം കൂടുതൽ വിളവു സിദ്ധിച്ചതാണ് ഭസ്മം.

തേനും, നെയ്യും അനുപാനം ചേൎത്തു് ഈ സിന്ദൂരങ്ങൾ ഉപയോഗിക്കാം. രോഗത്തിനു തക്കവണ്ണമുള്ള ലേഹ്യത്തിലും ചൂൎണ്ണത്തിലും ചേൎത്തു കൊടുക്കാം. മേല്പറഞ്ഞ സിന്ദൂരം എല്ലാ യോഗങ്ങളിലും ചേൎത്തും പ്രത്യേകം പ്രത്യേകമായും ഉപയോഗിക്കാം.

പഥ്യം:—തുവരപ്പരിപ്പു്, മുരിങ്ങപ്പിഞ്ചു്, നെല്ലിക്കാ ഉപ്പിലിട്ടതു്, ഇന്തുപ്പു്, പാലു്, നെയ്യു്, തേൻ, കൽക്കണ്ടു്, നെല്ലരിയോ ഗോതമ്പോ കൊണ്ടുള്ള ചോറും അതുകൊണ്ടുള്ള പലഹാരങ്ങളും ഉപയോഗപ്പെടുത്താം.

## കാന്തസത്വസിന്ദൂരം

കാന്തസത്വം ഉരുകിനില്ക്കുമ്പോൾ കാന്തസത്വത്തിന്ന് ശരിയിട ഗന്ധകം പൊടിച്ച് ക്രാസം കൊടുക്കണം. സത്വം ജരിക്കും. ആ ജരിച്ച സത്വത്തിനെ മഞ്ഞപ്പൂക്കയ്യോന്നി നീരിൽ രണ്ടു യാമം അരച്ച് ഉണക്കി ശരാവത്തിൽ വെച്ച് ഏഴു ശീലമൺ ചെയ്ത് ഉണക്കി കുക്കുടസ്പുടം ഇടണം. ഇപ്രകാരം പത്തുസ്പുടം ചെയ്യണം.

അഭ്രകസത്വസിന്ദൂരം:—കാന്തസത്വസിന്ദൂരം ചെയ്യുംപോലെതന്നെ.

ഇരിമ്പുസത്വസിന്ദൂരം:—കാന്തസത്വം എടുക്കുന്നതിനുള്ള വിധിതന്നെ ഇരിമ്പിനും ഉപയോഗപ്പെടുന്നതാണ്. എന്നാൽ, ഇരിമ്പു രാകിയ പൊടി മൂന്നു ദിവസം നാരങ്ങാനീരിൽ ഇട്ടിരുന്ന് ശുദ്ധി ചെയ്യണം. ദിവസേന നാരങ്ങാപ്പുളി മാററി പ്രത്യേകം ഒഴിച്ചുകൊടുക്കേണ്ടതാണ്. പിന്നീടു സത്വം എടുക്കണം. കാന്തസത്വസിന്ദൂരം ചെയ്യാനുള്ള വിധിതന്നെ ഇവിടെയും ഉപയോഗിച്ചുകൊള്ളണം.

അഭ്രകസിന്ദൂരത്താലും ജയരസസിന്ദൂരത്താലും പ്രമേഹം, ക്ഷയം ഇത്യാദികൾ മാറുന്നതാണ്. വയസ്സിലധികരവും ആണ്. കാന്തസിന്ദൂരം ജയരസസിന്ദൂരസഹിതം ഉപയോഗിച്ചാൽ ശ്വാസകോശങ്ങളിലെ രോഗങ്ങൾ മാറുന്നതു കൂടാതെ മൂത്രവസ്തിയിലെ വ്യാധികളും വിഷവും മാറും. ഇരിമ്പിനും കാന്തത്തിനും തമ്മിൽ കാന്തത്തിനാണു കൂടുതൽ ഗുണം.

Since 1923

## ജയരസഭസ്മം.

അങ്കോലവേരിലെ തൊലി ഇടിച്ചുപിഴിഞ്ഞ് എടു

ത്ത രസത്തിൽ മുൻപറഞ്ഞ ജയരസം ച യാമം അരച്ചു വില്ലതട്ടി ഉണക്കി ശരാവത്തിലാക്കി ഏഴു ശീലമൺ ചെയ്തു ഉണക്കി കുക്കുടസ്പുടം ഇട്ടകൊള്ളണം. ഇങ്ങിനെ രണ്ടു സ്പുടം ചെയ്താൽ നല്ല ഭസ്മമായിരിക്കും. ശിവകരന്തച്ചാററിലും ഭസ്മം ചെയ്യാവുന്നതാണ്. ഈ ഭസ്മം സിന്ദൂരത്തിനെപ്പോലെതന്നെ ഗുണകരമായിട്ടുള്ളതാകുന്നു. ഇതു് യോഗവാഹികമാണ്. (സൎവ്വയോഗങ്ങളിലും ചേൎത്തുകൊള്ളാം.) രസമാരണത്തിന്നു വിധിച്ചിട്ടുള്ള മൂലികകൾകൊണ്ടും ജയരസത്തെ ഭസ്മമാക്കാവുന്നതാണ്. മാത്ര:- മൂന്നു് അരിത്തൂക്കം.

## ഊൎദ്ധ്വഭസ്മയോഗം.

അരപ്പലം ശുദ്ധിചെയ്ത ഗന്ധകം, ഒരു പുതുച്ചട്ടിയിൽ ഉരുക്കണം. ദീപാഗ്നിയായിട്ട് എരിച്ചാണ് ഉരുക്കേണ്ടതു്. ഉരുകിനില്ക്കുമ്പോൾ നാലുപലം ബാലരസമൊഴിച്ചു കണ്ണാടിക്കമ്പികൊണ്ടു ഇളക്കിവറുക്കണം. രസം പുകഞ്ഞുപോകാതെ തീ സ്വല്പമായിട്ടെരിക്കണം. രസം സ്വല്പം പൊടിഞ്ഞുകാണും. ഈ പാകം കണ്ടാലുടനെ താഴെ ഇറക്കി സൂക്ഷിക്കണം.

## ഊൎദ്ധ്വഭസ്മം.

കറിയുപ്പ് എടുത്തു് ഇരട്ടിവെള്ളത്തിൽ കലക്കി തെളിയെടുത്തു് കാച്ചി ഉപ്പെടുക്കണം. ഉപ്പിന്നുസമം ചെങ്കൽപൊടിയൊ മംഗലാപുരം ഓടിന്റെ പൊടിയൊ കരുതികൊള്ളണം. ഇടങ്ങഴി ഉപ്പും ഇടങ്ങഴി ചെങ്കൽപൊടിയും ചേൎത്ത് അരച്ചു യോജിപ്പിച്ചുകൊള്ളണം. വലിപ്പമുള്ള പുതുച്ചട്ടികൾ രണ്ടെണ്ണം വിസ്താരമുള്ള കരിങ്കല്ലിൽ ഉരച്ചു് സന്ധികൾ യോജിച്ചിരിക്കത്തക്കവണ്ണം ശരിപ്പെടുത്തി വച്ചുകൊണ്ടു് ഒരു ചട്ടിയിൽ ഉപ്പും ചെങ്കൽപൊടി

യും കൂടിയോജിപ്പിച്ചു നിറച്ച് അമർത്തി നടുമദ്ധ്യത്തിൽ കുഴിച്ച് ആ കുഴിയിൽ മുൻപറഞ്ഞ രസം ഒഴിച്ച് മേൽ ചട്ടിമൂടി ഏഴു ശീലമൺ ചെയ്തുണക്കി അടുപ്പിൽ വെച്ച് ഒരു യാമം ദീപാഗ്നി, ഒരു യാമം കമലാഗ്നി, ഒരു യാമം ഗാഢാഗ്നി, ഇങ്ങനെ മൂന്നുയാമം എരിച്ച് ആറുമ്പോൾ മേൽചട്ടിതുറന്ന് അതിൽ പററിയിരിക്കുന്ന ഭസ്മം ചുരണ്ടി എടുത്തു കൊള്ളണം. ഇപ്രകാരം ആവശ്യമുള്ളിടത്തോളം രസം ഭസ്മമാക്കി എടുക്കാം. ഈ ഭസ്മത്തിനെ രസപുഷ്പമെന്നും ഊർദ്ധ്വഭസ്മമെന്നും പറഞ്ഞുവരുന്നു.

## ഊർദ്ധ്വഭസ്മരസസിന്ദൂരം. (൨)

ഊർദ്ധ്വഭസ്മം പലം ൨. ശുദ്ധിചെയ്ത ഗന്ധകം പലം ൪. ശുദ്ധിചെയ്ത അരിതാരം പലം ൧. ഇവ മൂന്നും ചേർത്ത് അരച്ചു യോജിപ്പിച്ച് മുറപ്രകാരം കുപ്പിയിലാക്കി വാലുകായന്ത്രത്തിൽ വെച്ച് ഒരു യാമം ദീപാഗ്നി, ഒരു യാമം കമലാഗ്നി, രണ്ടു യാമം ഗാഢാഗ്നി ഇങ്ങിനെ എരിച്ച് ആറി എടുത്ത് സൂക്ഷിക്കാ, സിന്ദൂരമാണ്. ഇതും രോഗങ്ങൾക്കുപയോഗിക്കയും യോഗങ്ങളിൽ ചേർക്കയും ചെയ്യാം.

## ഊർദ്ധ്വഭസ്മരസസിന്ദൂരം (൩)

രണ്ടാം നമ്പ്ര സിന്ദൂരം പലം ൮. ഊർദ്ധ്വഭസ്മം പലം ൨. ശുദ്ധിചെയ്ത ഗന്ധകം പലം ൪. അരിതാരം പലം ൧. ഇവ നല്ലതുപോലെ പൊടിച്ച് യോജിപ്പിച്ച് കുപ്പിയിലാക്കി മുൻപോലെ അടുപ്പിൽ വെച്ച് മുൻക്രമം അനുസരിച്ച് നാലു യാമം എരിക്കണം. പിന്നീട് കുപ്പിയിൽനിന്നും മരുന്നെടുത്ത് അതിനോടുകൂടി അരപ്പലം ശുദ്ധിചെയ്ത ഗന്ധകവും കാൽ പലം ശുദ്ധിചെയ്ത അരിതാരവും ചേർത്തു പൊടിച്ച് യോജിപ്പിച്ച് മുൻപോലെ എരി

Since 1923

ക്കണം. ഇപ്രകാരം പത്തു പ്രാവശ്യം ചെയ്യണം (നാലു പലം ഊൎദ്ധ്വഭസ്മവും ഒരു പലം രണ്ടാം നമ്പ്ര സിന്ദൂരവും ചേൎന്ന മിശ്രത്തോട്ട് കുഞ്ഞു പലം ഗന്ധകവും രണ്ടരപ്പലം അരിതാരവും ചേരണമെന്നാണു വിധി.)

## ഊൎദ്ധ്വഭസ്മസിന്ദൂരം (൪)

മൂന്നാംനമ്പർ സിന്ദൂരം പലം—൪. ഊൎദ്ധ്വഭസ്മം പലം൪ ഗന്ധകം പലം—൨. അരിതാരം പലം ൮ മനശില പലം ൬. ഇവയെല്ലാം പൊടിച്ചു യോജിപ്പിച്ച്, നാരങ്ങാപ്പുളിയിൽ ചെമ്പരത്തിപ്പൂവു പിഴിഞ്ഞ നീരുചേൎത്ത് അരു നീരൊഴിച്ച്, നാലുയാമം അരച്ചുണക്കി പിന്നീട് ഒരു പലം തങ്കരേക്കുകൂടിച്ചേൎത്ത് മഞ്ഞപ്പൂവുള്ള കയ്യോന്നിച്ചാർ ഒഴിച്ചു രണ്ടു യാമം അരച്ചുണക്കി മുറപ്രകാരം കുപ്പിയിലടച്ച് കുപ്പിയുടെ വായ്ക്ക് ചെങ്കല്ലടപ്പിട്ട് നാലുയാമം കമലാഗ്നി, എട്ടുയാമം ഗാഢാഗ്നി ഇങ്ങനെ പന്ത്രണ്ടുയാമം എരിച്ച് അറിയാൽ അടുപ്പിൽ നിന്നും വാങ്ങി സൂക്ഷിക്കണം. സിന്ദൂരം അരുണനിറമായിരിക്കും. ഇതു് ഒരു കുന്നിയിട വീതം കാലത്തും വയ്യിട്ടും സേവിക്കണം. അനുപാനം തേൻ. സംവത്സരം സേവിച്ചാൽ പവനജയം ഉണ്ടാകും. ഊൎദ്ധ്വരേതസ്സും സിദ്ധദേഹവും ലഭ്യമാകും. ശതം നാരികളോടു കൂടി രമിച്ചാലും ശുക്ലം സ്രവിക്കുന്നതല്ല. അനുപാനവിശേഷം കൊണ്ടു് സൎവ്വവ്യാധികളും മാറും. ഈ സിന്ദൂരം സേവിക്കുന്നവൻ രസസിദ്ധനും സിദ്ധവൈദ്യനും ആകും. ഈ സിന്ദൂരം സംവത്സരം സേവിച്ച പുണ്യവാന്റെ ശ്വാസസ്പർശം ഏല്ക്കുന്ന രോഗികളുടെ വ്യാധികൾ നിശ്ശേഷം മാറുന്നതാണു്.

നോട്ട്:—ഊൎദ്ധ്വഭസ്മം ൫-ാംനമ്പരും ൨-ാംനമ്പരും ൩-ാം നമ്പരും പലരോഗങ്ങൾക്കു കൊടുക്കുന്നതിനും മററു

ഔഷധങ്ങളിൽ ചേൎത്തു സിന്ദൂരം ചെയ്യുന്നതിനും ഉപകാരപ്രദമാണ്. നാലാം നമ്പർ സിന്ദൂരം കല്ലമായിട്ടുപയോഗിക്കാം. ചികിത്സക്കും കൊള്ളാം. അനുപാനവിശേഷത്താൽ സൎവ്വരോഗങ്ങളും നശിക്കും. ഈ നാലു നമ്പർസിന്ദൂരങ്ങളും കാന്തക്കിണ്ണിയും വൈദ്യൻെറ കൈവശം ഉണ്ടായിരിക്കേണ്ടതാണ് എന്ന് അഗസ്ത്യർ പല ഗ്രന്ഥങ്ങളെക്കൊണ്ടും ജാഗ്രതപ്പെടുത്തുന്നു.

## നവരസസിന്ദൂരം.

മുൻ പറഞ്ഞ ഊഌഭസ്മം പലം ൨ ഗന്ധകം പലം ൧ താളകം പലം—൧ മനശില പലം—൧ മുൻപറഞ്ഞരണ്ടാം നമ്പർ സിന്ദൂരം പലം—൧൪. ചായില്യം പലം—൯ കസവുവെള്ളി പലം—൯. വെള്ളീയം പലം—൧. നാഗം പലം—൪. കറുത്തീയം പലം ൯. താമ്രം കഴഞ്ചു—൨. തങ്കം കഴഞ്ചു—൧. വത്സനാഭി പലം—൧. ഇവകളിൽ ഗന്ധകം താളകം, മനശില, ചായില്യം ഇതുകൾ ഒന്നിച്ചു പൊടിക്കണം. ഊഌഭസ്മവും ൨ാം നമ്പർ സിന്ദൂരവും ഒന്നായി ചേൎത്തു പൊടിക്കണം. വെള്ളി, തങ്കം, താമ്രം ഇവ ഒന്നായി ഉരുക്കണം. വെളുത്തീയവും കറുത്തീയവും ഒന്നിച്ച് ഉരുക്കി അതിൽ മുൻ ഉരുക്കിയ ത്രിലോഹങ്ങളെ ചേൎക്കണം. രണ്ടും ഒന്നു ചേൎന്ന് ഉരുകി നില്ക്കുമ്പോൾ നാഗം ചേൎക്കണം. ഇപ്രകാരം ലോഹങ്ങളെ യോജിപ്പിച്ച് ഉരുക്കിപ്പൊടിച്ചു കൊള്ളണം. ഊഌ ഭസ്മവും സിന്ദൂരവും മററു പാഷാണ വൎഗ്ഗങ്ങളുടെ ചൂൎണ്ണവും ലോഹങ്ങളുടെ ചൂൎണ്ണവും തമ്മിൽ യോജിപ്പിച്ച് ഒടുവിൽ വത്സനാഭിയും ചേൎത്തു പൊടിച്ച് വെററിലനീരൊഴിച്ച് നാലുയാമം അരയ്ക്കണം. പിന്നീട് കററാർവാഴപ്പൂവിൻചാററിൽ നാലുയാമവും ചുവന്ന മുരിക്കിൻ പൂച്ചാററിൽ രണ്ടുയാമവും പാതിരിപ്പൂച്ചാററിൽ രണ്ടു യാമവും ചെമ്പരത്തിപ്പൂച്ചാററിൽ രണ്ടുയാമവും

പ്രത്യേകം പ്രത്യേകം അരയ്ക്കണം. ഓരോന്നിലും വിധിക്കപ്പെട്ട കണക്കപോലെ അരച്ച് ഉണക്കി കുപ്പിയിലാക്കി കുപ്പിക്ക് അടപ്പിട്ട് വാലുകയിൽ വെച്ച് ദീപാഗ്നിയിൽ എട്ടുയാമം കമലാഗ്നിയിൽ എട്ടുയാമം, ഗാന്ധാഗ്നിയിൽ എട്ടുയാമം ഈ ക്രമത്തിന എരിക്കണം. അററിയാൽ സിന്ദൂരം ഇരുണ്ട ചുവപ്പു നിറമായിരിക്കും.

മാത്ര:—ഒരു പണവിടവരെ കൊടുക്കാം. അനുപാനം തേൻ. എല്ലാഗുന്മരോഗങ്ങളും പ്ലീഹ, പെരുവയറുവീക്കം, ശോഫം, പാണ്ഡു, അഗ്നിമാന്ദ്യം, പ്രമേഹം ഇത്യാദിരോഗങ്ങളും തീരും. ലേഹ്യങ്ങളിലും ചൂർണ്ണങ്ങളിലും ചേർത്തു കൊടുക്കാം.

## രസലോഹസിന്ദൂരം.

ഊൎദ്ധ്വഭസ്മം പലം—൨. ലോഹചൂർണ്ണം പലം—൪. കാന്തചൂർണ്ണം പലം൪. നവസാരം പലം—൧. വത്സനാഭി പലം—൧. നാംഹമ്പർ സിന്ദൂരം പലം—൧. ഇവയോജിപ്പിച്ചു ചെറുനാരങ്ങാനീരിൽ നാലുയാമവും, വെററിലനീരിൽ രണ്ടുയാമവും, ഹംസപാദിയുടെനീരിൽ രണ്ടുയാമവും, കററാർവാഴപ്പൂച്ചാററിൽ രണ്ടുയാമവും അരയ്ക്കണം. അരച്ചുണക്കി പൊടിച്ചു കുപ്പിയിലാക്കി വാലുകയിൽവച്ച് ക്രമപ്രകാരം ഇരുപത്തിനാലു യാമം എരിച്ചെടുത്ത് നോക്കിയാൽ ചെങ്കൽ പൊടിയുടെ നിറമായിരിക്കും. അരപണവിടമുതൽ ഒരു പണവിടവരെ കൊടുക്കാം. തേൻ അനുപാനം. ലേഹ്യത്തിലൊ ചൂർണ്ണത്തിലൊ കൊടുക്കാം. കാമില, പാണ്ഡു, പിത്തം, വാതം കഫം, കഫജ്വരം, സന്നി, വായുക്ഷോഭം, ശിരോരോഗങ്ങൾ, ഗ്രന്ഥികൾ, ശൂല ഇവയും മററനേക വ്യാധികളും മാറും. ശരീരത്തിന നല്ല ബലമുണ്ടാകും.

## പൂണ്ണാററനം

ബാലരസം പലം—൨. മനശില പലം—൪. ചായില്യം പലം—൪. അരിതാരം പലം—൪. തങ്കം പലം—൮ ആദ്യമായി തങ്കവും രസവും യോജിപ്പിച്ച് മററു മരുന്നുകളും ചേൎത്തു പൊടിച്ച് ചെമ്പരത്തിപ്പൂച്ചാററിൽ ഇരുപത്തു യാമവും വെററിലച്ചാററിൽ ഇരുപത്തി ഒന്നു യാമവും അരയ്ക്കണം. ഒരുപണത്തൂക്കം തുരിശു ചുണ്ണവും ചേൎത്തരച്ച് ഉണക്കി പ്പൊടിച്ചു കുപ്പിയിലടച്ച് കുപ്പിവായ്ക്കടപ്പിട്ട് വാലുകയിൽ വെച്ച് ക്രമമായി ഇരുപത്തിനാലു യാമം എരിക്കണം. സിന്ദൂരം പാകമാകുമ്പോൾ വാങ്ങി കുപ്പിയിൽ സൂക്ഷിക്കണം. ഇതിൽ നിന്നും ഒരു പലം മരുന്നു തൂക്കി എടുത്ത് കസ്തൂരി, ഗോരോചന ഇവ ഓരോ കഴഞ്ചുവീതം ചേൎത്തു പൊടിച്ചു യോജിപ്പിച്ചു കല്ലടപ്പുള്ള കുപ്പിയിലാക്കി ശുഭ്രപീതാംബരത്തിൽ പൊതിഞ്ഞു സൂക്ഷിക്കണം. അരപ്പണവിടമുതൽ ഒരു പണവിടവരെ കായബലത്തിനുതക്കപോലെ സേവിക്കാം. അനുപാനം തേൻ. സപ്തദോഷങ്ങൾ, സന്നി, കഫവ്യാധി, ജ്വരം അറുപത്തിനാലും, എട്ടുവിധമുള്ള കാസം, പ്രമേഹം ഇരുപത്തി ഒന്നും മാറും. നല്ല ആരോഗ്യവും ഉണ്ടാകും. ഇതു് ഒരു സിദ്ധകല്പമാണ്.

ഒരു സംവത്സരം തേനിലോ പാലിലൊ സേവിച്ചാൽ ആരോഗ്യവാനായി ചന്ദ്രനെപ്പോലെ തേജോമയനായിരിക്കാം. ഇലവിൻപൂ ചൂർണ്ണത്തിൽ മൂന്നു മണ്ഡലം സേവിച്ചാൽ ആരോഗ്യവാനായി സൂൎയ്യതേജസ്സോടുകൂടി ദീർഘകാലം ജീവിച്ചിരിക്കാം. സേവിക്കുന്നവന്റെ ജിഹ്വാഗ്രത്തിൽ വാണീഭഗവതി നൃത്തം ചെയ്യും. ദിനംദിനം ആവശ്യമുള്ളിടത്തോളം സുന്ദരികളെ ജയിക്കാം. ചോറ്, പാല്, ചെറുചീര, പുളിയാറില, തേൻ, പഞ്ചസാര,

കുരുമുളക്, നെയ്യ്, തുതളംകായ്, ചെറുപയറിൻപരിപ്പ്, ഇവകൾ മാത്രം ഉപയോഗിക്കാം. കുളിക്കുന്നതിനു നള ചന്ദ്രനാദി തൈലം ഉപയോഗിക്കണം.

ദ്രാവകപ്രയോഗംകൊണ്ടും രസത്തെ ജയരസമാക്കി പ്രയോഗിക്കേണ്ട ചില മുറകളെ ഇനി ചേക്കുന്നു.

## രസപുഷ്പഭസ്മം.

മനുഷ്യൻെറ തലയോട്ടി, രസവും, ഗന്ധകവും ചേർന്ന് പ്രകൃതിയാൽ ഉണ്ടാക്കപ്പെട്ട സാധനമാകുന്നു. രോഗംകൂടാതെ മരണം പ്രാപിച്ചവൻെറ തലയോട്ടി സമ്പാദിച്ച് ഇരുമ്പ് ഉലക്കകൊണ്ടു ഇടിച്ചുപൊടിച്ച് വസ്ത്രത്തിൽ കിഴികെട്ടി, പപ്പടകക്കാരം അല്ലെങ്കിൽ സോഡാക്കാരം ഒരു റാത്തൽ അഞ്ചിടങ്ങഴിവെള്ളത്തിൽ കലക്കി കിഴിയിട്ടു പചിച്ച് വെള്ളം അശേഷം വററുന്നതിനു മുൻപായിട്ട് എടുത്തു ശുദ്ധജലത്തിൽ കഴുകി ഉണക്കണം. ഇപ്രകാരം മൂന്നു പ്രാവശ്യം ശുദ്ധിചെയ്യണം. പിന്നീട്ടു കഴുകി ഉണക്കണം. നല്ലതുപോലെ പൊടിച്ചു സൂക്ഷിക്കണം. ചീനക്കാരം പൊരിച്ചുപൊടിച്ച പൊടി പലം — ൧. തലയോട്ടിപലം ൧. ചെറുനാരങ്ങാപ്പുളിയിൽ നാലുയാമം അരച്ചുണക്കി പിന്നീട് കോഴിമുട്ടയുടെ വെള്ളംഒഴിച്ച് നാലുയാമം അരച്ചു വില്ലതട്ടി ഉണക്കിശരാവത്തിലാക്കി മൂടിശീല ചെയ്യുണക്കി ഗജസ്പുടം ഇടണം. തലയോട്ടചുന്നമാകും. ചുന്നമായില്ലെങ്കിൽ വീണ്ടും ആവത്തിച്ചു കൊള്ളണം.

വെടിയുപ്പുദ്രാവകത്തിൽചെയ്ത രസപുഷ്പം പലം—൧. ചുന്നം പലം—൧. രണ്ടും ഒന്നിച്ച് വെടിയുപ്പുദ്രാവകം ഒഴിച്ച് ഒരുയാമം അരച്ചുണക്കി ചട്ടിയിലാക്കി, മേൽചട്ടി മൂടി ശീലചെയ്യുണക്കി നാലുയാമം ക്രമമായി എരിക്കണം.

ചട്ടിതുറന്നുനോക്കി, മേൽ ചട്ടിയിൽപതങ്കം പററി ഇരിക്കു ന്നതായി കണ്ടാൽ അതിനെ ചുരണ്ടിഎടുത്തു അടിച്ചട്ടി യിൽ കിടന്ന മരുന്നുമായി ഒന്നിച്ചു മുൻപോലെ ദ്രാവകം ഒഴിച്ചു് അരച്ചു് മേൽപ്രകാരം എരിക്കണം. മേൽ ചട്ടി യിൽ പററാതാകുന്നതാണു് ഇതിന്റെ പാകം. ഒരുനേരം ഒരു കുന്നിയിടവീതം കൊടുക്കണം. രണ്ടുനേരവും കോടു ക്കാം. ഏഴുനാൾവരെ കൊടുത്തുകൊള്ളണം. അനുപാ നം ചക്കര (കരുപ്പുകട്ടി) ഗ്രഹണി, അപസ്മാരം, ഗുന്മം, മഹോദരം, കഫക്കെട്ടു്, കരിങ്കുഷ്ഠം, ചമ്മരോഗം, ശിരോ വേദന, വായുക്ഷോഭം, ശോഫം, കാമില, മൂലരോഗം ഇ ത്യാദികൾ മാറും. ഉചിതംപോലെ കൊടുക്കണം. മത്സ്യം, പുളി, കായം, കടുക്, ഇവകൾ വജ്ജ്യം.

## രസപുഷ്പഭസ്മം

രസപുഷ്പം പലം ൧. ശങ്കപടിതാരം പലം ൧ പൊ ടിച്ചു് രസപുഷ്പവുമായി യോജിപ്പിച്ചു് വെടിയുപ്പു ദ്രാവകം ഒഴിച്ചു് ഏഴുനാഴികനേരം അരച്ചു് വില്ലതട്ടി ഉണക്കി ചട്ടി യിൽ ആക്കി രണ്ടുയാമം എരിക്കണം. മേൽ ചട്ടിയിൽ പ ററിയിരിക്കുന്ന ഭസ്മം ചുരണ്ടി എടുത്തുകൊള്ളണം. (അടി ച്ചട്ടിയിലിരുപ്പുള്ളതുകൊണ്ടുള്ള പ്രയോഗം പ്രത്യേകം പറ യുന്നതാണു്.

ചീനക്കാരം പൊരിച്ചു് പൊടിച്ച പൊടി പലം ൧. പതങ്കഭസ്മം പലം ൧. എരുക്കിൻപാൽ വിട്ടുമുറിച്ച മുട്ട യുടെ വെള്ളക്കരുവുകൊണ്ടു് ഏഴുനാഴിക അരച്ചു് ഉണക്കി ചട്ടിയിലാക്കി മേൽചട്ടിമൂടി ക്രമമായി രണ്ടുയാമം എരിക്ക ണം. മേൽ ചട്ടിയിൽ പതങ്കം പററാതിരിക്കുന്നതാണു് ഇ തിന്റെപാകം അല്പകാരം പററാതിരിക്കുന്നതുവരെ അരപ്പും എരിപ്പും ആവത്തിച്ചുകൊള്ളണം. മേൽ ചട്ടിയിൽ പററി

യ മരുന്നിനെ അടിച്ചുട്ടിയിൽ ഉള്ള മരുന്നോടുചേൎത്ത് ഓരോ പ്രാവശ്യവും അരച്ചുകൊള്ളണം. മാത്രയൊരു കുന്നിയിട. അനുപാനം തേൻ. എണ്‍പത്തിനാലുതരം വാതം, വാതശൂല, അന്ത്രവായു, വൃഷണവീക്കം, പിത്തം, ലിംഗപ്പുററു്, പിത്തപ്പുണ്ണ്, പറങ്കിപ്പുണ്ണ്, കണ്ഠമാല, മഹോദരം, കുഷ്ഠം, കരിങ്കുഷ്ഠം, ക്ഷയം, സോമരോഗം ഇത്യാദികൾ തീരും. ശരീരശ്ശുദ്ധിയും ബലവും ഉണ്ടാകും. ഉപ്പ്, നല്ലെണ്ണ, മദ്യം, മാംസം, പുളി മത്തങ്ങ ഇത്യാദികൾ വൎജ്ജിക്കണം. ചമ്പാവുനെല്ലിന്റെ ചോറല്ലാതെ മററു നെല്ലിന്റെ ചോറുപയോഗിച്ചുകൂടാ. പാലും കല്ക്കണ്ടും ഉപയോഗിക്കാം.

നോട്ട്:—ആദ്യമായി എരിച്ചതിൽ കിട്ടുന്ന പതംകം മാത്രമാണ് എടുത്തു പ്രയോഗിക്കേണ്ടത്. അടിച്ചുട്ടിയിൽ കിടപ്പുള്ളത് ശിങ്കിയിലെ ഈയസത്വമാണ്. ഇതിനെ കററാർവാഴനീരൊഴിച്ച് രണ്ടുയാമം അരച്ച് വില്ലതട്ടി ഉണക്കി ഇരുപതു വറളിയിൽ സ്ഫുടം ഇടണം. ഇപ്രകാരം പത്തു സ്ഫുടം ചെയ്തുകൊള്ളണം. വങ്കസിന്ദൂരത്തിനുള്ള ഗുണം ഇതിനും ഉണ്ടു്. വങ്കം കൊടുക്കേണ്ട രോഗങ്ങൾക്ക് ഇതും കൊടുക്കാം.

## രസപുഷ്പസിന്ദൂരം.

രസപുഷ്പം, പരന്ന പിഞ്ഞാണിയിൽ ആക്കി ഉമിത്തീയിൽ വെച്ച് കണ്ണാടിക്കമ്പികൊണ്ടു് ഇളക്കി ഒരു യാമം വറുക്കണം. പിന്നീടു് അറി എടുത്ത് കുഴിയമ്മിയിലിട്ടു് ഒരു യാമം വെടിയുപ്പ് ദ്രാവകം ഒഴിച്ച് അരച്ച് കുപ്പിയിലാക്കി വാലുകായന്ത്രത്തിൽ വെച്ച് പന്ത്രണ്ടു യാമം എരിച്ചെടുത്തുകൊള്ളണം. വീണ്ടും ആ മരുന്നിനെത്തന്നെ ദ്രാവകം ഒഴിച്ച് ഏഴു നാഴികനേരം അരച്ച് ഉണക്കി മുൻ

പോലെ വറുത്തു് ദ്രാവകം ഒഴിച്ചരച്ചുണക്കി കുപ്പിയിലാക്കി വാലുകയിൽ മുൻപോലെ പന്ത്രണ്ടു തവണ എരിക്കണം. ഇപ്രകാരം അരച്ചു് ആവത്തനം ചെയ്യണം. ശുദ്ധിചെയ്ത നാഗം പലം ൧. തങ്കം പലം ൧. രണ്ടും ഉരുക്കി യോജിപ്പിച്ചു പൊടിയോടുകൂടി ഒരു പലം രസപുഷ്പസിന്ദൂരവും കൂടി ചേർത്തു് വെടിഉപ്പു ദ്രാവകം ഒഴിച്ചു് ഏഴു നാഴികനേരം അരച്ചുണക്കി കുപ്പിയിലാക്കി വാലുകയിൽ വെച്ചു് പന്ത്രണ്ടു യാമം എരിച്ചെടുത്തുകൊള്ളണം. സിന്ദൂരം മുരുക്കിൻപൂ നിറമായിരിക്കും. മാക്കണ്ഡേയസിന്ദൂരത്തിനുള്ള രീതി അനുസരിച്ചു സേവിച്ചുകൊള്ളണം.

## മാക്കണ്ഡേയസിന്ദൂരം.

രസപുഷ്പം ദ്രാവകം ഒഴിച്ചരച്ചുണക്കി കുപ്പിയിലടച്ചു് വാലുകയിൽ വെച്ചു് അറുപതു നാഴിക എരിക്കണം. ഇപ്രകാരം ആറു പ്രാവശ്യം അരച്ചുണക്കി എരിച്ചെടുക്കണം. ഇതിനെ വീണ്ടും ദ്രാവകം ഒഴിച്ചു് രണ്ടു യാമം അരച്ചുണക്കി വെച്ചുകൊള്ളണം. ശുദ്ധിചെയ്ത നാഗം ഉരുക്കി അതിൽ തങ്കം ചേക്കുമ്പോൾ രണ്ടും പൊടിഞ്ഞുപോകും. അതും ഇരിക്കണം.

ഈ രസപുഷ്പസിന്ദൂരം എട്ടുപങ്കു്, നാഗതങ്കപ്പൊടി രണ്ടു പങ്കു്, എല്ലാം യോജിപ്പിച്ചു് ദ്രാവകം ഒഴിച്ചരച്ചു് ഉണക്കി വാലുകയിൽ എരിക്കണം. ഇപ്രകാരം ആറു പ്രാവശ്യം എരിക്കണം. പിന്നീടു് അതിനെ ദ്രാവകം ഒഴിച്ചു് അരച്ചു് നാലുദിവസം നിഴലിലുണക്കി പിന്നീടു വെയിലത്തുണക്കി കുപ്പിയിലടച്ചു് വാലുകയിൽ ആറുനാഴിക ഒന്നായി എരിക്കണം. പിന്നീടും അതിനെത്തന്നെ ദ്രാവകം ഒഴിച്ചരച്ചുണക്കി അഞ്ചു പ്രാവശ്യം എരിക്കണം. സിന്ദൂരം അരുണനിറമാകും. ഒരു കുന്നിയിടവീതം പശുവിൻ പാലിൽ

സേവിക്കുന്നവർ മാർക്കണ്ഡേയനെപ്പോലെ ചിരംജീവിയാ യിരിക്കുമെന്നു ശാസ്ത്രം. സൎവ്വരോഗങ്ങൾക്കും കൊടുക്കാം.

രസം ബന്ധിച്ചും പതംകരൂപമാക്കിയും രസം പുഷ്പരൂപമാക്കിയും അഗ്നിക്കു ബലപ്പെടുത്തി സിന്ദൂരം ചെയ്യാനുള്ള ക്രമമാണ് ഈ അദ്ധ്യായത്തിൽ വിസ്തരിച്ചിട്ടുള്ളത്. ഇനി സാമാന്യവിധിയിൽ പെട്ട ചില യോഗങ്ങളെ കാണിക്കാം.

---

## പടലം ൯.

### രസസിന്ദൂരം സാമാന്യവിധി.

### കാളമേഘനാരായണസിന്ദൂരം.

ബാലരസം കഴഞ്ചു ൧൦. കുപ്പിവെയ്പുചായില്യം കഴഞ്ചു ൧൪. ശുദ്ധിചെയ്ത അരിതാരം കഴഞ്ചു ൧൦. ശുദ്ധി ചെയ്ത ഗന്ധകം കഴഞ്ചു ൧൫. ശുദ്ധിചെയ്ത മനശ്ശില കഴഞ്ച് ൪. ഇവകളിൽ രസം ഒഴികെ ശേഷം മരുന്നുകൾ എല്ലാം ഒന്നായിട്ടു പൊടിച്ചു ഒടുവിൽ രസവും ചേൎത്തു കഫകുലാന്തക ദ്രാവകം (ദ്രാവകപ്പടലത്തിൽ വിസ്തരിക്കുന്നതാണ്.) ഒഴിച്ചു നാലു യാമം അരച്ചുണക്കി പൊടിച്ചു കുപ്പിയിലാക്കി കുപ്പിവായ്ക്കു ചെങ്കൽകൊണ്ടു അടപ്പുണ്ടാക്കി അടച്ചു കുപ്പി ശീലചെയ്തുണക്കി വാലുകായന്ത്രത്തിൽവെച്ച് ക്രമപ്രകാരം പന്ത്രണ്ടു യാമം തീ എരിക്കണം. കുപ്പിയുടെ അടപ്പു തുറന്നു ഇരിമ്പുകമ്പിയിട്ടു സിന്ദൂരം പരീക്ഷിച്ചു നോക്കിയാൽ നിറം കണ്ടില്ലായെങ്കിൽ കൂടുതലായി രണ്ടു യാമംകൂടി ഗാഢാഗ്നിയിൽ എരിക്കണം. പിന്നീടു ആറി എടുത്തു കുപ്പിയുടച്ച് കുപ്പിയുടെ അടിയിൽ ഇരിക്കുന്ന തളസിന്ദൂരം എടുത്തു പൊടിച്ചു സൂക്ഷിച്ചുകൊള്ളണം.

എരിക്കുന്നതിനു അവരം വിറകു ഏറെ നന്ന്. കിട്ടാത്ത പക്ഷം കൊത്തമ്പും ഉപയോഗിച്ചുകൊള്ളാം. സിന്ദൂരം കൊടുക്കേണ്ടും ക്രമം:- കണ്ടകാരി, ആടലോടകം, തുളുവള ഇതുകളുടെ ഇല ഓരോ പിടിവീതം അവിയിൽ പചിച്ച് നീരെടുത്ത് നീരിനു ഒന്നുപകുതി തേനും സ്വല്പം ത്രികടുക പൊടിയും ഒരു മഞ്ചാടിത്തൂക്കം സിന്ദൂരവും ചേൎത്തു മട്ടിച്ചു സേവിക്കണം. ജ്വരകാസം, ശ്വാസകാസം, മന്ദാരകാസം, മാറും. എലികടി, അഗ്നിമാന്ദ്യം ഇതുകൾക്കും സന്നിക്കും തിപ്പിലി വറുത്തുപൊടിച്ചു ആ പൊടിയിൽ തേനും ഒരു പണമിട സിന്ദൂരവും ചേൎത്തു കൊടുക്കണം. ഒരു മണ്ഡലം സേവിച്ചാൽ പുണ്ണുകൾ, കുഷ്ഠം, കടിവിഷം, കഫാലച്ചൂട്, കഫാലവ്രണം, ചൊറി, ചിരങ്ങ്, നെഞ്ചുവേദന, പീനസം, കണ്ണുരോഗം, ഇവകളും തീരും. ശരീരബലം വൎദ്ധിക്കും. വെളുത്തുള്ളി തൈലത്തിൽ അറുനേരം പണവിട വീതം കൊടുത്താൽ വാതരോഗം, സന്നി ഇവ തീരും. വെളുത്തുള്ളി, ഓമം, ചുക്കു, മുളകു് ഇവ സമം വറുത്തു പൊടിച്ചു മുരിങ്ങപട്ടനീരിൽ കുഴച്ചു പണവിട സിന്ദൂരം ചേൎത്തു നാല്പത്തുനാൾ സേവിച്ചാൽ മുഖവാതം, പക്ഷവാതം, ഈ വക രോഗങ്ങൾ മാറും, അനുപാനവിശേഷത്താൽ നാനൂററില്പരം വ്യാധികൾ ശമിക്കും.

## ചണ്ഡമാരുതസിന്ദൂരം.

ബാലരസം പലം ൧. ഗന്ധകംപലം ൧. ഗന്ധകം പൊടിച്ച് രസവുംതമ്മിൽ യോജിപ്പിക്കണം. കററാർവാഴ നീരിൽ മൂന്നു ദിവസം അരയ്ക്കണം. അതിന്റെശേഷം അരയാലിൻപട്ട വെട്ടിയെടുത്തു പുറത്തെ തൊലി ചുരണ്ടിക്കളഞ്ഞ് ചതച്ചു കുടുക്കാപ്പൊടി ചേൎത്തു തിരുമ്മി വച്ചിരുന്നു ഊറുന്ന ജലം ഒഴിച്ചു ഒരു ദിവസം അരച്ച് ഉണക്കണം. പിന്നീടു പൊടിച്ചു ക്രമപ്രകാരം കുപ്പിയിലാക്കി ചെങ്കല്ലു കൊണ്ട് അടപ്പിടണം.

കരിമണ്‍, വെള്ളാരംപാറക്കല്‍, ഉമിക്കരി, പൂത്തൊട്ട്, കടുക്കാത്തൊട്ട ഇവ നല്ലതുപോലെ പൊടിച്ചു കടുക്കാനീരില്‍ അരച്ചു ശീലയില്‍ തേച്ചു കുപ്പിക്കു ഏഴു ശീല ചെയ്യണക്കിക്കൊള്ളണം. കുപ്പിയില്‍ പചിക്കേണ്ടും മുറകളില്‍ ഈവിധം ആചരിക്കണം.

കടുക്കാപ്പൊടി, കളിപ്പാക്കു, ഉപ്പു കളിമണ്‍, കരിങ്കല്‍പ്പൊടി, കരിവേപ്പല്‍പശ, പൊന്‍മെഴുകു, വെള്ളാറം പാറപ്പൊടി ഇവ കോഴിമുട്ട മഞ്ഞക്കരുവു ചേത്തരച്ചു പിന്നീടു ചെറുനാരങ്ങാപ്പുളി ചേത്തരച്ചു മെഴുകുപതമാക്കി കുപ്പിയുടെ അടപ്പുസന്ധികളും അടപ്പും പൊതിഞ്ഞുകൊള്ളണം. പ്രത്യേകം വിധിച്ചിരുന്നാല്‍ മാത്രമെ ഇതു ആചരിക്കേണ്ടു.

മേല്പറഞ്ഞ മരുന്നും കുപ്പിയും വിധിപ്രകാരം ശരിപ്പെടുത്തി വാലുകായന്ത്രത്തില്‍ വച്ചു ഒരുയാമം ദീപാഗ്നി, രണ്ടുയാമം കമലാഗ്നി, ഇരുപത്തൊന്നുയാമം ഗാന്ധാഗ്നി ഈവിധം എരിച്ചുകൊള്ളണം. എരിക്കുമ്പോള്‍ കുപ്പിവായില്‍കൂടി മരുന്നുരുകി പുറത്തു വരുന്നതായിരുന്നാല്‍ കററാര്‍വാഴച്ചോററു കിഴികെട്ടി ആ കിഴികൊണ്ടു സിന്ദൂരം പാകമാകുന്നതുവരെ കുപ്പിവായില്‍ അമത്തികൊടുത്തുകൊള്ളണം. ഈ മരുന്നു പാകമായി എടുക്കുന്നതുവരെ വൈദ്യന്‍ ഈശ്വരധ്യാനനിഷ്ഠനായിരിക്കുന്നതുകൂടാതെ സാധുക്കള്‍ക്കു അന്നദാനം ചെയ്കയും വേണം.

നേരം ൧-ക്കു പണവിടവരെ കൊടുക്കാം. അനുപാനം—ത്രികടുക പൊടിയില്‍ തേനും സിന്ദൂരവും ചേത്തു ഒരു മണ്ഡലം സേവിച്ചാല്‍ സവ്വവാതവ്യാധികളും നീങ്ങും. ഒരു കഴഞ്ചു ചീനപ്പാവു പൊടിയും മുക്കാല്‍കഴഞ്ചു തിപ്പലിപൊടിയും തേനില്‍കുഴച്ചു സിന്ദൂരവുംചേത്തു നാല്പതുനാള്‍ സേവിച്ചാല്‍ ഗ്രഹണി, പിടക, കഠിനവ്രണങ്ങള്‍

Since 1923

ഇവകൾതീരും. വെള്ളുത്തുള്ളിതൈലത്തിൽ സേവിച്ചാൽ സന്നിതീരും. പൊന്നാവരതൈലത്തിൽ മൂത്രരോഗങ്ങളും പ്രമേഹരോഗങ്ങളും തീരും. ജീരകപ്പൊടിയും വെണ്ണയും ചേൎത്തു അതിൽസേവിച്ചാൽ ശൂലവായു മാറും. ഗോമൂത്രം, ആട്ടിൻമൂത്രം ഇവകളിൽ സേവിച്ചാൽ ബുദ്ധിഭ്രമം തീരും. മുത്തങ്ങാക്കിഴങ്ങു പൊടിയിൽ ഇരുപത്തനാൾ സേവിച്ചാൽ ശരീരത്തിനു വളരെ സൌന്ദൎയ്യംഉണ്ടാകും. ശരീരബലം വൎദ്ധിക്കയുംചെയ്യും. ചെറുനാരങ്ങാപ്പുളിയിൽ സേവിച്ചാൽ ജ്വരംതീരും. പുളിയിലച്ചാററിൽ ശോഭംതീരും. രോഗത്തിനുതക്ക അനുപാനത്തോടുകൂടി കൊടുത്താൽ വ്യാധികൾ മാറി ശരീരസുഖം ഉണ്ടാകും.

## സൎവ്വഗുണരസം.

ബാലരസം പലം ൩. ഗന്ധകം പലം ൧൪. കുപ്പമേനിച്ചാററിൽ ഒരുയാമവും കൊടുമ്പ, ചെമ്പുള്ളി ഇവകളുടെ ചാററിൽ എട്ടുയാമവും വീതം അരച്ചുണക്കി മുറപ്രകാരം കുപ്പിയിലാക്കി കുപ്പിവായടച്ചു വാലുകയിൽവച്ചു ക്രമപ്രകാരം ഇരുപതുയാമം എരിച്ചുകൊള്ളണം. അരുണനിറമായിരിക്കും. അനുപാനവിശേഷത്താൽ പലരോഗങ്ങളും മാറും. മാത്ര ഒരുപണവിടവരെ കൊടുക്കാം.

## ജീവനാരായണസിന്ദൂരം.

ബാലരസം കഴഞ്ച് ൩൦. ഗന്ധകം കഴഞ്ച് ൧൫. അരിതാരം കഴഞ്ച് ൨. ചാൎവ്വാഗ്യം കഴഞ്ച് ൨. ഇവകളെ എരിക്കിൻപാൽ, മാതളച്ചാർ, ചെമ്മുള്ളിച്ചാർ ഇവകളിൽ ഓരോയാമം വീതം അരച്ചുകൊള്ളണം. പിന്നീടു മാതളംപൂച്ചാററിൽ രണ്ടുയാമവും മുരുക്കിൻപൂച്ചാററിൽ രണ്ടുയാമവും അരച്ചുണക്കി കുപ്പിയിലാക്കി ഇരുപത്തിയൊന്നു

യാമം എരിക്കണം. എരിക്കിൻപൂ നിറമായിരിക്കും. അനുപാനവിശേഷത്താൽ സർവരോഗങ്ങളും ശമിക്കും. കാളമേഘനാരായണ സിന്ദൂരത്തിനുള്ള ഗുണത്തോടു തുല്യം തന്നെ.

## പ്രമേഹരസം.

ബാലരസം പലം ൧. ഗന്ധകം പലം ൧. കടലാടിയുപ്പു പലം ൬. ഗന്ധകവും ഉപ്പും പൊടിച്ചു യോജിപ്പിച്ച് ഒരു താമ്രഡപ്പിയിൽ ഒന്നു പകുതിയിട്ടു അതിന്മേൽ ഒരു കഴഞ്ചു ഇന്തുപ്പു പൊടിച്ചിട്ട് നടുവിൽ രസം ഒഴിച്ചു അതിനുമേൽ ബാക്കി പൊടിയിട്ടു മേൽ മൂടികൊണ്ടു അടച്ചു ഇരിമ്പു കമ്പികൊണ്ട് കെട്ടി കുക്കുടസ്പുടമിടണം. സിന്ദൂരമായിരിക്കും. മാത്ര ഒരു പണവിടവരെ കൊടുക്കാം. പൊന്നവരവിത്തു ഉണക്കിപൊടിച്ചു പൊടിയും വിളാംപിശനം തമ്മിൽ യോജിപ്പിച്ചു തേനിൽ കുഴച്ചു അതിൽ സിന്ദൂരം ഉപയോഗിച്ചു കൊള്ളണം. പ്രമേഹം, യോനിപ്പുറവ, യോനിക്കകത്തുള്ള വ്രണങ്ങൾ, ലിംഗരോഗങ്ങൾ ഇവകൾ മാറും.

## ത്രിപുരതാണ്ഡവസിന്ദൂരം.

ബാലരസം പലം ൩. ഗന്ധകം പലം ൨൬. ചെമ്മുന്തി നീരിൽ ഒരു ദിവസം അരച്ച് പിന്നീട്ടു ചെറുപുള്ളടി നീരിൽ ഒരു നാൾ അരച്ചുകൊള്ളണം. പിന്നീട്ടു മാതളംപൂച്ചാററിൽ മൂന്നുനാൾ ചെമ്പരത്തിപ്പൂച്ചാററിൽ മൂന്നുനാൾ ഇപ്രകാരം അരച്ചുണക്കി ക്രമപ്രകാരം കുപ്പിയിലാക്കി അടപ്പിട്ട് മുൻ പറഞ്ഞമരുന്നു കൊണ്ടു അടപ്പിന്റെ സന്ധികളും അടപ്പും മൂടി വാലുകായന്ത്രത്തിൽ വച്ച് ൨൪ യാമം എരിക്കണം. കുപ്പിവായിൽ കൂടി മരുന്നു വെളിക്കു വരുന്ന

തായാൽ ചണ്ഡമാരുതസിന്ദൂരത്തിന്ന പറഞ്ഞ കിഴി കൊണ്ടമത്തിക്കൊട്ടക്കണം. ത്രികട്ടുകപ്പൊടിയും തേനും ചേൎത്തു ഒരു പണവിടവീതം ൨൦ നാൾ സേവിച്ചാൽ ശരീരബലമുണ്ടാകും. വാതം,പിത്തം പക്ഷാഘാതം,ഭഗന്ദരം,മൂത്രരോഗം, ഗ്രന്ഥികൾ, ഇവകൾക്കു തക്കതായ അനുപാനത്തോട്ടു ചേൎത്തു കൊടുത്താൽ അതാതു വ്യാധികൾ ശീഘ്രം തീരും. വെള്ളുള്ളി തൈലത്തിൽ കൊടുത്താൽ സന്നി മാറും. ഭൃംഗനാഗം, മിശിറും മുട്ട, മുലപ്പാൽ ഇതുകളുടെ രസത്തിൽ കൊടുത്താലും സന്നികൾ വിട്ടു പോകും. ത്രികട്ടുകപ്പൊടി, ഇഞ്ചിനീരിൽ കുഴച്ചു തേനും ചേൎത്തു അതിൽ പണവിട സിന്ദൂരം വച്ചു എട്ടു നാൾ സേവിച്ചാൽ ക്ഷയം അഗ്നിമാന്ദ്യം ഇത്യാദികൾ തീരും. കൂവളത്തിലച്ചാററിൽ കൊടുത്താൽ പ്രസവിച്ച സ്ത്രീകളുടെ യോനിയിംകലുള്ള ദോഷകോപങ്ങൾ മാറും. വ്യാധികൾക്കു തക്കതായ അനുപാനം ചിന്തിച്ച് അതാതുകളിൽ ചേൎത്തു കൊടുത്തു കൊള്ളണം.

## രസകൎപ്പൂരം (ക)

ബാലരസം പലം ൨. പച്ചമഞ്ഞൾ ചാററിൽ രണ്ടുയാമം അരച്ചുണക്കണം പിന്നീട്ടു ഉണക്കമഞ്ഞൾ കഷായത്തിൽ രണ്ടുയാമം അരച്ചുണക്കണം. പിന്നീട്ടു മഞ്ഞളിന്റെ ഇലയിൽപൊതിഞ്ഞുകെട്ടി ഉണക്കമഞ്ഞകൾകഷായത്തിൽ ഒരുയാമം ഡോള കെട്ടി പചിക്കണം. പിന്നീട്ടു ചെറുനാരങ്ങാപ്പുളിയിലും അങ്കോല വേരുമ്മേൽ തൊലിയുടെ രസത്തിലും ഓരോ യാമം അരച്ചുണക്കണം, പിന്നീട്ടു രണ്ടു പലം ചീനക്കാരം കൂട്ടി ചേൎത്തു മഞ്ഞൾ ചാററിൽ രണ്ടുയാമം അരച്ചുണക്കി കുപ്പിയിലാക്കി കുപ്പിക്കു അടപ്പിട്ടു കളിമണ്ണു കൊണ്ടു സന്ധികൾ അടച്ചു വാലുകായന്ത്രത്തിൽ പചിക്കണം. പന്ത്രണ്ടുയാമം പചിച്ചതിൽ പിന്നീട്ടു അറിയെടുത്തു കുപ്പിയിൽ നിന്നും ഔഷധം എടുത്തു സൂക്ഷിക്കണം.

ത്രികടുക് പൊടിയിൽ ഒരു പണവിട കർപ്പൂരം ചേർത്തു തേനം കൂട്ടി മർദ്ദിച്ചു കൊടുക്കുന്നതായാൽ പത്തു ദിവസത്തെ സേവ കൊണ്ടു അഷ്ടഗുന്മം, വാതരോഗം, മഹോദരം, പുണ്ണുകൾ, ഗ്രന്ഥികൾ, ചൊറി, ചിരങ്ങ്, ചൊറിക്കഷ്ണം, പതകരി, നയനവ്യാധി ഇവകൾ തീരും.

## രസകർപ്പൂരം (൨)

കറിയുപ്പു ണക്കി പൊടിച്ചു പൊടി രണ്ടിടങ്ങഴിയോളം ഒരു ചട്ടിയിൽ നിരത്തി അതിനുപരി ചെങ്കൽ പൊടി നിരത്തി മദ്ധ്യേ കുഴിച്ചു രണ്ടു പലം ബാലരസം ഒഴിച്ചു മേൽ ചട്ടിമൂടി ഏഴുശീലമൺ ചെയ്തുണക്കി തൊണ്ണൂറുനാഴികനേരം തിഎരിക്കണം. മേൽ ചട്ടിയിൽ പററിയിരിക്കുന്ന കർപ്പൂരം ചുരണ്ടി എടുത്തുസൂക്ഷിക്കണം. ഒരു നേരത്തേക്കു അരപ്പണവിടവരെ ൧-നാൾകൊടുക്കണം. ഗ്രന്ഥി, ഗുന്മം, ചുട്ടവാതം, ശൂലം, കുഷ്ഠം, ചൊറി, നേത്രരോഗം, ഇത്യാദികൾ ഉടനെ മാറും. പുളി, പുകയില, മദ്യം, മാംസം, മത്സ്യം, കടുകു, കായം, ഉള്ളി, വാഴക്കായ്, കുമ്പളങ്ങ ഇവകൾ തള്ളണം. ഇന്തുപ്പു ചെറുപരിപ്പു, കുരുമുളകു, ജീരകം, പാൽ, ചോറു ഇവ ഉപയോഗിക്കാം.

നോട്ട്:—ഇതു ഊദ്ധ്വഭസ്മമാകുന്നു. ഉള്ളിൽ കൊടുപ്പാനുള്ള ഊദ്ധ്വഭസ്മം അഗ്നിയിൽ അധികനേരം പാകംവരേണ്ടതാണ്. അതിനാൽ 60 നാഴികമുതൽ 120 നാഴികവരെ എരിക്കുന്നതായാൽ ഗുണം കൂടുന്നതുമാത്രമല്ലാ മാത്ര കുറച്ചുകൊടുത്താൽ മതിതാനും. എരിച്ചെടുത്ത ഉടനെ സേവിപ്പിക്കരുത്. ഒരു ദിവസംമുഴുവൻ മുലപ്പാലിൽ അരച്ചുണക്കിയതിൽ പിന്നീടു മാത്രമെ സേവിക്കാവൂ. ചിലക്ക് വാകെട്ടുണ്ടാകും. പാലിൻെറ കുറവുനിമിത്തവും ഉ

രത്തിലുള്ള മലക്കെട്ടിനാലുമാണ് വാകെട്ടുന്നതു്. അതിലേക്കു കരിവേലംപട്ടകൊണ്ടുള്ള കഷായം കൊണ്ടു കവിൾക്രിയ ചെയ്തുകൊള്ളണം.

---

## പടലം ൧൦

### വേപ്പുലക്ഷണം

രസക്രിയക്കു വേപ്പു വിശേഷപ്പെട്ടതും സകല ജനങ്ങൾക്കും ലാഘവത്തിൽ ലഭിക്കുന്നതുമാണ്. വേപ്പിൽ അര്യവേപ്പ്, ശക്കരവേപ്പ് ഇങ്ങിനെ രണ്ടിനമാണ് രസക്രിയകൾക്കു വിശേഷമായിട്ടുള്ളതു്. അര്യവേപ്പിന്റെ ഇല കയ്ക്കും. ശക്കരവേപ്പിന്റെ ഇലയ്ക്കു കയ്പുരസമില്ല മധുരരസമാണുള്ളതു്. അര്യവേപ്പിൻ രസത്തിൽ രസം ഭസ്മമാകും. ശക്കര വേപ്പിൻ രസത്തിൽ രസം ബന്ധിക്കും. നാഗം, പുകയടങ്ങി ബന്ധിക്കപ്പെടും. ശക്കര വേപ്പു മുറ പോലെ സേവിക്കുന്നതായാൽ ശരീരശുദ്ധിയും രോഗനാശവും ഉണ്ടാകുന്നതുകൂടാതെ ദീർഘായുസ്സും ഉണ്ടാകും.

## ആര്യവേപ്പിൻ പ്രയോഗം.

ആറു സംവത്സരത്തിൽ കുറയാതെ വളരെ പഴക്കം ചെന്ന വേപ്പിന്റെ ഇല അറുപതു റാത്തൽ ശേഖരിച്ചു അഞ്ചു മൺ പാനയിലാക്കി പലത്തിനു ഓരിടങ്ങഴി വെള്ളം ഒഴിച്ചു് കഷായം സൂക്ഷ്മം എട്ടിലൊരു ഭാഗമായി വററി വന്നാൽ ഇറക്കിവച്ചുകൊള്ളണം. അനന്തരം ഓരോ പാനയിലെ കഷായവും അരിച്ചെടുത്തു ഒരു പാനയിലാക്കി നാലുപലം ബാലരസം കിഴികെട്ടി കഷായത്തിലിട്ടു പചി

ക്കണം. ചെറിയ തീയായി എരിക്കണം. കഷായം കുഴമ്പു പതമായാൽ രസം അതിൽനിന്നും എടുത്തുകൊള്ളണം. ഈ രസത്തിൽനിന്നും ഒരു പലം കുഴിയമ്മിയിലിട്ടു ഇടവിടാതെ എട്ടു യാമം കഷായക്കുഴമ്പു ചേത്തരച്ചു മെഴുകാക്കണം. മെഴുകാകുന്നതുവരെ അരപ്പു നിറുത്താതെ ബലമായി അരച്ചുകൊള്ളണം. ഈ മെഴുകു സൂര്യരശ്മിയിൽ വച്ചാൽ ഉരുകും. ഇതാണു് പരീക്ഷ. ഈ മെഴുകിനു രസേന്ദ്ര നവനീതമെന്നു പേരുപറഞ്ഞുവരുന്നു. ഈ മെഴുകു് ഒരു മഞ്ചാടിവരെ കൊടുക്കാം. കരുപ്പുകട്ടിയിലും ത്രികടുകു പൊടി തേനിൽ കുഴച്ചു അതിലും വെററില അരച്ചുരുട്ടി അതിലും കൊടുക്കാം. ഗുന്മം ൮, ശൂല ൰൮, മേഹം ൨൰, ഗ്രന്ഥി, അരയാപ്പു, പുണ്ണുകൾ, പുററുകൾ, പിടക, സവ്വവിധ വാതരോഗങ്ങൾ, കണ്ഠമാല, കണ്ണപ്പുററു്, കവിൾപ്പുററു്, കഫാലപ്പുററു്, കുഷ്ഠം, മൂലവ്യാധി, അങ്കുരം, ഭഗന്ദരം, അന്ത്രവായു, യോനിരോഗം, ലിംഗപ്പുററു്, അന്ത്രവീക്കം എന്നിത്യാദി രോഗങ്ങൾ മാറും. നാലു അല്ലെങ്കിൽ ആറു അല്ലെങ്കിൽ എട്ടുനേരം വരെ ഉചിതംപോലെ കൊടുത്തുകൊള്ളണം. ആദിയിങ്കൽ മലശോധന ധാരാളം ഉണ്ടാകും. രണ്ടാം ദിവസംമുതൽ അതുണ്ടാകയില്ല.

## രസേന്ദ്ര നവനീതപ്രയോഗം (൨)

തേങ്ങാപ്പാൽ ഇടങ്ങഴി ൨. വെങ്കായച്ചാർ ഇടങ്ങഴി ൧. കഴച്ചിയിലച്ചാർ ഇടങ്ങഴി ഒന്നു്. ഇവ മൂന്നും ഒന്നിച്ചു് കമലാഗ്നിയിൽ വററിച്ചു മെഴുകാക്കി അതിനുസമം രസനവനീതം കാൽ പലം ശുദ്ധിചെയ്തു് നേർവാളപ്പരിപ്പും ചേത്തു അരച്ചു യോജിപ്പിച്ചു സൂക്ഷിച്ചുകൊള്ളണം. തേനിൽ കുന്നിയിടവീതം ഏഴുനേരം കൊടുക്കാം. ശൂലരോഗം വാതം, രക്തത്തുടിപ്പു്, ക്ഷയം, കാസം, പിത്തം, രക്തസ്രാവം, അപസ്മാരം, ഗുന്മം, പിടക, വീക്കം, കണ്ഠമാല, നെഞ്ചുശൂല, കവിൾവാപ്പു്, വായുക്ഷോഭം, വൃദ്ധിരോഗം ഇവകൾ തീരും.

## രസേന്ദ്ര നവനീതപ്രയോഗം (൩)

ഈരുള്ളിച്ചാർ ഇടങ്ങഴിൽ. കഴച്ചിയിലച്ചാർ ഇടങ്ങഴിൽ. ചിററാവണക്കെണ്ണ ഇടങ്ങഴിൽ. ശുദ്ധിചെയ്ത നേർവാളപ്പരിപ്പ് പലം ൬. രസേന്ദ്രനവനീതം പലം ഒന്ന്. എല്ലാം ഒന്നിച്ചരച്ച് ആവണക്കെണ്ണയിൽ കലക്കി കാച്ചി മെഴുകുപതത്തിൽ അരിച്ചു സൂക്ഷിക്കണം. മേൽ വിവരിച്ച വ്യാധികൾക്കു മൂന്നു തുള്ളിവീതം കൊടുക്കണം.

## രസേന്ദ്ര നവനീതപ്രയോഗം (൪)

നവനീതം പലം ൧. ശുദ്ധിചെയ്ത നേർവാളം പലം ൧. പെരുങ്കായം പലം ൧. ശിവതപലം ൧. ചുക്കു പലം ൧. മുളകു പലം ൧. ഇവയെല്ലാം ഒന്നിച്ചു പൊടിച്ച് ഒടുവിൽ നവനീതവും ചേർത്തു വേപ്പിലക്കഷായം ഒഴിച്ചരച്ചു മെഴുകാക്കി ഭരണിയിൽ സൂക്ഷിക്കണം. മഞ്ചാടിപ്രമാണം തേനിൽ ആറു അല്ലെങ്കിൽ എട്ടുനേരം സേവിച്ചാൽ മേൽ പറഞ്ഞ വ്യാധികൾ ശമിക്കും. പാൽ, അന്നം, ചെറുപരിപ്പ്, നെല്ലിക്കാ ഉപ്പിലിട്ടത്, കുരുമുളക്, ജീരകം, മുരിങ്ങക്കാപ്പിഞ്ച്, ഇന്തുപ്പ് ഇവകൾ ഉപയോഗിക്കാം. ഉപ്പു വളരെ ചുരുക്കണം. രോഗിയെ ഒരാവർത്തി നാലുദിവസം എട്ടുനേരം സേവിപ്പിക്കണം. ശരീരബലത്തിനു തക്കവാറു കൊടുക്കണം. പിന്നീടു കുറേ ദിവസം കഴിഞ്ഞു സേവിപ്പിക്കാം. സേവിക്കുന്ന നാളുകളിലും മറുപഥ്യനാളുകളിലും സ്നാനം വർജ്ജിക്കണം. മറുപഥ്യം കഴിഞ്ഞു കുളിക്കാമെങ്കിലും, ചൂടുവെള്ളത്തിലാണ് ആദ്യമായി കുളിക്കേണ്ടതു്.

## യോഗരസഭസ്മം.

Since 1923

രസപതംഗം പലം ൧. വേപ്പിലനീരിലിലുണക്കി ഭാവിപ്പിച്ചു ചാമ്പൽ ജലത്തിൽ കലക്കി തെളിവെടുത്തു കാച്ചി

വററിച്ച ഉപ്പു പലം ൧. രണ്ടും ഒന്നിച്ചു ചീനക്കാരം ദ്രാവകം ഇറക്കി ആ ദ്രാവകം ഒഴിച്ചു ൧൰ യാമം അരച്ചു കുപ്പിയിൽ ആക്കി വാലുകായന്ത്രത്തിൽ ൨൧ യാമം എരിച്ചെടുത്തുകൊള്ളണം. കുന്നിയിടവീതം വെറ്റിലച്ചുണ്ണത്തിൽ നെയ്യും തേനും കലൎന്നു സേവിക്കാം. നൂറു സംവത്സരത്തിനു മേൽ പഴക്കംചെന്ന വെപ്പു മാത്രമെ രസക്രിയകൾക്കു ഉപയോഗപ്പെടുകയൊള്ളൂ. ഇംഗ്ലീഷു മെററീരിയാ മെഡിക്കാ (Materia Medica) എന്നപുസ്തകത്തിൽ വെപ്പിൽ ഗന്ധകമാണു് അടങ്ങിയിരിക്കുന്നതെന്നു കാണുന്നുണ്ടു്. ഇതു പരമാൎത്ഥമാണെങ്കിലും പരിശോധനയിൽ ഇതിൽ താമ്രസത്വമാണു കണ്ടിട്ടുള്ളതു്. ഗന്ധകത്തിൽ താമ്രം ഉള്ള സ്ഥിതിക്കു വെപ്പിൻെറ രസത്താൽ രസം നീറുന്നതു അതിലെ ഗന്ധകം അല്ലെങ്കിൽ താമ്രം ഈ രണ്ടു സത്വവീൎയ്യങ്ങളുള്ളതിനാലാകുന്നു.

## തിരുനീലകണ്ഠരസായനം.

നൂററിരുപതു നാഴികവരെ എരിച്ചെടുത്തു് ഒരു ദിവസം മുലപ്പാലിൽ അരച്ചുണങ്ങിയ രസപതംകം പലം ഒന്നു്. വിടത്തൻ മരത്തിൻെറ വേരുംമേൽ തൊലി നീക്കി ഉണക്കി പൊടിച്ച പൊടി പലം ഒന്നു്. രണ്ടും ഒന്നിച്ചു മല്ലികപ്പൂച്ചാററിൽ എട്ടു യാമം അരച്ചു അതിലെ ജലാംശം വററിയാൽ നല്ലമുളകു പ്രമാണത്തിൽ ഉരുട്ടി നല്ല തേനിൽ ഇട്ടു സൂക്ഷിക്കണം. ഔചിത്യംപോലെ ൪൦ ദിവസംവരെ കൊടുക്കാം. ഓരോ നേരം ഓരോ ഗുളികവീതം കൊടുക്കണം. ഗുന്മം, കാസം, ശ്ലേഷ്മം, പീനസം, കപാലശൂല, സന്നിജ്വരം, വിഷജ്വരം, പിടക, കുഷ്ഠം, കവിൾപ്പുററു്, കണ്ഠമാല, തലച്ചുററു്, മുതലായ അനവധി രോഗങ്ങൾ തീരും. ഇതിലെയ്ക്കുള്ള ഏതാനും ചില അനുപാനങ്ങളെ പ്പററി വിസ്തരിക്കാം.

കൊഴിഞ്ഞിൽ ചാററിൽ—ഗ്രന്ഥികൾ തീരും.
ജീരകപ്പൊടിയും പഞ്ചസാരയും ചേർത്താൽ പിത്തം തീരും.
നൊച്ചിയില ച്ചാററിൽ—വാതവും പാണ്ഡുവും കാമിലയും [തീരും.

മുരിങ്ങയില ച്ചാററിൽ—ശൂല തീരും.
ചുക്കുകഷായത്തിൽ—വായുക്ഷോഭം തീരും.
ചിററരത്തകഷായത്തിൽ—കഫരോഗം തീരും.
തിപ്പിലിപ്പൊടിയിൽ തേൻ സഹിതം—കുരതീരും.
കരുപ്പട്ടിയിൽ—ഗുന്മം തീരും.

പഥ്യം മുൻ വിവരിച്ചതുപോലെതന്നെ ആചരിക്കണം.

## ചൂതമുനി നീലകണ്ഠബാല.

### മെഴുക്.

മുൻ പറഞ്ഞ ബാലരസം കഴഞ്ച് ൧. കുഴിയമ്മിയിലിട്ടു അറു ഔൺസു കണ്ടംകത്തിരിപ്പഴത്തിന്റെ രസം ഒഴിച്ച് ഇടവിടാതെ അൾ മാറി മാറി അരച്ചാൽ രസം മെഴുകാകും. ചാറു സ്വല്പം സ്വല്പമായിട്ടു വേണം ഒഴിച്ചരപ്പാൻ. ചാറു മുഴുവനും അരച്ചു വററി നല്ല മെഴുകായാൽ ദന്തച്ചിമിഴിൽ സൂക്ഷിക്കണം.

ഇതുകൊണ്ടു വാതം ൮൦, വാതശൂല നാല, ഗ്രന്ഥി ൧൮, കുഷ്ഠം, മാറൽജ്വരം, ഭഗന്ദരം, സന്നി, മൂലരോഗം. ക്ഷയം, കണ്ഠമാല, കണ്ണികം, അപസ്മാരം ഇവകൾ തീരും. മാത്ര ഒരു മഞ്ചാടി പ്രമാണം. നാലു ദിവസം എട്ടു നേരം സേവിക്കണം. വിടത്തലവേരുംമേൽ തൊലി നീക്കി ഉണക്കി പൊടിച്ച പൊടി പശുവിൻപാലിൽ കുഴച്ചു ഒരു

നെല്ലിക്കാ പ്രമാണം എടുത്ത് അതിൽ മെഴുകു വച്ചു സേവിപ്പിക്കണം. പ്രമേഹത്തിനു പൊന്നാവര പഞ്ചാംഗം ഉണക്കി പൊടിച്ചു പൊടിയിൽ വെണ്ണയും തേനും ചേൎത്തു അതിൽ മുൻ മെഴുകു ചേൎത്തു കൊടുക്കണം. ഒരാവൎത്തി നാലു ദിവസം എട്ടുനേരംവരെ സേവിക്കണം. ഇരുപത്തുനാൾ കഴിഞ്ഞിട്ടു പിന്നീടു വേണ്ടിവന്നാൽ കൊടുക്കാം.

---

## പടലം ൧൧.

### രസൗഷധങ്ങൾ പാകപ്പെട്ടുതോണ്ടും ക്രമവും ചികിത്സയ്ക്കുള്ള ന്യായവും.

കേളപ്പാവൈത്തിയക്ക് യോകം വേണം
കേൾക്കും മുന്നെ ചൊല്ലും മെത്ത കൽവിവേണം
നാളപ്പാ ചരക്കു വൈപ്പ് കുണമും കെട്ടും
ക്ഷണപൊഴുതിൽ നീത്തും മുപ്പൂതെരിയ വേണം
ചൂളപ്പാവ്യാതി കണ്ടു ആവുഴ്തം ഈയ
ചൂക്ഷമാം പുത്തിതന്തിരമും വേണം
നാളപ്പാചീവർകൾ മേൽ ഇരക്കം വേണം
നർക്കുണമാം വൈത്തിയനെൻറു ചൊല്ലലാകും
വാകാക കൈ പാൎത്തു മുകത്തെപ്പാൎത്തു
ചൊല്ലിടുവാൻ വ്യാധികളൈ അറിന്തുനൻറായ്.

ഈശവചനം.

Since1923

വൈദ്യൻ യോഗിയായിരിക്കണം. ആയുൎവേദം നല്ല പരിചയമുള്ളവനായിരിക്കണം. സകല ചരക്കുകളുടെ

വെപ്പുമുറകളും അതാതു ചരക്കുകളുടെ ഗുണവും അതാതു ധാതുക്കളുടെ (രസഗന്ധകപാഷാണങ്ങൾ) ബന്ധനക്രമവും അറിഞ്ഞിരിക്കേണ്ടതാകുന്നു. കൂടാതെ ക്ഷണനേരം കൊണ്ടു സർവ്വ ധാതുക്കളെയും നീററുവാനുള്ള മുപ്പുച്ചുന്നം കൈവശം ഉണ്ടായിരിക്കണം. നാഡിപരീക്ഷയും മററു പരീക്ഷകളുംകൊണ്ടു വ്യാധികളെ നിശ്ചയിക്കുവാൻ സാമത്ഥ്യമുള്ളവനും, ജീവകാരുണ്യമുള്ളവനും ആയിരിക്കണം.

അറിന്ത ചാത്തിരമെല്ലാം അൻപായ് ച്ചൊന്നേൻ
അരിയകുപ്പി സിന്ദൂരം ചട്ടി വെപ്പ്
നിറൈന്തുനിൻറ നീററിനമും പുടത്തിലേററി
നീൾകാച്ചൽ കർപ്പൂരം തയിലമൊടു കുഴമ്പു
നിറൈന്തുനിൻറ കുളികൈനെയ്യും ചൂരണമും വടകം
തെളിവാനകുരു വഴലൈ കൂട്ടമാനാൽ
മറൈന്തു നിൻറ മരുന്തെല്ലാം പലമായ് ചിത്തി
വരിവാക കുരു മുടിക്കും പതമറിയാർ താനേ
മരുന്തെൻറവകൈകളെല്ലാം കുരുവില്ലാട്ടാൽ
വാതമുതൽവയിത്തിയമും പലിയാതല്ലാ
അറിന്തു കുരു ചെയ്യാട്ടാൽ മരുന്തോവില്ലൈ
അചടംകൾ ചെയ്യുവരും ചെംതുരംകൾ
നിരന്തുവരും മരുന്തുക്കു കുരു കൂടിററാനാൽ
തീരുമേനോയ്കളെല്ലാം ചിത്തിയാമേ

* * * * * * *

ഉൺമയായിന്നൂലിൽ വഴലൈമുപ്പു
ഉലകത്തിൽ വൈത്തിയർ താമറിയമാട്ടാർ

ചൻമയാം നൂൽ പാൎത്തു കരുമുടിത്തുക്കൊള്ളു
ചണ്ടാളനോയ്കളെല്ലാം തവറില്ലോമേ
നിൻമയാ യിപ്പൂവിയിൽനോയ് തീല്ലോമെൻറു
തീവിനയാൽ മുൻകരുമം തീക്ക്വറിയാരേ
തീർപ്പതർക്കു കരുക്കിടൈയൊൻറുരൈത്തേൻ
തിറമാനമരുന്തു പത്തും ചെംതൂരംപാർ
കരുമമതൈതീൎത്തല്ലോ, കൊണ്ടായാനാൽ
പറന്തുപോംനോയ്കളെല്ലാം പാടിനോമേ.
കേളപ്പാചെംതൂര പർപ്പമെല്ലാം
നെടിയാനചിങ്കിമുപ്പൂ തൊട്ടാലാകും
നാളപ്പായിതൈ വിട്ടാൽ പർപ്പമില്ലൈ
നൻറാന ലോകമുതൽ പഴ്പ്പേറാതു
വാളപ്പായിതുവല്ലോ പുടത്തുക്കാതി
വകൈയറിയാവൈത്തിയനേമാട്ട മേപ്പാൻ
നാളപ്പാവൈത്തിയക്കായി കരുവൈച്ചോനേൻ
താപ്പതു പർപ്പമുതൽ ചെംതൂരംകൾ.

* * • * *

മുപ്പണിതന്നെയറിയാതമൂടർകൾ
എപ്പിണി തീർപ്പാരടി?
എട്ടെട്ടും കെട്ടിയിരുക്കമെത്തീയിനിൽ
വിട്ടോട്ടും നോയ്കളെല്ലാം
നാഡിയൊരുപത്തും നൻകായറിന്തിടിൽ
ഓടീവിട്ടും പിണിയേ
വായുയൊരുപത്തും വായ്ത്ത നിലൈകണ്ടാൽ
അയുവറിവാനടീ.

Since 1923

ആയുൎവ്വേദപ്പടി അവിഴ്തം മുടിത്തിടിൽ
മായും വിയാതിയെടി.

(അഗസ്ത്യർ, ധന്വന്തരി, തേരയർ.)

താല്പൎയ്യം—വാതപിത്തകഫങ്ങളായ ദോഷത്രയങ്ങളറിയാത്ത വൈദ്യൻ അന്യന്റെ രോഗം അറിഞ്ഞു ചികിത്സിക്കുന്നതെങ്ങിനെ? അഗ്നിയിൽ പുകഞ്ഞുപോകുന്ന സരം ധാതുക്കളും പുകയാതെ ബന്ധിച്ചു നീററുവാൻ പരിചയമുള്ള വൈദ്യനാണ് ചികിത്സിക്കുവാൻ അധികാരി. തന്റെ ശരീരത്തിലുള്ള നാഡിഭേദങ്ങളെപ്പോലും അറിയാത്ത വൈദ്യൻ രോഗിയുടെ നാഡീപരിശോധന നടത്തുവാൻ എങ്ങിനെ യോഗ്യനാകും? ദശവായുക്കളുടേയും ഉദയം അറിയുന്നവനാണ് ആയുസ്സറിയുന്നവൻ. ആയുൎവ്വേദവിധിപ്രകാരം ഔഷധങ്ങൾ തയ്യാറാക്കുവാൻ പരിചയിക്കേണ്ടതു് വൈദ്യന്റെ ധൎമ്മമാണ്. തൈലം, കുഴമ്പു്, ഗുളിക, ഘൃതം, ചൂൎണ്ണം, വടകം ഇവകളെല്ലാം ഗുരുച്ചുന്നം ചേൎത്താണ് കൊടുക്കേണ്ടതു്. ഗുരുച്ചുന്നം ചേരാത്ത മരുന്നുകൾക്കു ബലവും ഫലവും കുറയും. സകല പാഷാണങ്ങളും മററു ധാതുക്കളും ചുന്നം ചേൎത്താണ് സ്ഫുടം ചെയ്യേണ്ടതു്. ഗുരുച്ചുന്നം ചേരാതെ ഭസ്മസിന്ദൂരാദികൾ ഒന്നുംതന്നെ അഗ്നിയിൽ പാകമായി കിട്ടുകയില്ല. എന്നുതന്നെയുമല്ല, പ്രഭാവസിദ്ധികളും ഉണ്ടായിരിക്കയില്ല. ഔഷധങ്ങൾ വിധിപ്രകാരം ചെയ്തു രോഗികളുടെ കൎമ്മശാന്തി വരുത്തീട്ടാണ് സേവിപ്പിക്കേണ്ടതു്. അതിലേക്കായി കൎമ്മവിമോചന വിധിനോക്കി പ്രവൃത്തിച്ചുകൊള്ളണം. എന്നാൽ കഠിനതരമായ രോഗങ്ങളും ശമിക്കുന്നതാണ്. ചിങ്കിമുട്ടു കൊണ്ടാണ് ധാതുക്കൾ ഭസ്മമാക്കേണ്ടതു്. വിധിപ്രകാരം ഔഷധങ്ങൾ തയ്യാറാക്കാൻ പരിചയമില്ലാത്ത വൈദ്യൻ കാലിമേയ്ക്കുന്നതാണ് നല്ലതു്.

മേല്പറഞ്ഞ പ്രമാണങ്ങളാൽ യോഗധാരണം, നാഡീവിജ്ഞാനം, രസവിദ്യ, മുപ്പു, ഇത്രയും വൈദ്യന്മാർ നല്ലവണ്ണം പരിചയപ്പെട്ടിരിക്കേണ്ടതാണ് എന്നു സ്പഷ്ടമാകുന്നു.

1. യോഗം– എന്താണെന്നു വൈദ്യന്മാരോടു ചോദിച്ചാൽ യോഗം "യോഗം തന്നെ" ഇതാണ് ഉത്തരം. ത്രൈവർണ്ണികന്മാർ ഉപാസിച്ചുവരുന്ന ഗായത്രീമന്ത്രം തുടങ്ങിയ മഹാമന്ത്രങ്ങൾക്കു ശാപമുണ്ടു്. ശാപത്തിനു പുറമെ ഓരോ മന്ത്രങ്ങൾക്കും സ്തബ്ധൻ, ക്രൂധൻ, ജളൻ, പംഗു, ഇത്യാദി അറുപതു ദോഷങ്ങളുണ്ടു്. ആ വക ദോഷങ്ങളുടെ പരിഹാരത്തിനായിട്ടു പത്തു സംസ്കാരം ചെയ്യണമെന്നു വിധിച്ചിട്ടുണ്ടു്. സംസ്കാരഹീനമായ മന്ത്രം ഫലവത്തല്ല. മന്ത്രങ്ങൾക്കു സ്വയമേ ചൈതന്യമില്ല. ചൈതന്യമില്ലാത്ത മന്ത്രങ്ങളെല്ലാം ജീവനില്ലാത്ത മൃതശരീരത്തിനു തുല്യമാണ്. സകല മന്ത്രങ്ങളും ചൈതന്യമുള്ള ആത്മമന്ത്രത്തോടു സംഘടിപ്പിച്ചു ഉപാസിച്ചില്ലെങ്കിൽ പ്രയോജനമില്ല. സകല മന്ത്രങ്ങളും യോഗനിഷ്ഠയോടു കൂടി സാധകം ചെയ്യണം. ഹംസമദ്ധ്യസ്ഥമായിട്ടുപാസിക്കണം. (ഹംസയോഗചന്ദ്രിക, ൧-ാമദ്ധ്യായം, ഗുരുഗീത, കുളാർണ്ണവം ഇത്യാദി പ്രമാണങ്ങൾ നോക്കുക) വിധിഹീനമായി ചെയ്യുന്ന പരിശീലനങ്ങളെല്ലാം വിഫലമാണ്. മന്ത്രങ്ങളുടെ ഗുണദോഷതത്വാന്വേഷണം ചെയ്യാതെ മന്ത്രം ചർവണം ചെയ്യുന്ന വൈദ്യന്മാർ ചിലരുണ്ടു്. അതു യോഗമായില്ല. വൈദ്യന്മാർ ആയുർവേദഗ്രന്ഥങ്ങൾ വായിച്ചിരുന്നിട്ടും അതുകളിൽ സകല മുനിഗണങ്ങളും സമ്മതിച്ചു വിധിച്ചിട്ടുള്ളതും പൂർണ്ണസത്വഗുണാലയവുമായ അജപാവിദ്യ അവർ തേടുന്നില്ല. അജപാവിധി അറിയാതെയുള്ള ജപതപങ്ങളും യോഗങ്ങളും നിഷ്പ്രയോജനമാണെന്നു സർവസാരമായ ഗ്രന്ഥങ്ങൾ വിധിച്ചു കാണുന്നു. കൂടുതൽ വിവരം എന്റെ ഗോപികാവിദ്യയെന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്.

2. നാഡിവിജ്ഞാനം—വാതം, പിത്തം, കഫം ഈ മൂന്നു നാഡികളുടേയും ഗുരുനാഡിയുടേയും ഗതി കൊണ്ടാണു് രോഗം നിശ്ചയിക്കേണ്ടതു്. മററു വിധത്തിലുള്ള പരിശോധനകൾ ബാഹ്യവും, ബാഹ്യപരിശോധന കൊണ്ടു മാത്രം രോഗ നിൎണ്ണയം ഉണ്ടാകുന്നതുമല്ല. നാഡീപരീക്ഷ രോഗനിൎണ്ണയത്തിനു ഏററവും പ്രധാനമായിട്ടുള്ളതാണെന്നു നിർബന്ധിക്കുന്ന നാഡിശാസ്ത്രം ഒരിക്കൽ വായിച്ചിട്ടുള്ളവൎക്കു് നാഡി പരീക്ഷവശമില്ലാത്തവൈദ്യന്മാരുടെ ചികിത്സ രോഗികൾക്കു ഉപദ്രവകരമാണെന്നു തോന്നുന്നതു ഒട്ടും അത്ഭുതമല്ല. ദ്രാവിഡം, തെലുങ്കു ഈ പ്രദേശങ്ങളിൽ ഗൎഭമുള്ള ഗൃഹണികൾ ആദ്യമായി വൈദ്യരോടു അവശ്യപ്പെടുന്നതു് നാഡി പരിശോധിക്കുവാനാണു്. നാഡി നോക്കി ഗൎഭകാലം പറയാത്ത വൈദ്യന്മാരെ നിന്ദ്യരായിട്ടാണു് ഇന്നും കരുതി വരുന്നതു്. രോഗം നിൎണ്ണയിക്കാതെ അതിനുള്ള യോഗത്തെ കൊടുക്കുന്നതു രോഗശാന്തിക്കു പററുന്നതല്ല. രോഗത്തിനും യോഗത്തിനും തമ്മിൽ ഭിന്നതാം വന്നാൽ ഔഷധം അമൃതമായിരുന്നാലും അതു രോഗികൾക്കു ഉപദ്രവത്തെ ചെയ്യുന്നതാണു് എന്നു ആയുൎവ്വേദ പണ്ഡിതന്മാരായ മുനികൾ പറഞ്ഞിരിക്കുന്നു.

3. രസവിദ്യ—രസം, ഗന്ധകം എന്ന നാമങ്ങൾ കേൾക്കുന്ന മാത്രയിൽ ചില വൈദ്യന്മാൎക്കു ബുദ്ധിഭ്രമം ഉണ്ടായി കാണുന്നുണ്ടു്. രസം, ഗന്ധകം, ചായില്യം, ഉമ്മത്തരി ഇത്യാദികൾ വിഷദ്രവ്യങ്ങളാണെന്നു അവർ ധരിച്ചിരിക്കുന്നു. ഈവക ദ്രവ്യങ്ങൾ ചേൎന്ന സൂൎയ്യപ്രഭ മുതലായ ഗുളികകൾ എങ്ങിനെ രോഗികൾക്കു അവർ നിൎഭയം കൊടുക്കു

ന്നു? രസതന്ത്രം ആദ്യമായി അഭ്യസിച്ചു കൈപാകത്തോടുകൂടി അതിലെ യോഗങ്ങളെ ചെയ്തു അതാതിനു വിധിച്ചിട്ടുള്ള ലക്ഷണങ്ങൾക്കൊത്തിരിക്കുന്നുവോ എന്നു പരീക്ഷിക്കണം. ലക്ഷണങ്ങൾക്ക ഒത്തിരുന്നാലും രസപ്രയോഗത്തിനുള്ള "സപ്തമാത്ര" എന്ന ഭേദത്തെ അറിഞ്ഞാണ് സേവിപ്പിക്കേണ്ടതു്. ഈ മാത്രകളുടെ ഭേദം കൊട്ടുത്തു പരിചയം ഉള്ളവരിൽ നിന്നാണറിയേണ്ടതു്. അല്ലെങ്കിൽ കൊട്ടുത്തു പരിചയിച്ച ജ്ഞാനത്തെ അങ്ങിനെയുള്ളവരിൽ നിന്നും സമ്പാദിക്കണം. ഇതിനും പുറമെ കാലം, പഥ്യം, വികാരശമനവിധി ഇവയും അറിഞ്ഞിരിക്കേണ്ടതാകുന്നു. ഇതുകൾ ഗ്രഹിച്ച വൈദ്യനു മാത്രമെ രസത്തിൻെറ മാഹാത്മ്യം അറിയുവാൻ സാധിക്കയുള്ളൂ. രസപ്രയോഗങ്ങൾ മുറപോലെ കൊട്ടുത്തു പരിചയമുള്ള വൈദ്യന്മാൎക്ക് സൂൎയ്യപ്രഭ ഗുളികയെ പോലെ നിൎഭയം രസം സേവിപ്പിക്കാൻ ധൈൎയ്യമുണ്ടാകുന്നു. മററുള്ളവൎക്ക അ ധൈൎയ്യം ഉണ്ടാകുന്നതല്ല. "രസപ്രയോഗമില്ലാത്ത വൈദ്യൻ നന്നല്ല കേവലം" എന്നു് ചികിത്സാഗ്രന്ഥങ്ങളിൽ പറഞ്ഞു കാണുന്നു.

4. മുപ്പു—ധാതുക്കൾ നീററുന്നതിനും ചികിത്സിക്കുന്നതിനും ഗുരുച്ചുന്നം ചിങ്കിച്ചുന്നം ഇങ്ങിനെ രണ്ടു ചുന്നങ്ങളാണ് വൈദ്യന്മാൎക്ക പ്രധാനമായിട്ടുള്ളതു്. ഗുരുച്ചുന്നത്തിനു ഗുരുമുപ്പുവെന്നും ചിങ്കിച്ചുന്നത്തിന് ചിങ്കിമുപ്പുവെന്നും പറഞ്ഞുവരുന്നു. ഗുരുച്ചുന്നം കൊണ്ടാണ് ചിങ്കിച്ചുന്നം തയ്യാറാക്കേണ്ടതു്. ഗുരുച്ചുന്നമായ മുപ്പു യോഗിമുപ്പുവെന്നും വൈദ്യമുപ്പുവെന്നും ഇങ്ങിനെ രണ്ടു ഭേദത്തോടുകൂടിയതാണ്. വൈദ്യൻ യോഗിയായിരിക്കണമെന്നു് വി

ധിച്ചിരിക്കുന്നു. ചരിത, ക്രിയ, യോഗ, ജ്ഞാനം, ഇങ്ങനെനാലു സോപാനങ്ങളോടു കൂടിയ യോഗനിഷ്ഠ സഞ്ചാരസമാധി, ആരൂഢസമാധി ഇങ്ങിനെ രണ്ടായി തിരിച്ചിട്ടുണ്ടു്. ഗോപന്ഥാവിൽ പെട്ട ചരിതക്രിയകൾക്കു സഞ്ചാരസമാധിയെന്നും ഉമദീക്ഷയെന്നും ഗോപന്ഥാവിൽ പെട്ട യോഗം, ജ്ഞാനം രണ്ടിനും ആരൂഢസമാധിയെന്നും ശിവദീക്ഷയെന്നും തരം തിരിച്ചിട്ടുണ്ടു്. സർവ്വത്തിനും ശരീരം ആധാരമാണല്ലോ. യോഗസാധകത്തിനു അനുകൂലിക്കുന്നതും ഒഴിച്ചുകൂടാത്തതും സകല യോഗീന്ദ്രന്മാരാലും മുനിപുംഗവന്മാരാലും സാധിച്ച കല്പഔഷധരസായനങ്ങൾ മനസ്സിലായിരിക്കേണ്ടതാകയാൽ സഞ്ചാരസമാധി പരിശീലനകാലത്തു് ആയുർവേദ പരിചയത്താൽ ഔഷധംകൊണ്ടു് ശരീരബന്ധം ചെയ്തു സഞ്ചാരസമാധി പൂർത്തിയാക്കി ആഹാരനിദ്രാദികളേയും ശീതോഷ്ണാദികളേയും ജയിച്ചു് ആരൂഢസമാധിയെ പ്രാപിക്കുന്ന അവസ്ഥയിങ്കൽ സർവ്വകർമ്മ വിമുക്തനായി യോഗനിഷ്ഠയിൽതന്നെ സ്ഥിരമായിരുന്നു യോഗജ്ഞാനം പൂർത്തിയാക്കി ബ്രഹ്മപദം പ്രാപിക്കുന്നതാണ് പുരുഷാർത്ഥം എന്നു ഉൽബോധിച്ചിരിക്കുന്നു. അജപാവിധി പൂർവ്വം അന്തർമ്മുഖ സഞ്ചാരസമാധി പഴകുന്നവർക്കു് സാധകത്തിനു തക്കവാറു കുണ്ഡലിശക്തി ചലിച്ചു സഹസ്രദളകമലമദ്ധ്യസ്ഥനായ ബൈന്ദവപീഠമായ ത്രികോണത്തുങ്കൽ പ്രാപിക്കുമ്പോൾ ആ ത്രികോണത്തെ രജസ്വലായോനിയെന്നും അതിങ്കൽനിന്നും രക്തവർണ്ണമായുത്ഭവിക്കുന്ന ദ്രവത്തിനു നാദമെന്നും പറയപ്പെടുന്നു. കുണ്ഡലിനിത്രികോണം കടന്നു് ബൈന്ദവസ്ഥാനം പ്രാപിക്കുമ്പോൾ ആ നാദംതന്നെ ശുക്ലവർണ്ണമായി പരിണമിക്കുന്നു. അപ്പോൾ അതിനെ ബിന്ദുവെന്നു പറയുന്നു. ഈ നാദബിന്ദുവാണ് യോഗിമുപ്പുവെന്നു ഘോഷിച്ചിരുന്നതു്. യോഗികൾ രസവാദവിദ്യയുടെ അണി ഈ മുപ്പുവാകുന്നു. ചലനത്തോടുകൂടിയിരിക്കുന്നതും അഗ്നിയിൽ പുകഞ്ഞുപോകുന്ന

ളുമായ രസം തുടങ്ങിയ പാഷാണങ്ങളിൽ ഈ മുപ്പു സ്പർശമായാൽ ഉടൻ പുകയടങ്ങി ബന്ധിക്കപ്പെടുന്നു. പ്രാണരസം ബന്ധിച്ചാൽ മനസ്സു ബന്ധിക്കും. പ്രാണരസം ബന്ധിക്കുവാൻ പാദരസം സഹായിക്കുന്നതാണ്.

"രസസ്യ മനസശ്ചൈവ ചഞ്ചലത്വം സ്വഭാവതഃ
രസൊ ബദ്ധൊ മനൊ ബദ്ധഃ" etc.

മേൽപറഞ്ഞ യോഗിമുപ്പുവിനാലും, യാഗിയുടെ ശരീരത്തിലെമലമൂത്രാദികളാലും സർവ്വധാതുക്കളും ശുദ്ധമായി ബന്ധിച്ച ഭസ്മവും, ചുന്നവും, സിന്ദൂരവും ആകുന്നതുകൂടാതെ, സർവ്വലോഹങ്ങളും തങ്കവുമാകുന്നതാണ്. കർമ്മയോഗിക്കു സിദ്ധിക്കുന്നതു നാദഭവം ആകുന്നു. ബിന്ദുഭവം മഹായോഗികൾക്കാണ് സിദ്ധിക്കുന്നതു്. രസം തനിച്ചു് യോഗികളാൽ മാത്രമേ ബന്ധിക്കുവാൻ സാധിക്കയുള്ളു. മററുള്ളവർ ഇതരസാധനങ്ങളോടു ചേർത്തു ബന്ധിച്ചുകൊള്ളേണ്ടതാണ്. സഞ്ചാരസമാധി പഴകുന്നവൈദ്യൻ ധാതുക്കളേയും ക്ഷാരങ്ങളേയുംകൊണ്ടു് ബന്ധിച്ചു് നീററുന്നതിനുമായി വിധിച്ചിട്ടുള്ള മുപ്പുവിനെയാണ് നാം ആദ്യമായി ആശ്രയിക്കേണ്ടതു്.

ഈ പുസ്തകത്തിൽ വിവരിക്കുന്ന മുപ്പു അഗസ്ത്യമുനി വസിഷ്ഠനും, വസിഷ്ഠൻ ശ്രീരാമനും, മററുശിഷ്യഗണങ്ങൾക്കും ഉപദേശിച്ചിട്ടുള്ളതും സർവ്വമഹാത്മാക്കളാലും ഒന്നുപോലെ സമ്മതിക്കപ്പെട്ടിട്ടുള്ളതുമാകുന്നു.

Since 1923

# പടലം ൧൨

## ഗുരുച്ചൂന്നം (വൈദ്യമുപ്പു)

### പൂനീർശുദ്ധി

ഇടങ്ങഴി പൂനീർ രണ്ടിടങ്ങഴി വെള്ളത്തിൽകലക്കി തെളിച്ചുകാച്ചി പതിനാലുമടക്കുള്ള തുണിയിൽ അരിച്ചുകാച്ചി കുഴമ്പുപരുവത്തിൽ അടുപ്പിൽനിന്നും വാങ്ങി സൂൎയ്യരശ്മിയിൽവെച്ചു് ഉണക്കുമ്പോൾ പൂനീർ ശുദ്ധിയാവും.

### ചുണ്ണാമ്പുകല്ലുപ്പ്

പാളയംകോട്ടയിൽ വെള്ളനിറത്തിൽ മിനുമിനുപ്പുള്ള ഒരുതരം ചുണ്ണാമ്പുകല്ലുണ്ടു്. ആ കല്ലുവരുത്തി പുളിങ്കുരുവിൻെറ മുഴുപ്പിൽഉടച്ചു് ഉദ്ദേശം നാലിടങ്ങഴി തയ്യാർ ചെയ്തുകൊള്ളണം. ശുദ്ധിചെയ്യാത്ത പൂനീർ ഇടങ്ങഴി ൧ കൽചുണ്ണാമ്പു് ഇടങ്ങഴി ൧. ഇവ ഒരു മൺപാനയിൽഇട്ടു് എട്ടിടങ്ങഴി വെള്ളംഒഴിച്ചു് കലക്കി അഞ്ചുനാൾ വെച്ചിരുന്നു് തെളിഞ്ഞജലംഎടുത്തു് വേറൊരു മൺപാനയിലാക്കി ഉടച്ചുവെച്ചിരുന്ന കല്ലുകൾ കിഴികെട്ടി പാനയിലിട്ടു് തിളപ്പിക്കണം. വെള്ളംമുഴുവനും വററുന്നതിനുമുമ്പായി കിഴിയെടുത്തു് കഴുകിഉണക്കി സൂക്ഷിക്കണം. ഇപ്രകാരം ചെയ്താൽ കല്ലുശുദ്ധിയായി.

### ചുണ്ണാമ്പുകല്ലിൽനിന്നും ഉപ്പെടുക്കേണ്ടുംക്രമം.

ശുദ്ധിചെയ്ത കല്ലുകൾ ഇടിച്ചുപൊടിച്ചു് നല്ല പൊടിയാക്കി മുട്ടയുടെ വെള്ളക്കരു ജലംഒഴിച്ചു് അരച്ചു് ഉണക്കി മൂശയിലാക്കിമൂടി ശീലമൺചെയ്തു് ഉണക്കി ഉലയിൽ ഊതി മൂശ നല്ലതുപോലെ ചുമന്നതിൽ പിന്നീടു വാങ്ങി

അറിമരുന്നെടുത്ത് മുട്ടയുടെ വെള്ളക്കരുവും എരുക്കിൻ പാലും ചേർത്തുണ്ടാക്കിയ വെള്ളംഒഴിച്ച് വീണ്ടും അരച്ചുണക്കി മുൻപോലെ ഊതണം. ഇപ്രകാരം മൂന്നുപ്രാവശ്യം ചെയ്താൽ ചുണ്ണാമ്പാകും. ഈ ചുണ്ണാമ്പ് വാവട്ടം വിസ്താരമുള്ള ഒരു പാനയിലാക്കി ഉദ്ദേശം പത്തിടങ്ങഴി വെള്ളംഒഴിച്ച് തവികൊണ്ടുകലക്കി സൂക്ഷിക്കണം. ഒന്നുരണ്ടു ദിവസം കഴിയുമ്പോൾ വെള്ളത്തിൻെറ ഉപരിഭാഗത്ത് അഭ്രകത്തകിടുപോലെ ഉപ്പു വിളഞ്ഞുനിൽക്കും. ഇതെടുത്ത് പിഞ്ഞാണിയിലാക്കി ഉണക്കിവെയ്ക്കണം. വീണ്ടും ചുണ്ണാമ്പുവെള്ളം തവികൊണ്ടിളക്കി വച്ചുകൊള്ളണം. ഇപ്രകാരം ചെയ്ത് ചുണ്ണാമ്പുകല്ലിലെ ഉപ്പെല്ലാം എടുത്തുണക്കി കുപ്പിയിൽ സൂക്ഷിക്കണം. ഇതിനാണ് ചുണ്ണാമ്പുകല്ലു എന്നു പറയുന്നത്.

## കറിയുപ്പ്

മേൽപ്പറഞ്ഞ പൂനീരുപോലെ നാഴി കറിയുപ്പും ശുദ്ധി ചെയ്തു എടുത്തു കൊള്ളണം.

## ദീക്ഷചെയ്യേണ്ടും ക്രമം

മേൻപറഞ്ഞ പൂനീർ പലം ൧. കൽ ചുണ്ണാമ്പിലെ ഉപ്പു പലം ൧. കറിയുപ്പു പലം ൧. ഇവ മൂന്നും പരപ്പുള്ള മൂന്നു പിഞ്ഞാണത്തിലാക്കി വെയ്ക്കണം. മഞ്ഞുവെള്ളം, കഴുതമൂത്രം, നരമൂത്രം, നവസാരജയനീർ ഇവ വകയ്ക്ക് ഇരുനാഴി വീതം ശേഖരിക്കണം. ആദ്യമായി മഞ്ഞുവെള്ളം സ്വല്പം എടുത്ത് ഓരോ ഉപ്പിലും തളിച്ച് വെയിലത്തുവെച്ചുണക്കണം. ഇപ്രകാരം മഞ്ഞുവെള്ളം തുടങ്ങി നവസാരജയ നീരുവരെ തളിച്ച് ഉണക്കി എല്ലാം ഉപ്പും സമമായി തൂക്കി എടുത്ത് ഇനിപറയുന്ന വെടിയുപ്പ് ജയനീരു തളി

ച്ച് മുൻപോലെ പത്തു ദിവസം സൂര്യരശ്മിയിൽ വെച്ച് ഉരുക്കി എടുത്തുകൊള്ളണം. മേൽ പറഞ്ഞപ്രകാരം ദീക്ഷ ചെയ്ത ഉപ്പിനു സമം നല്ല ചൂടൻ, ചൂടനിൽ പകുതി വീരം, ഒരു കഴഞ്ചു് വെരുകിൻ പുഴുക്ക് ഇവയെല്ലാം ഒന്നിച്ചു കുഴിയമ്മിയിലാക്കി വെടിയുപ്പ് ജയനീരിൽ നാലു യാമം അരച്ചു വില്ലുതട്ടി നല്ലതുപോലെ ഉണക്കി ഇതിൽ പറയുന്ന പഞ്ചചുന്നമൂശയിലടച്ച് ശീലമൺ ചെയ്തുണക്കി അഞ്ചു വറളിയിൽ സ്ഫുടമിട്ടെടുക്കണം. ഉപ്പുവർഗ്ഗങ്ങളുടെ ക്ഷാരം കുറയാതിരിക്കുന്നതിനാണ് പഞ്ച ചുന്ന മൂശ വിധിച്ചിട്ടുള്ളത്. അതിൻക്രമം ഒടുവിൽ വിസ്തരിക്കുന്നതാണ്.

## വെളുത്തീയച്ചുന്നം

ഒരുപലം വെളുത്തീയം ശുദ്ധിചെയ്ത് കനം കുറച്ചു തകിടടിച്ച് ഒരു കഴഞ്ചു ഗുരുച്ചുന്നം വെടിയുപ്പ് ജയ നീരിലൊ വായ് നീരിലൊ കുഴച്ചു തകിടിൽ പൂശി ഉണക്കി അതിനു പുറമെ കുടകപ്പാലയിലൊ കൊല്ലൻ കോവയിലയൊ (വ്യോമചാരി) അരച്ചു കവചം ചെയ്ത് ഉണക്കി മേൽ ശീലമൺ ചെയ്തുണക്കി നൂറുവറളിയിൽ സ്പുടം ഇടണം. വെളുത്തീയം ചുന്നമാകും. ഈ ചുന്നത്തിനു കാൽഭാഗം, വീരം, പൂരം ഇതു രണ്ടും കൂടി പൊടിച്ചു ചേൎത്തു കുടുക്കയിൽ സൂക്ഷിക്കണം.

## തുരിശ്ശ ചുന്നം.

മുൻപറഞ്ഞ വെടിയുപ്പ് ദ്രാവകവും ജയനീരും തമ്മിൽ യോജിപ്പിച്ചാൽ തൈരുപോലെ കൊഴുത്തു വെളുത്ത നിറത്തിൽ ദ്രവം സിദ്ധിക്കും. ഒരു പലത്തിൽ കുറയാതെ ഒരു കട്ടിത്തുരിശ്ശ് മുൻ ദ്രവത്തിൽ കൂടക്കൂടെ മുക്കി വെയിലത്തുണക്കണം. ഇപ്രകാരം ഉണക്കുന്നതുകൊണ്ടു് സൂര്യശക്തിയാൽ തുരിശിൻെറ നീല വണ്ണവും മാറും; തുരിശ്ശു ബന്ധിക്കയും ചെയ്യും. ഇപ്രകാരം തയ്യാർ ചെയ്ത തുരിശ്ശുക

ട്ടിയെ വെളുത്തീയച്ചുന്നം, ഗ്രുരുച്ചുന്നം ഇതു രണ്ടും കൂടി വെ ടിയുപ്പു് ജയനീരിൽ കുഴച്ചു് പൂശി ഉണക്കി അതിനു പുറമെ പൂനീരു് അരച്ചു് ശീലയിൽ തേച്ചു് ആ ശീല ചുററി ഉണക്കി ശീലമൺ ചെയ്തു ഉണക്കി കുക്കുടസ്ഫുടം ഇടണം. തുരിശു ചുന്നമായിരിക്കും. ഈ ചുന്നത്തിൻെറ കാൽഭാഗം തുക്കത്തിൽ വീരവും, പൂരവും അരച്ചു യോജിപ്പിച്ചു സൂക്ഷിച്ചുകൊള്ളണം.

## താളകചുന്നം.

ശുദ്ധിചെയ്ത താളകകട്ടിയിൽ ഒരു കഴഞ്ചു തുരിശു ചുന്നം വാനീരിൽ കുഴച്ചു പൂശി ഉണക്കി മൂശയിൽ വെച്ചു് സ്ഫുടം ഇട്ടാൽ താളകം ചുന്നമാകും. ഈ താളകചുന്നം കൊണ്ടു സകലതും നീറും. ഈ താളകചുന്നത്തിൽ വീരവും, പൂരവും ചേൎത്തു സൂക്ഷിക്കണം. ഈ താളകചുന്നം തുരിശിനെ ചുന്നമാക്കും. താളകത്തിനു താളകചുന്നം കവചം ചെയ്താൽ താളകം ചുന്നമാകും. ഈ താളകചുന്നം ചിങ്കിക്കു കവചംചെയ്താൽ ചിങ്കിചുന്നമാകും. രസബന്ധപ്രയോഗങ്ങളിലൊക്കെയും ഒരു പണവിട തുരിശുചുന്നംകൂടി ചേൎത്തുകൊള്ളണം.

വൈദ്യമുപ്പു് ഒന്നുകൊണ്ടുതന്നെ സകല ധാതുക്കളും നീററാം. ഒരു സൂചിമുനയിൽ പററുന്നിടത്തോളം മാത്രം ഗുരുച്ചുന്നംകൂടി സകല ഔഷധങ്ങളിലും ചേൎത്തു കൊടുക്കണം.

മേൽപറഞ്ഞ ചുന്നങ്ങളിൽ ഏതെങ്കിലും ഒന്നു് വൈദ്യൻെറ കൈയിൽ ഇരിക്കേണ്ടതായ അഞ്ചെട്ടുകൾ ചെപ്പിനുള്ളിൽസൂക്ഷിച്ചിരിക്കണം. ആ വൈദ്യനു് നിമിഷത്തിനുള്ളിൽ ദേശകാലഭേദംകൂടാതെ സകല ലോഹങ്ങളേയും

ധാതുക്കളേയുംനീററി രോഗികൾക്കു കൊടുക്കാവുന്നതാണ്.

## ചിങ്കിച്ചുന്നപ്രയോഗക്രമം.

ശിങ്കി എന്നും, 'ചിങ്കി' എന്നും, ശങ്കപടിതാരം' എന്നും, 'മൃതാർശിങ്കി' എന്നും പറയുന്നതു ഒന്നുതന്നെ. വെടിയുപ്പും, ഈയവുംചേർന്ന ഒരു സമ്മേളനസത്വമാണ് ഇതിലുള്ളതു്. മേൽപറഞ്ഞ ചിങ്കിച്ചുന്നംകൊണ്ടു നീററുന്ന ക്രമംകൂടി പറയാം.

ഒരു പലം ശുദ്ധിചെയ്ത താമ്രത്തകിട്ടിൽ ഒരു കഴഞ്ചു ചിങ്കിച്ചുന്നം (ശിങ്കിമുപ്പു) വാനീരിൽ കുഴച്ചു പൂശി ഉണക്കി ന്മറു( ൧൦൦)വറളിയിൽ സ്പുടം ഇട്ടാൽ ചെമ്പു് പരിശുദ്ധമായ ഭസ്മമാകുന്നതാണ്. ഇതുതേനിൽകൊടുത്താൽ മേഹം, കുഷ്ഠം ഇത്യാദികൾ ഉടനെ നശിക്കുന്നതുകൂടാതെ ശുക്ലവർദ്ധനയും ബലവർദ്ധനയും ഉണ്ടാകും. സ്വർണ്ണത്തിൽ, മേൽപ്രകാരം ചിങ്കിച്ചുന്നം പുരട്ടി ബ്രഹ്മിയില കവചം ചെയ്തു് സ്പുടം ഇടുക. ത്രിഫലപ്പൊടി, തേൻ, നെയ്യ് ഈ അനുപാനത്തിൽ കൊടുത്താൽ, ക്ഷയം, മൂലരോഗം, ഗ്രഹണി, പ്ലീഹ, വിഷരോഗം, പ്രമേഹം ഇവകൾ തീരും. വെള്ളിക്കു് മുൻപോലെ കുപ്പമേനി അരച്ചു് കവചം ചെയ്തു നീററണം. നയനരോഗം, എലിമ്പുരുക്കി,പിടക, പിത്തം, ജിഹ്വാരോഗം, ശ്വാസകാസം ഇവ ശമിക്കും. അയസ്സിനു് അവണക്കില കവചം. പാണ്ഡു, വായു, മൂലരോഗം, ശോഫം ഇവ തീരും. ധാതുപുഷ്ടി ഉണ്ടാകും. കാന്തത്തിനും അവണക്കിലതന്നെ കവചം. കറുത്തീയം, വെളുത്തീയം ഇവയ്ക്കു് കരിംജീരകമോ അയമോദകമോ കവചം. നാഗത്തിനു പേക്കമ്മട്ടിക്കാ അരച്ചു് കവചം. വെങ്കലം പിച്ചള ഇവയ്ക്കു് കുരുപ്പുരുത്തിയില കവചം. അഭ്രകം, സ്വർണ്ണമാക്ഷികം ഇവയ്ക്കു് വെഞ്ചുന്നിവേരു കവചം. ഇപ്രകാരം ശിങ്കികൊണ്ടു ഓരോ രോഗത്തിനും വിധിച്ചിരിക്കുന്ന ധാതുക്കളെല്ലാം നീററാം.

## സത്വപാതനം.

കാന്തം, ഇരിമ്പു്, അഭ്രകനവനീതം, ഗരുഡക്കൽ, കൽനാർ, സ്വൎണ്ണമാക്ഷികം, സഹസ്രഭേദിക്കല്ലു്, കോഴിമുട്ടത്തോടു്, ശംഖു്, കൎപ്പൂരശിലാജിത്തു്, നവരത്നങ്ങൾ, അസ്ഥി, കലങ്കൊമ്പു്, ആമയോട്ടി ഇവ ഓരോന്നും ഓരോ പലം വീതം എടുത്തു് സ്വല്പം ഗുരുച്ചൂൎണ്ണവും മുലപ്പാലും ചേൎത്തരച്ചു് മൂശയിലാക്കി ഊതിയാൽ അതാതു സാധനങ്ങളിലുള്ള സത്വം ലഭിക്കും. സത്വത്തിനു സമം ഗന്ധകം ചേൎത്തു നാരങ്ങാനീരൊഴിച്ചരച്ചു് സ്വല്പം ഗുരുച്ചൂൎണ്ണം ചേൎത്തു വില്ലതട്ടി സ്ഫുടം ചെയ്താൽ ഭസ്മമായിരിക്കും.

## അവകൾ കൊടുക്കേണ്ടും ക്രമം

| | | | |
|---|---|---|---|
| ഗരുഡക്കൽഭസ്മം | തേനിൽ | കൊടുത്താൽ | നയനവ്യാധി മാറുന്നതാണു്. |
| കൽനാർ | പഞ്ചസാരയിൽ | ,, | ശ്ലേഷ്മവ്യാധി |
| സഹസ്രഭേദി | പാലിൽ | ,, | ഉഷ്ണരോഗം |
| ടങ്കണം | ഇഞ്ചിച്ചാററിൽ | ,, | വാതജ്വരം, സന്നി |
| മുട്ടത്തോടു് | മാതളരസത്തിൽ | ,, | ക്ഷയം, കാസം |
| ശംഖു് | കരുപ്പുകട്ടി | ,, | വായു, പിത്തം |
| ശിലാജിത്തു് | കടുക്കായിൽ | ,, | മഹോദരം, നീരാമ്പൽ |
| മാണിക്കക്കൽ | ജാതിക്കായിൽ | ,, | രക്തസ്രാവം, എലിമ്പുരുക്കി |
| പച്ചക്കൽ | കൽക്കണ്ടിൽ | ,, | അസ്ഥിജ്വരം, ഉഷ്ണം |
| വജ്രം | പഞ്ചസാരയിൽ | ,, | നീരഴിവു് |
| വൈഡൂൎയ്യം | പാലിൽ | ,, | ഉൾവരൾച്ച, നയനരോഗം |
| ഗോമേദകം | നെയ്യിൽ | ,, | കാസം, ക്ഷയരോഗം |
| നീലം | ത്രികടുകിൽ | ,, | കുഷ്ഠം |
| കലങ്കൊമ്പു് | തേനിൽ | ,, | നയനവ്യാധികൾ |
| മുത്തു് | കഞ്ചാവിൽ | ,, | കഫരോഗം |
| പവിഴം | മുലപ്പാലിൽ | ,, | ക്ഷയം, മൂത്രമൊഴിവു് |
| അഭ്രകം | പഞ്ചസാരയിൽ | ,, | ജ്വരം, സന്നി |
| കസ്തൂരി | ,, | ,, | വായുക്ഷോഭം. |

Since 1923

## വെടിയുപ്പുജയനീർ ൧.

അഞ്ചാം കാച്ചുവെടിയുപ്പു പലം ൨. വാളൻപുളി പഴയതു പലം ൧൦. ഉപ്പു പൊടിച്ചു പുളിയും ചേൎത്തു് അഞ്ചു ദിവസം ഉരലിൽ ഇട്ടു് ഇടിക്കണം. ഇടിച്ചെടുത്തതിനെ നാലിഞ്ചു വൃത്തത്തിൽ അഞ്ചിഞ്ചു ഘനത്തിൽ വില്ലതട്ടണം. ഒരു പുത്തൻചട്ടി അടുപ്പിൽ വെച്ചു് അതിൽ ഒരു വില്ലയിട്ടു് തീയെരിക്കണം. മരുന്നു പുകഞ്ഞു കത്തും. ഓരോ വില്ലയായിട്ടു് ഇട്ടു നീററണം. എല്ലാ വില്ലകളും നീറി ഏഴുനാഴികവരെ തീയെരിച്ചു് ആറിയാൽ ചട്ടിയിൽനിന്നും മരുന്നു ചുരണ്ടി എടുത്തു് കുഴിയമ്മിയിൽ പൊടിച്ചു് തൂക്കി കണ്ടു ഇടയ്ക്കു് നാലിൽ ഒന്നു നവസാരം ചേൎത്തുപൊടിച്ചു് പിഞ്ഞാണത്തിലാക്കി മഞ്ഞത്തുവെച്ചു് ജയനീരെടുത്തുകൊള്ളുക. ഇങ്ങനെ ജയനീരു മുഴുവനും എടുത്തതിൽ പിന്നിട്ടു് അതിൽ ഒരു കഴഞ്ചു വീരവും അരക്കഴഞ്ചു രസകൎപ്പൂരവും പൊടിച്ചിട്ടു കുപ്പിയിലടച്ചു സൂക്ഷിക്കണം. ഈ ജയനീരിൽ ഉപ്പുവൎഗ്ഗങ്ങളെല്ലാം ചുന്നമാകും.

## നവസാരച്ചുന്നവും ജയനീരും.

രണ്ടു പലം നവസാരം പൊടിച്ചു് മുൻപറഞ്ഞ ജയനീരൊഴിച്ചു് മൂന്നു യാമം അരച്ചു് വില്ല തട്ടി ഉണക്കി കൽചുണ്ണാമ്പിൻെറ നടുവിൽ വെച്ചു് എരിക്കണം. സ്പുടം ഇട്ടാലും മതി. ൧൧-ാമത്തെ സ്പുടത്തിനു നല്ല ചുന്നമായിരിക്കും. സ്പുടത്തിനു് എട്ടു വറളിയിൽ കൂടരുതു്. ഈ നവസാരചുന്നം മഞ്ഞത്തു വെച്ചു് ജയനീരാക്കി കുപ്പിയിൽ സൂക്ഷിക്കണം. ഈ നവസാരജയനീരാണു് മുപ്പുദീക്ഷയ്ക്കുപയോഗിക്കേണ്ടതു്.

Since 1923

## വീരമടക്കു്.

കടകളിൽ വിൽക്കുന്ന വീരത്തിനു ബലമില്ല. അതിനെ താഴെപ്പറയുന്നപ്രകാരം മടക്കി ബലപ്പെടുത്തിയിട്ടാണു് ഉപയോഗിക്കേണ്ടതു്.

തുരിശു്, ചീനം, നവസാരം, അന്നഭേദി, കല്ലുപ്പു്, പൂനീർ, വെടിയുപ്പു് ഇവ ഓരോന്നും വെടിയുപ്പു ജയന്തീരൊഴിച്ചു് രണ്ടു യാമം വീതം അരച്ചുണക്കി ചുണ്ണാമ്പിനുള്ളിൽ വെച്ചു് എരിക്കയോ ചെറിയ സ്പുടം ഇടുകയോ ചെയ്യണം. ഇപ്രകാരം ഓരോന്നും ൧൧ പ്രാവശ്യം വീതം മുൻപ്രകാരം അരച്ചു സ്പുടം ചെയ്തെടുത്തുകൊള്ളണം. ഇവകൾ നീററിയ ഭസ്മംവകയ്ക്കു കാൽപലം, വീതം കടയിൽ വില്ക്കുന്ന വീരം പലം ൧. എല്ലാംകൂടി ഒന്നായി ചേൎത്തു് പൊടിച്ചു വലിയ കാശിക്കുപ്പിയിലോ, ഇംഗ്ലീഷ് കുപ്പിയിലോ ഇടണം. കുപ്പിയിൽ ഒന്നു പകുതിയോളമേ മരുന്നു നിറയ്ക്കാവൂ. ഒരു ചട്ടിയിൽ മണലിട്ടു് അതിന്റെ മീതെ കുപ്പി വെച്ചു് കഴുത്തുവരെ മണലിട്ടു് മേൽചട്ടി മൂടി ക്രമേണ തീയെരിക്കണം. കമലാഗ്നിമുതൽ ഗാഢാഗ്നിവരെ ഓരോന്നു രണ്ടു യാമം വീതം ഇങ്ങനെ ആറു യാമം എരിക്കണം. ശിലാകയിട്ടു നോക്കിയാൽ എല്ലാം ഉരുകുന്നതു പതം അറിവാങ്ങി നോക്കിയാൽ തേങ്ങാപോലെ ഇരിക്കും. കുപ്പി ഉടച്ചെടുത്തുകൊള്ളണം. പിന്നീടും പഴയപോലെ ചരക്കുകൾ ഉണക്കിച്ചേൎത്തു് പൊടിച്ചുവെച്ചുകൊള്ളണം. ഇങ്ങിനെ മൂന്നു പ്രാവശ്യം ചെയ്യണം. ഈ മടക്കുവീരം സകലത്തിനും ഗുരുവാകുന്നു. നീററാനും ഉരുക്കാനും കെട്ടാനും സിന്ദൂരത്തിനും കളങ്കിനും ജയന്തീരിനും ദ്രാവകത്തിനും ചാരണയ്ക്കും കൊള്ളാം.

## പഞ്ചചുന്നഗ്രഹ.

ഒരു പലം കടൽനുര മുട്ടയുടെ വെള്ളക്കരുവിൽ നാലു യാമം അരച്ചു മൂശയിലാക്കി മൂടി ശീലമൺ ചെയ്തു്

ഉണക്കി ഉലയിൽ വെച്ച് ഊതി എടുക്കണം. ഇപ്രകാരം മൂന്നു പ്രാവശ്യം ആവത്തിച്ച് ചെയ്താൽ കടൽനര ചുന്നമാകും. ഈ ചുന്നത്തിനു സമം കല്ലുപ്പു കൂട്ടിചേത്തു മുട്ടയുടെ വെള്ളക്കരുവൊഴിച്ചു അരച്ച് മുൻപോലെ ഊതിക്കൊടുത്താൽ ചുന്നമാകും. പിന്നീട് ഒരു പലം ചീനക്കാരം ചേത്തു അരച്ച് ഊതണം. അതിനും പുറമേ അഞ്ചാം കാച്ച് വെടിയുപ്പ് ചേത്ത് അരച്ചു മുൻപോലെ ഊതണം. പിന്നീട് അതിനോടുകൂടി ഒരു പലം ചൂടൻ ചേത്തരച്ച് മുൻപോലെ ഊതണം. മേല്പറഞ്ഞ അഞ്ചുകൂട്ടവും ചേത്ത ചുന്നമാണ് പഞ്ചചുന്നമെന്നു പറയുന്നത്. ഈ ചുന്നംകൊണ്ടുള്ള മൂശയിലാണ് മുപ്പൂച്ചുന്നം ചെയ്യേണ്ടത്. മററു പ്രകാരത്തിലുള്ള മൂശയിലോ ചട്ടിയിലോ അടച്ചു സ്പുടം ചെയ്താൽ കാരം കുറഞ്ഞുപോകും.

## അപകഭസ്മദോഷവും തന്നിവൃത്തിയും

നല്ലപോലെ നീറാത്ത സിന്ദൂരഭസ്മങ്ങൾക്ക് അപക്വസിന്ദൂരം എന്നു പറയപ്പെടുന്നു. പക്വമല്ലാത്ത തങ്കം സേവിച്ചാൽ ബലക്ഷയം, ശുക്ലനഷ്ടം ഇവ ഉണ്ടാകുന്നതിനു പുറമേ, രോഗം അധികരിക്കും; മരണം വരെ ഉണ്ടാകുന്നതുമാണ്. കടുക്കാപ്പൊടിയും ശക്കരയും സമം ചേത്തു വെരുകടി പ്രമാണം വീതം കാലത്തും വൈകിട്ടും സേവിക്കണം. ഇങ്ങനെ മൂന്നു നാൾ ആറു നേരം സേവിച്ചാൽ, നീറാത്ത തങ്കഭസ്മം സേവിച്ച സവരോഗങ്ങളും മാറുന്നതാണ്.

വെള്ളി:—ദേഹത്തിൽ, ചൂട്, മലബന്ധം, വീര്യനാശം, ക്ഷീണം മുതലായ ഘോരവ്യാധികൾ ഉണ്ടാകും. ശക്കരയും തേനും കലന്നു മൂന്നുനാൾ ആറു നേരം സേവിച്ചാൽ ദോഷം തീരും.

ചെമ്പ്:—ഛർദ്ദി, ഭേദി, ചൂട്, ഭ്രമം, മൂച്ഛ, പ്രമേഹം, ബലക്ഷയം, ശുക്ലനഷ്ടം, ക്ഷയം, ഇവ ഉണ്ടാകും. കൽക്കണ്ട

വും കൊത്തമല്ലിയും സമം എടുത്തു ചേർത്ത് അരച്ചു മൂന്നുനാൾ അറുനേരം സേവിച്ചാൽ ദോഷം തീരും.

നാഗം:— രക്തദോഷം, കഫം, പാണ്ഡു, കുഷ്ഠം, ഗുന്മം, അരോചകം, ക്ഷയം, ജ്വരം, മൂത്രമടപ്പ്; ശൂല, ഭഗന്ദരം ഇവയെ ഉണ്ടാക്കും. വയമ്പു, കടുക്കാ ഇവ സമം പൊടിച്ച് ശർക്കരയിൽ കലർന്ന് മൂന്നു ദിവസം അറുനേരം സേവിച്ചാൽ ദോഷം തീരും.

വങ്കം:— ഗുന്മം, കുഷ്ഠം, പ്രമേഹം, വാതം, രക്തദോഷം, അഗ്നിമാന്ദ്യം, പാണ്ഡു, ബലക്ഷയം, ഇവയുണ്ടാകും. ശർക്കര, വട്ടത്തിരുപ്പിവേരിലെതൊലി ഇവ സമം പൊടിച്ചു മൂന്നു ദിവസം അറു നേരം സേവിച്ചാൽ വങ്കഭസ്മദോഷം തീരും.

ഓട്;— പ്രമേഹം, അജീർണ്ണം, വാതരോഗം, ഛർദ്ദി, ഭ്രമം, ഇവയെ ഉണ്ടാക്കും. കടുക്കാ ചിഞ്ചു പൊടിച്ചു നെയ്യും ശർക്കരയും കൂട്ടി അറുനേരം സേവിക്കണം.

കാന്തം:—വിഷം, ചൂട്, ഉദരരോഗം, ശുക്ലദോഷം, കാന്തിനാശം, ആയുർക്ഷയം, ഇവയുണ്ടാകും. ഇന്തുപ്പ്, വെണ്ണ, ശിവത, ഇവ ചൂടുവെള്ളത്തിൽ മൂന്നുദിവസം അറുനേരം സേവിക്കണം. അപക്വകാന്തത്തിന്റെ ദോഷംതീരും.

ലോഹം:—കുഷ്ഠം, ശൂല, മോഹം, ക്ഷയം, കാമില, നെഞ്ചുവേദന, വീര്യനാശം, ചൂട്, ഇവ ഉണ്ടാകും. വെള്ളറുകിൻ നീരിൽ തേനോ ശർക്കരയോ ചേർത്ത് സേവിക്കണം. അപക്വലോഹ ഭസ്മത്തിന്റെ ദോഷം തീരും.

രസം:—വെളുത്തുള്ളി, ഏരിക്കുവേര്, കരുവേലം പട്ട, തുളസി, ഇവകൊണ്ടുള്ള കഷായം നാലുനാൾ കവിൾക്രിയ ചെയ്താൽ രസത്തിന്റെ ദോഷം മാറും.

തൈരിൽ ശക്കരചേൎത്തു് നാലുനാൾ സേവിച്ചാൽ രസം സേവിച്ചതുകൊണ്ടു് വയററിൽ ഉണ്ടായ കട്ടപ്പം മുതലായ ദോഷങ്ങൾ മാറും.

ചുരക്കത്തോട്ടു് ചുട്ടു് മോരിൽ കൊടുത്താൽ രസം സേവിച്ച വിഷം മാറും.

## ശുദ്ധി

ഒൻപതു ലോഹങ്ങൾ, അറുപത്തിനാലു പാഷാണങ്ങൾ, ഇരുപത്തി അഞ്ചു ലവണങ്ങൾ, നൂററി ഇരുപത്തി അഞ്ചു ഉപധാതുക്കൾ ഇത്രയും സാധനങ്ങളാണു് രസ വിദ്യയിൽ ഋഷികളാൽ സ്വീകരിക്കപ്പെട്ടിട്ടുള്ളതു്. ഏതു സാധനവും പ്രയോഗത്തിനു ഉപയോഗിക്കുന്നതിനു മുമ്പായി അതിനെ ശുദ്ധി ചെയ്യണമെന്നു വിധിച്ചിരിക്കുന്നു. തങ്കം കാച്ചിയാൽ നിറം മങ്ങുകയില്ല. തങ്കത്തിനു യാതൊരു മലിനതയുമില്ല. എന്നിട്ടും തങ്കത്തിനു ശുദ്ധി വിധിച്ചിരിക്കുന്നു. ഇനി ശേഷത്തിന്റെ കഥ പറയേണ്ടതില്ലല്ലോ. കഞ്ചാവു് ഒരു ചെടിയാകുന്നു. അതും ശുദ്ധി ചെയ്താണു് ഔഷധങ്ങളിൽ ചേൎക്കേണ്ടതു്. ശുദ്ധിചെയ്താലും ചെയ്തില്ലെങ്കിലും മാത്ര അധികരിച്ചാൽ ലഹരിയുണ്ടു്. ഇതിന്മണ്ണംതന്നെ ശുദ്ധിചെയ്താലും ചെയ്തില്ലെങ്കിലും പാഷാണം മാത്ര അധികരിച്ചാൽ ദോഷത്തെ ചെയ്യുന്നു. ഈ സ്ഥിതിക്കു് ശുദ്ധിചെയ്യാതെ മാത്രയുടെ കണക്കനുസരിച്ചു് കൊടുത്താൽ പോരാത്തതെന്തു്? സ്ഥാവര ജംഗമാത്മകമായ സകലത്തിനും സ്വയമേ ഒരു വിഷമുണ്ടു്. ഈ വിഷം ഓരോ സാധനങ്ങളിലും ഓരോ രൂപത്തിൽ അന്തർഭവിച്ചിരിക്കുന്നു. ഈ വിഷം നീക്കാതെ യാതൊരു സാധനത്തിന്റേയും സ്വയഗുണം പ്രകാശിക്കുന്നില്ലെന്നുതന്നെയല്ല, മുറപോലെ സംസ്കരിക്കാതെ സേവിച്ചാൽ കാലാന്തരത്തിൽ ദോഷകോപത്തെ ചെയ്യുന്നതുമാണു്. വൈദ്യശാസ്ത്രത്തിൽ ഇഞ്ചിച്ചാറു തുടങ്ങി സകല ദ

വ്യങ്ങൾക്കും ശുദ്ധി വിധിച്ചിരിക്കുന്നു. ഇതുപോലെതന്നെ സ്ഫുടക്രിയകളിലും ശുദ്ധിതന്നെയാണു മുന്നോട്ടു നിൽക്കുന്നത്. ഒരു സാധനം നീററുന്നതിനു ദശകർമ്മസിദ്ധി എന്നൊരു തത്വം രസവിദ്യയിൽ പ്രബലമായി കാണുന്നു. (ശുദ്ധി, ബന്ധം, ചൂർണ്ണം, സിന്ദൂരം, ഭസ്മം, മെഴുക്, ദ്രാവകം, ജയനീർ, കളങ്ക്, തൈലം, ഇവയെ ദശകർമ്മമെന്നു പറയുന്നു.) പാഷാണവർഗ്ഗങ്ങളിലെ എണ്ണ നീങ്ങിയാൽ അഗ്നിയിൽ പുകഞ്ഞുപോകാതെ വേഗത്തിൽ പചനം വരുന്നതാണ്. ധാതുക്കൾ നല്ലതുപോലെ സംസ്കരിച്ച് അഗ്നിയിൽ പാകപ്പെടുത്തി രോഗത്തിനു കൊടുത്താൽ മാത്രമെ അതു രോഗശാന്തിയെ ചെയ്കയുള്ളു. മററുവിധത്തിൽ പ്രയോഗിക്കുന്നതായാൽ ചിലക്ക് പെട്ടെന്നും, മററു ചിലക്ക് കാലപ്പഴക്കത്തിലും ഉപദ്രവത്തെ ചെയ്യും. അതിനാൽ ധാതുക്കളെല്ലാം ശുദ്ധിചെയ്താണ് നീററുവാനുള്ളത്.

കുപ്പമേനിനീര് ഇടങ്ങഴി-൧. കററാർവാഴനീര് ഇടങ്ങഴി ൧. കുമരിനീര് ഇടങ്ങഴി-൧. ചെമ്പരത്തിപ്പൂവിൻനീര് ഇടങ്ങഴി-൧. ചെറുനാരങ്ങാപ്പുളിനീര് ഇടങ്ങഴി-൧. വെററിലനീര് ഇടങ്ങഴി-൧. മുലപ്പാൽ ഇടങ്ങഴി അരയ്ക്കാൽ. ഇവയെല്ലാം ഒന്നായിച്ചേർത്ത് ഒരു ഭരണിയിലാക്കി, പാറയുപ്പ്, വെടിയുപ്പ്, പൊരികാരം, ചീനക്കാരം ഇവ വകയ്ക്കു പലം-൬. എല്ലാം പൊടിച്ച് മുൻഭരണിയിൽ കൂട്ടിച്ചേർത്ത് ശുദ്ധിചെയ്യാനുള്ള സകല പാഷാണങ്ങളും പ്രത്യേകം പ്രത്യേകം കിഴികെട്ടി ആ ഭരണിയിൽ ഇട്ടുകൊള്ളണം. ലോഹങ്ങൾ ഘനം കുറഞ്ഞ തകടായിട്ടടിച്ചിട്ടുകൊള്ളണം. രാകിപൊടിച്ച് കിഴികെട്ടിയിടുകയും ആവാം. പതിനഞ്ച്ദിവസം കഴിയുമ്പോൾ കിഴികളെല്ലാം എടുത്ത് വയ്പുകാടിയിൽ ഒരുമാസം ഇട്ടുവെച്ചിരുന്ന് പിന്നീട് എടുത്ത് ഓരോന്നും പ്രത്യേകം കഴുകി കുപ്പിയിൽ സൂക്ഷിക്കണം.

ഇതു് വളരെ വിശേഷമായ ശുദ്ധിമുറയാകുന്നു. വൈദ്യത്തിനും രസവാദത്തിനും ഈ ശുദ്ധി വളരെവിശേഷമാണു്. ഇങ്ങനെ ശുദ്ധിചെയ്ത ഓരോമരുന്നുകളും പുടപാകത്തിൽ നല്ലതുപോലെ പചനം വരുന്നതാണു്. കാടിവയ്പു് സാധാരണ ചോറു് ജലത്തിൽ ഇട്ടുവെച്ചിരുന്നു പുളിപ്പിച്ചാൽ മാത്രം മതിയാകുന്നതാണു്.

---

## പടലം ൧൩

### ഉപ്പിന്റെ ഉല്പത്തിക്രമം

മുൻപറഞ്ഞഗുരുച്ചൂന്നമായ മുപ്പൂച്ചൂന്നം, ശിങ്കിച്ചൂന്നം, തുരിശുചൂന്നം ഇവകളിൽ ഏതെങ്കിലും ഒന്നുകൊണ്ടു് പാഷാണാദിസകല ധാതുക്കളേയും ബന്ധിച്ചു നീററാവുന്നതാണു്. മൂലികയുടെ നീരൊഴിച്ചു് അരച്ചു നീററുന്നതിനു വിധിച്ചിട്ടുള്ള യോഗങ്ങളിലും, രസം മുതലായതു ബന്ധിക്കുന്നതിനു വിധിച്ചിട്ടുള്ള സകല പ്രയോഗങ്ങളിലും, ഗുരുച്ചൂന്നം ചേക്കണമെന്നാണു് ആയുവേദവിദഗ്ദ്ധന്മാരായ മുനീശ്വരന്മാരുടെ മതം. ഇതു സവസമ്മതവും അനുഭവവും ആകുന്നു. മേൽപറഞ്ഞ ചൂന്നങ്ങൾ തയ്യാറാക്കുന്നതിനു മുൻപായിതന്നെ ചില ക്രിയകൾ പ്രവൎത്തിച്ചു പരിചയപ്പെടേണ്ടതുണ്ടു്. ജയനീർ, ദ്രാവകങ്ങൾ, മെഴുകുകൾ ഇവയിൽ ഏതെങ്കിലും ഒന്നുകൊണ്ടു് കെട്ടുകളും നീററുകളും സാധിക്കാവുന്നതാണു്. ബന്ധിച്ച ഉപ്പിനെ ചൂന്നമാക്കി അതിനോടുകൂടി വിധിപ്രകാരം നവസാരം ചേൎത്തു മഞ്ഞത്തു വെച്ചാൽ ലഭിക്കുന്ന ഒരുതരം ജലത്തിനാണു് ജയനീരെന്നു പറയുന്നതു്. ഈ ജലംകൊണ്ടു് പുകയുന്ന ചരക്കുകളെ

ജയിക്കാവുന്നതുകൊണ്ടാണ് അതിനു ജയനീരെന്നു പറഞ്ഞു വരുന്നത്. ഒന്നിലധികം സാധനങ്ങളെക്കൊണ്ടും ജയനീരുണ്ടാക്കാവുന്നതാണ്. ജയനീരുണ്ടാക്കേണ്ട സാധനങ്ങൾ ലോഹങ്ങളായാലും പാഷാണങ്ങളായാലും ഉപധാതുക്കളായാലും ലവണവൎഗ്ഗങ്ങളായാലും സവ്വും ചുന്നമാക്കീട്ടാണ് ജയനീരുണ്ടാക്കേണ്ടത്. ഒരു സാധനം പചിച്ച് അതിൽനിന്നും ഉണ്ടാകുന്ന പുകയെ ജലരൂപത്തിലെടുക്കുന്ന പുകനീരിന് ദ്രാവകം എന്നുപറയുന്നു. സർവത്തേയും ദ്രവിപ്പിക്കാനുള്ള ശക്തി ഉള്ളതുകൊണ്ടാണ് ദ്രാവകം എന്നു പറയുന്നത്. ദ്രാവകം ഇറക്കേണ്ട സാധനങ്ങളോടുകൂടെ വെടിയുപ്പും ചീനക്കാരവും ചേത്താണ് ദ്രാവകം എടുക്കേണ്ടത്. രസതന്ത്രവിധി അനുസരിച്ച് സവ്വസാധനങ്ങളും ജയനീർ, ദ്രാവകം, മെഴുക്, തൈലം ഇത്യാദി രൂപങ്ങളാക്കിത്തീക്കാവുന്നതാണ്. ഇങ്ങനെ പ്രവത്തിച്ച് ലഭിക്കുന്ന സാധനങ്ങളോടുകൂടി കടുപ്പമായ കാരം കയററുന്നതിന് രസകപ്പൂരം, സൌവീരം ഇവയും ചേക്കണം. ഇപ്രകാരം കടുങ്കാരമാക്കീട്ട അതുകൊണ്ടാണ് മററുസാധനങ്ങൾ ഉണ്ടാക്കേണ്ടത്. എന്നാൽ ദ്രാവകത്തിൽ സൌവീരം, രസകർപ്പൂരം ഇവ ചേക്കണമെന്നില്ല. ദ്രാവകം ആവത്തനംകൊണ്ട് സ്വതേതന്നെ കുപ്പിയിൽ ഇരിക്കാത്തവിധത്തിൽ കടുങ്കാരം ആവും. എല്ലാററിലും ഗുരുച്ചുന്നം ചേക്കണം. ആദ്യമായി വെടിയുപ്പിനെ ജയനീരാക്കി എടുത്ത് മുപ്പുചെയ്ത് അമ്മുപ്പുവിൽ സ്വല്പം എടുത്ത് ജയനീരും ഒന്നിച്ച് ചേത്തു വെച്ചുകൊണ്ടാൽ ഗുരുചുന്നത്തിനു നഷ്ടമില്ല; ജയനീരു ബലത്തുമിരിക്കും. ചരക്കുകൾ നീറുകയും ചെയ്യും. മുപ്പുച്ചുന്നം ചേക്കാതെ ജയനീരു മുതലായതുകൊണ്ടു നീററുന്നതായാൽ പത്തു് ആവത്തനത്തോളം വേണ്ടിവരും. അധ്വാനം കൂടുകയും ചെയ്യും. ജയനീർ മുതലായവ ഉണ്ടാക്കേണ്ടതിന് പ്രത്യേകകാലങ്ങൾ വിധിച്ചിട്ടുണ്ട്. അതാ

ത്തു കാലങ്ങളിൽ വിധി അനുസരിച്ച് ഉണ്ടാക്കിക്കൊള്ളണം. കാലഭേദം അനുസരിക്കാതിരുന്നാൽ ഗുണ കുറവുണ്ട്. മൂപ്പു മീനം, മേടം ഈ മാസങ്ങളിലും, ജയനീർ, മകരം, കുംഭം ഈ മാസങ്ങളിലും, ദ്രാവകങ്ങൾ, കർക്കടകം, ചിങ്ങം ഈ മാസങ്ങളിലും, സിന്ദൂരങ്ങൾ, കന്നി, ധനു ഈ അവസരങ്ങളിലും, സത്വനിർഗ്ഗമനകർമ്മങ്ങൾ, തുലാം, വൃശ്ചികം ഈ അവസരങ്ങളിലും, രസമണിയുടെ ചാരണ(തീയിൽ ബലപ്പെടുത്തൽ)ഇടവത്തിലും മിഥുനത്തിലും ചെയ്യേണ്ടതാണ്.

ചവുക്കാരച്ചുന്നം, വങ്കച്ചുന്നം ഇവ രണ്ടും ചേരാത്ത തുരിശുചുന്നത്തിനു ബലവും ഫലവും ഇല്ല. വെടിയുപ്പു ചീനക്കാരം ചേരാത്ത ദ്രാവകത്തിനു ഫലമില്ല. കൈപാകം തെററിച്ചെയ്യുന്ന രസമണികൾക്ക് ശക്തിയില്ല. ക്രാമണസഹിതം കൊടുക്കാത്ത സിന്ദൂരങ്ങൾ ഒന്നുംതന്നെ ഉരുകിനില്ക്കുന്ന ലോഹത്തിൽ പ്രവേശിച്ചു മാററുണ്ടാക്കയില്ല. തുരിശു, ഗുരുവായാൽ നല്ല പശിമ ഉണ്ടായിരിക്കണം. പൊരികാരം (പൊൻകാരം, വെൺകാരം)കെട്ടിയാൽ ലോഹങ്ങൾ എന്നപോലെ കരിയിൽ ഉരുകി നില്ക്കണം. തൂക്കം കുറയരുത്. കരി ഗ്രസിക്കരുത്. കെട്ടിയ ചീനക്കാരം മേൽപറഞ്ഞ പൊരികാരംപോലെ ഉരുകണം. കെട്ടിയ ചൂടൻ തീയിൽ എരിയരുത്. കെട്ടിയ പച്ചക്കർപ്പൂരം ഉരുക്കിയാൽ ഉരുകരുത്. കെട്ടിയ തുരിശ് അഗ്നിയിൽ ഇളകരുത്. കെട്ടിയഇന്തുപ്പ് അഗ്നിയിൽ വെടിക്കരുത്. ഇങ്ങനെയാണ് പരീക്ഷിക്കേണ്ടതു്.

## ഉപ്പ്.

പൂനീരുപ്പ്, കല്ലുപ്പു, വെടിയുപ്പ്, ഈ മൂന്നുപ്പുകളെ ആണ് ആദ്യമായി രസതന്ത്രപരിശീലകൻ ശേഖരിക്കേണ്ടതു്. (പൂ—ഭൂമി. നീർ—ചുണ്ണാമ്പ്.) ഭൂമിയിൽനിന്നും

ഉണ്ടാകുന്ന ക്ഷാരമായ ഉപ്പാണ് പൂനീരുപ്പ്. ഇതിൻെറ ഉത്ഭവത്തെപ്പററി സ്വല്പം പറയാം. ചില പ്രദേശങ്ങളിൽ ചുണ്ണാമ്പുകൽ എന്ന പേരോടുകൂടി ഒരുതരം വെള്ളക്കല്ലുകൾ ഭൂമിയുടെ അന്തർഭാഗങ്ങളിൽ വളരുന്നുണ്ട്. ഈ കല്ലുകൾ ഉള്ള പ്രദേശത്തു് മഞ്ഞുകാലത്തിൽ ഈ കല്ലിൽ നിന്നും വെളുത്തവർണ്ണത്തിൽ ഒരു ക്ഷാരമേറിയ ഉപ്പു വളൎന്നു കരിച്ചിൽ പോലെ ഭൂമിയിൽ പൊങ്ങി നില്ക്കുന്നതാണ്. സൂൎയ്യോദയം ഉണ്ടാകുമ്പോൾ അതു പൊടിഞ്ഞു് മണ്ണോടു ചേരുന്നു. ഈ മണ്ണിനെ ചവിട്ടുമണ്ണെന്നും, ഇതിലെ ഉപ്പിനെ ചവിട്ടുപ്പെന്നും പറഞ്ഞുവരുന്നു. സൂൎയ്യോദയത്തിനു മുൻപായി ആ ഉപ്പിനെ എടുത്തുകൊള്ളണം. ഇതാണ് പൂനീരുപ്പ്. ഈ ഉപ്പും കൽച്ചുണ്ണാമ്പിലെ ഉപ്പും കൂടി ഒന്നിച്ചു് ചേരുന്ന ഒരു സത്വമാണ് ചവുക്കാരം എന്നു പറഞ്ഞുവരുന്നതു്. ഭൂമിനാദം എന്നും പൂനീരിനു പേരു പറയാറുണ്ട്. ഭൂമിയെ സ്ത്രീലിംഗമായി ഗണിക്കപ്പെട്ടിരിക്കയാൽ അതിൽ നിന്നും ഉണ്ടാകുന്ന ഒരു തരം രേതസ്സെന്നു താല്പൎയ്യം.

## കല്ലുപ്പ്.

സമുദ്രത്തിൽ പാറക്കെട്ടുകളിൽ തിരയടിച്ചു് ആ പാറകളിൽ ഉപ്പു വിളഞ്ഞു കല്ലുപോലെ വളൎന്നുനില്ക്കും. ഈ ഉപ്പ് സമുദ്രജലത്തിൽനിന്നും ഉണ്ടായതാണ്, എങ്കിലും കറിയുപ്പു പോലെ വേഗത്തിൽ ജലത്തിൽ ലയിക്കുന്നതല്ല. ഇതിനെ വാരിധിനാദം എന്നും "വാരിധിരേതസ്സ്" എന്നും പറയും. മലകളിൽ പാറക്കെട്ടുകളിൽ വൎഷജലമൊ, മഞ്ഞുവെള്ളമൊ തങ്ങിനിന്നു് അതിൽനിന്നും ഒരുതരം പശയുണ്ടായി ക്രമേണ കട്ടിയായി പാറപോലെ ഉപ്പായി വളരുന്നുണ്ട്. ഇതിനും കല്ലുപ്പെന്നും പാറയുപ്പെന്നും പറയുന്നു. മേൽപറഞ്ഞ ഉപ്പുകൾ രണ്ടും ഉടച്ചുനോക്കിയാൽ സ്ഫടികം പോലെ തിളങ്ങും. ഉപ്പിൻെറ സ്വാദുമുണ്ട്. പാറയിൽ ഉണ്ടാ

കുന്ന ഉപ്പിനു ഉറുദുഭാഷയിൽ "പത്തക്കാ നിമക്ക്" "ഇന്ദ്രാണി" എന്നും പറയും. മലകളിൽ പാറക്കെട്ടുകളിൽ വിളയുന്ന ഉപ്പു വളരെ ശ്രേഷ്ഠമുള്ളതാണ്. പഞ്ചാബ് റാഫിൽ പിൻറി എന്ന സ്ഥലത്തു ഉപ്പു വിളയുന്ന മലയൊന്നുണ്ട്. അതിനു "നിമക്കാപ്പാട്ട്" എന്നാണ് പറഞ്ഞുവരുന്നത്. ആ സ്ഥലങ്ങളിലുള്ളവർ ഉപയോഗിക്കുന്നതു് ആ ഉപ്പാകുന്നു. ഔഷധങ്ങൾക്കായി ഉപയോഗിക്കേണ്ടതു് ഈ പാറയുപ്പാകുന്നു. രസവാദവിദ്യയ്ക്കാണെങ്കിൽ സമുദ്രത്തിൽ വിളയുന്ന കല്ലുപ്പു (പാറയുപ്പു)ആണ് ഏററവും നല്ലതു്.

## കറിയുപ്പ്.

ഭൂമിയിൽ പാത്തി ഉണ്ടാക്കി സമുദ്രജലം നിറുത്തി വിളയിക്കുന്ന ഉപ്പാണ് നാം സാധാരണ ഉപയോഗിക്കുന്ന കറിയുപ്പ്. ഈ ഉപ്പു വിളയുന്ന പാത്തിയിൽ അടിയിൽ പാറ പോലെ ഒരു തരം ഉപ്പുകട്ടികൾ ഉണ്ടായിരിക്കും. ഇതു് ബോംബെ പാത്തികളിൽ ധാരാളം ഉണ്ട്. സാധാരണ ഇന്തുപ്പിനു പകരം കടകളിൽ വില്ക്കുന്നതു് ഈ പാത്തി ഉപ്പാകുന്നു. ഇതു് ഉടച്ചുനോക്കിയാൽ മിനുക്കമുണ്ട്. ഉപ്പിൻെറ സ്വാദുമുണ്ട്. ഇതും കട്ടിയായി പാറത്തുണ്ടുകൾ പോലെ ഇരിക്കും. ഇതിൽ മുൻ പറഞ്ഞ പാറയുപ്പുകളുടെ ഗുണമില്ല.

## വെടിയുപ്പ്.

ഊഷരപ്രദേശങ്ങളിൽ കരിശൽമൺഭൂമിയിൽ നിന്നു മഞ്ഞുകാലത്തു് ആ മണ്ണു ശേഖരിച്ചു് ജലത്തിൽ കലക്കി കാച്ചി വററിച്ചു് ഒരുതരം ഉപ്പുണ്ടാക്കാറുണ്ട്. ഇതിനു് വെടിയുപ്പ്, കമ്പിയുപ്പ്, പൊട്ടിലുപ്പ് ഇങ്ങനെ പേരുകൾ പറയാറുണ്ട്. വെടിമരുന്നുകൾക്ക് ഇതു് ഉപയോഗപ്പെടുത്താറുമുണ്ട്. ഔഷധങ്ങളിലും ചേർക്കും.

മേൽ വിവരിച്ച ഉപ്പുകളുടെ ഉത്ഭവത്തിനു കാരണമായിരിക്കുന്നതു് ജലമാണു് എന്നു അന്വേഷണബുദ്ധിമാന്മാർ അറിയുന്നു. ജലം ശിവനും, ഭൂമി ശക്തിയുമായി ഗണിക്കപ്പെട്ടിരിക്കുന്നു. സൎവ്വവും ശിവശക്തിമയമായിട്ടാണു് ഇരിക്കുന്നതു്. രണ്ടിന്റെയും സംയോഗഹേതുവാൽ ഉപ്പുണ്ടാകുന്നു. സാധനങ്ങളെല്ലാം ഉപ്പും പുളിയും ഇങ്ങനെ തരം തിരിച്ചിരിക്കുന്നതു് ഈ തത്വം അസ്പദമാക്കീട്ടാകുന്നു. ഉപ്പു് ശിവനും പുളി ശക്തിയും ആണു്. പുളിച്ചരക്കുകൾ എല്ലാം ശീതവീൎയ്യവും ഉപ്പുചരക്കുകൾ ഉഷ്ണവീൎയ്യവും ആകുന്നു. ഉപ്പിനു പുളിപ്പുണ്ടു്. പുളിക്കു് ഉപ്പും ഉണ്ടു്. ഇവ രണ്ടും ഒന്നല്ല. എന്നാൽ രണ്ടുമല്ല. രണ്ടായിട്ടാണു് ദൃഷ്ടി ഗോചരമായിരിക്കുന്നതു്. ഇതിൻവണ്ണംതന്നെയാണു് സ്ത്രീപുരുഷഭേദങ്ങളെന്നു് അറിയണം. ഇവരു സംയോഗം ഹേതുവായിട്ടു് ശരീരമായ ഉപ്പുണ്ടാകുന്നു. സ്ത്രീപുരുഷന്മാർ തങ്ങളിൽ ബന്ധുശത്രുക്കളാകുന്നു. അവരവൎക്കു അവരവരുടെ ശരീരം ശക്തിയും (സ്ത്രീയും) ജീവൻ ശിവനും (പുരുഷനും) ആകുന്നു. ശരീരമായ സ്ത്രീ അവരവൎക്കു ബന്ധമാണല്ലൊ. ധൎമ്മാൎത്ഥകാമമോക്ഷപ്രാപ്തിക്കു് ശരീരമാണു് ആശ്രയം. ബുദ്ധിമാന്മാർ അതിനെ ബന്ധിക്കണം. ഉപ്പിനു് ആധാരമായിരിക്കുന്ന ജലംകൊണ്ടു് അതായതു് ഉപ്പിനെ കെട്ടിയാൽ കെട്ടപ്പെട്ട ഉപ്പുതന്നെ മുപ്പുവാകും. ശരീരമായിരിക്കുന്ന ഉപ്പിനെ ശരീരാന്തർഭൂതമായിരിക്കുന്ന അപ്പുകൊണ്ടു ബന്ധിക്കപ്പെട്ടാൽ ശരീരം മുപ്പുച്ചൂന്നമായിത്തീരുന്നതാണു്. യോഗിയായും തീരുന്നു. ബന്ധിക്കപ്പെട്ട ഒരു ഉപ്പു് മറെറാരു ഉപ്പിനെ ബന്ധിക്കും. പരസ്പരം മാറി മാറി ബന്ധിക്കും. എല്ലാച്ചരക്കുകളും ബന്ധിക്കും.

"അപ്പിനെക്കൊണ്ടന്ത ഉപ്പിനെ കട്ടിനാൽ
മുപ്പുവാകുമടി"

രസക്രിയകൾക്കു മുൻപറഞ്ഞ ഉപ്പുകളിൽ ഏററവും

ശ്രേഷ്ഠമായത്ത് ഭൂമിനാദവും, അതിനടുത്തത്ത് കല്ലുപ്പും, മൂന്നാം പക്ഷം വെടിയുപ്പും ആകുന്നു. ഇവകളിൽ ആദ്യമായി വെടിയുപ്പിനെ അതിൻെറ ശത്രുവിനെക്കൊണ്ടു ബന്ധിച്ചു കിട്ടുന്ന ചുന്നം ജയനീരാക്കി സകല ഉപ്പുകളേയും വിധിപ്രകാരം ബന്ധിച്ചു ചുന്നമാക്കി കട്ടംകാരമേററി മുഷ്ഠു ചെയ്ത് രസതന്ത്രവിദ്യകൾ പരീക്ഷിക്കുവാൻ ശ്രമിച്ചാൽ ഒന്നുംതന്നെ തെററുന്നതല്ല.

ഇനി ഓരോന്നിൻെറ ശത്രുമിത്രങ്ങളെ കാണിക്കാം.

നവസാരശത്രു:—കല്ലുപ്പ്, ഇന്തുപ്പ്, ചീനക്കാരം, വളയവുപ്പ്, അയസ്സ്, കാന്തം, വെളുത്തീയം, മുട്ടത്തോട്ട്, ചുക്കാൻകല്ല്, കറുത്തിയം, കടൽനുര, അഭ്രം, ചവിട്ടുപ്പ്, കിളിഞ്ചിൽ.

മിത്രം:—താളകം, മനശില, ഗന്ധകം, പൊരികാരം, വെടിയുപ്പ്, സൌവീരം, ചായില്യം, കൽനാർ, ഗൌരിപാഷാണം, നാഗം, മാക്ഷികം, ചെമ്പ്.

വെടിയുപ്പിൻെറ ശത്രു:—കാരീയം, ചവുട്ടുപ്പ്, ചൂടൻ, വെളുത്തീയം, തുരിശ്ശ്, ഇരിമ്പ്, ചെമ്പ്, കാന്തം, രാജവർത്തം, മനശില, തൊട്ടിപ്പാഷാണം, ഗന്ധകം, ശങ്കപടിതാരം, തീമുറുകൽ, മുട്ടത്തോട്ട്, ബാണഗന്ധകം.

മിത്രം:—ചീനക്കാരം, ഇന്തുപ്പ്, കല്ലുപ്പ്, പൊരികാരം, ചായില്യം, വീരം, തുത്തം, താളകം, കാന്തം, നാഗം, കടൽ നുര, മാക്ഷികം, വെള്ളപ്പാഷാണം, കമ്പിളി, പഴംപുളി, രോമം.

Since 1923

കല്ലുപ്പിൻ ശത്രു:—സൌവീരം, രാജവർത്തം, ചവിട്ടുപ്പ്, ചൂടം, ചീനക്കാരം, കാന്തം, ഇന്തുപ്പ്, ശങ്കുപടിതാരം, പവിഴപ്പുററ്, മനശ്ശില, പഴംപുളി.

മിത്രം:—രസകർപ്പൂരം, ഇരിമ്പ്, ചെമ്പ്, പൊരികാരം, ഗൌരീപാഷാണം, നാഗം, ഗന്ധകം, താളകം, മാക്ഷികം, വെള്ളപ്പാഷാണം, അഭ്രകം, ചായില്യം, വങ്കം.

പൊരികാരശത്രു:— ശിലാസത്ത്, പഴമ്പുളി, മുട്ടത്തോട്, ചൂടം, പച്ചകർപ്പൂരം.

മിത്രം.—ശേഷമെല്ലാം കാരത്തിന്ന മിത്രങ്ങളാകുന്നു.

തങ്കത്തിന്റെശത്രു:—നാഗം, മാക്ഷികം, വെടിയുപ്പ് ഗൌരീപാഷാണം, വെള്ളപ്പാഷാണം, ചവിട്ടുപ്പ്, താളകം, ശങ്കുപടിതാരം, വങ്കം, അഭ്രകം, മനശ്ശില, മുട്ടത്തോട്, കുതിരപ്പൽപ്പാഷാണം.

മിത്രം:—മററുള്ളതെല്ലാം മിത്രങ്ങളാകുന്നു.

രസത്തിന്റെ ശത്രു:—ശങ്കുപടിതാരം, ഗൌരീപാഷാണം, വെള്ളപ്പാഷാണം കുതിരപ്പൽപ്പാഷാണം, ശക്തിപാഷാണം, വെടിയുപ്പ്, ഇരിമ്പ്, കാന്തം, ചൂടം, പൊന്നമ്പർ, പച്ചകർപ്പൂരം, മാക്ഷികം, പൂനീരുപ്പ്.

മിത്രം:—അഭ്രകം, നാഗം, കാരീയം, വങ്കം, മനശില, ഗന്ധകം, സൌവീരം, താളകം, തൊട്ടിപ്പാഷാണം, വെള്ളി, ചെമ്പ്, തുരിശ്ശ്, നവസാരം, പൊരികാരം, അഞ്ജനക്കല്ല്, തുത്തം, തീമുറുകൽ, പവിഴപ്പുററ്.

ഇരുമ്പിൻ ശത്രു:—അഭ്രകം, പൊരികാരം, മുട്ടത്തോട്ട്, വെങ്കലം, മാക്ഷികം, വങ്കം, കിടിക്കിൽ, കാരോട്ട്, ഗന്ധകം, നവസാരം, മനയോല, സൌവീരം, മൃതാർശിങ്കി, ഗൌരീപാഷാണം, വെള്ളപ്പാഷാണം, ശിലാസത്ത് പൂനീരുപ്പ്.

മിത്രം:—വെള്ളി, ഗൌരി, നാഗം, കാന്തം, ചെമ്പ്, പച്ചകർപ്പൂരം, ഭൂനാഗം, രാജവർത്തം, തങ്കം, ഗന്ധകച്ചെമ്പ്, മയൂരച്ചെമ്പ്, ചൂടം.

നാഗത്തിൻശത്രു:-മുട്ടത്തോട്ട്, കല്ലുപ്പ്, വെടിയുപ്പ്, ചീനക്കാരം, വങ്കം, ഓട്ട്, വെള്ളി, വെങ്കലം, കാരോട്ട്, വീരം, ശംഖപടിതാരം, അഫീൻ, കുരുമുളക്, വെള്ളപ്പാഷാണം, വളയലുപ്പ്, അന്നഭേദി.

മിത്രം:—അഭ്രകം, ഇരുമ്പ്, കാന്തം, ശിലാസത്ത്, മാക്ഷികം, ചെമ്പ്, ഗൌരീപാഷാണം, രസം, ഗന്ധകം, ഭൂനാഗം, മയൂരച്ചെമ്പ്, കാരീയം നവസാരം ചൂടം.

കാരീയത്തിൻ ശത്രു:—അയസ്കാന്തം, മാക്ഷികം, രാജവർത്തം, മുട്ടത്തോട്ട് നത്തച്ചത്തോട്ട്, ഗൌരീപാഷാണം, ഗന്ധകം, കൽചുന്നം, അഭ്രകം, വെടിയുപ്പ്, കല്ലുപ്പ്, കൽനാർ, സഹസ്രഭേദി.

മിത്രം:—നാഗം, മയൂരച്ചെമ്പ്, ഭൂനാഗച്ചെമ്പ്, വെള്ളി, വങ്കം, രസം.

വെളുത്തീയത്തിൻ ശത്രു:—കറുത്തീയം, രസം, തുത്തം. മിത്രം:—കാരീയത്തിനുള്ളവതന്നെ.

# പടലം ൧൪

## ദ്രാവകങ്ങൾ

കടയിൽവില്ക്കുന്നവെടിയുപ്പ് മൂന്നപ്രാവശ്യം കാച്ചിയതാകയാൽ കരിമരുന്നുപ്രയോഗത്തിന്ന കൊള്ളാം. രസപ്രയോഗത്തിന്ന കൊള്ളുകയില്ല. ഔഷധങ്ങളിൽ ചേക്കുന്നതിന്ന ആ ഉപ്പിനെ കൊണ്ടുവന്ന പ്രത്യേകം കാച്ചണം.

## വെടിയുപ്പുകാച്ചുന്നക്രമം

നാഴിഉപ്പുപൊടിച്ച് ഇരുനാഴിവെള്ളത്തിൽ കലക്കി തിളപ്പിച്ച് പതിന്നാലു മടക്കുതുണിയിൽ അരിക്കണം. പിന്നീട്ട ആ വെള്ളം വററിക്കണം. മുഴുവനും വററുന്നതിന്നമുമ്പായി ഈക്കിൽകൊണ്ടു അതിനെ തൊട്ടുനഖത്തിൽ വച്ചാൽ തുവരപ്പരിപ്പിൻെറ ആകൃതിയിൽ ഉപ്പു ഉറഞ്ഞിരിക്കും. ഈ പാകം കാണുമ്പോൾ അടുപ്പിൽ നിന്നും താഴത്തിറക്കി പരപ്പുള്ള പിഞ്ഞാണത്തിൽ ഒഴിക്കണം. ഒന്നുരണ്ടു ദിവസത്തിന്നുള്ളിൽ കമ്പിപോലെ ഉപ്പു വിളഞ്ഞിരിക്കും. ഈ ഉപ്പു ഉണക്കി സൂക്ഷിക്കണം. ഇതിനെ നാലാം കാച്ചുപ്പു എന്നു പറയുന്നു അതിനെ വീണ്ടും പഴയപോലെ കാച്ചിയാൽ അഞ്ചാം കാച്ചുപ്പാകും. ഇങ്ങനെ ആവശ്യംപോലെ കാച്ചി എടുത്തു കൊള്ളണം. എവിടെ എവിടെ എത്രാം കാച്ചുപ്പു ചേക്കണമെന്നു വിധിക്കുന്നുവോ അവിടവിടെ മേൽപ്രകാരം കാച്ചി എടുത്തു ചേത്തുകൊള്ളണം. ആവത്തിച്ചു പത്തുപ്രാവശ്യം കാച്ചിയാൽ അതിന്ന ദശമീകൃത ചെയ്ത ഉപ്പെന്നാണുപേർ. അതിൽ കൂടുതൽ കാച്ചണമെന്നില്ല.

## വെടിയുപ്പ്ദ്രാവകം

അഞ്ചാം കാച്ച വെടിയുപ്പ പലം-൧൦. ചീനക്കാരം പലം ൨൰. ഇവരണ്ടും പ്രത്യേകം പ്രത്യേകം പൊടിച്ചതിൽ പിന്നീട്ട രണ്ടും ഒന്നിച്ച യോജിപ്പിച്ച പൊടിച്ച കലത്തിലാക്കി ദ്രാവകം ഇറക്കുന്നതിനുള്ള വാലയന്ത്രം ഉറപ്പിച്ച അടുപ്പിൽ വെച്ച ക്രമമായി എരിച്ചുകൊള്ളണം. വാലയന്ത്രത്തിൻെറ നാളത്തിൽ കൂടി ദ്രാവകം ഇറങ്ങും. ആദ്യമായി ഇറങ്ങുന്ന ദ്രാവകം വെള്ളനിറത്തിലും പുളിപ്പരസമുള്ളതുമായിരിക്കും. ഇതിനെ ഉപേക്ഷിച്ച കളയണം. മഞ്ഞ നിറത്തിലും നാക്കിൽ സ്പർശിച്ച നോക്കിയാൽ ബഹു ക്ഷാരമായും കാണുന്ന ദ്രാവകം സൂക്ഷിയ്ക്കണം. മരുന്നിലെ ദ്രാവകം അശേഷം ഇറങ്ങിതീൎന്നാൽ പിന്നീട്ട പുക കാണുന്നതല്ല. വാലയന്ത്രത്തിൽ ദ്രാവകം എടുക്കേണ്ടവിധം കണ്ടു മനസ്സിലാക്കേണ്ടതാണു. (വാലയന്ത്രം തിരുവനന്തപുരം കരകൗശലശാലയിൽ വില്പനയ്ക്കു വെച്ചിട്ടുണ്ടു.)

## രസപുഷ്പം

പത്തുകഴഞ്ചു ബാലരസം ഓരോകഴഞ്ചുവീതം പ്രത്യേകം പ്രത്യേകം ഓരോ പിഞ്ഞാണിയിൽ ഒഴിച്ച രസം മുങ്ങി ഇരിക്കത്തക്കവണ്ണം മുൻപറഞ്ഞ ദ്രാവകം ഒഴിച്ച സൂൎയ്യരശ്മിയിലെ പുറമുറിക്കുള്ളിലൊ വെച്ചിരുന്നാൽ സൂൎയ്യകിരണം പോലെ ഒരുതരം ഉപ്പ വിളയുന്നതാണു. ഈ ഉപ്പിനു രസപുഷ്പമെന്നു പറയുന്നു. ഇപ്രകാരം ആവശ്യമുള്ളിടത്തോളം രസപുഷ്പം ശേഖരിച്ച ഉണക്കി സൂക്ഷിച്ച കൊള്ളണം. വേഗത്തിൽ ശേഖരിക്കുന്നതിനാണ പത്തു പിഞ്ഞാണിയിൽ ഒഴിക്കണമെന്നു പറഞ്ഞിട്ടുള്ളതു. ഈ ദ്രാവകം വായുക്ഷോഭം, അഗ്നിമാന്ദ്യം മുതലായ രോഗങ്ങൾക്കു അര ഔൺസു വെള്ളത്തിൽ അഞ്ചു തുള്ളിവരെ ചേൎത്തു കൊടുക്കാം. അവൎത്തിച്ചതു അതിലും കുറച്ച കൊടുക്കണം.

## ദ്രാവകത്തിന്റെ ആവർത്തനക്രമം

മേൽപറഞ്ഞ ദ്രാവകം, മുൻപോലെ ദീക്ഷചെയ്ത വെടിയുപ്പും ചീനക്കാരവും ചേർത്തു പൊടിച്ചു പൊടിയിൽ തളിച്ചു വെയിലിൽ ഉണക്കി മുൻപോലെ ദ്രാവകം ഇറക്കണം. ഇപ്രകാരം ഒരു പ്രാവശ്യം ആവർത്തിച്ചാൽ ഒരാവർത്തന ദ്രാവകം എന്നുപറയപ്പെടുന്നു. ആ ദ്രാവകം തന്നെ വീണ്ടും വെടിയുപ്പും ചീനക്കാരവും ചേർത്തു മിശ്രത്തിൽപിടിപ്പിച്ചു ദ്രാവകം ഇറക്കിയാൽ രണ്ടാവർത്തന ദ്രാവകം എന്നു പറയപ്പെടുന്നു. ഇങ്ങനെ പത്തുവരെ ആവർത്തിച്ചുകൊള്ളാം. സാമാന്യമായി അഞ്ചാവർത്തനം മതിയാകുന്നതാണു. വിശേഷാൽ വിധിച്ചിട്ടുള്ള യോഗത്തിനു കൂടുതലാവർത്തിച്ചു ചേർത്തുകൊള്ളണം. ഈ ദ്രാവകത്തിൽ ചരക്കുകൾ ബന്ധിക്കയും നീററുകയും ചെയ്യാം.

## കഫകുലാന്തകദ്രാവം

ഏട്ടാം കാച്ചു വെടിയുപ്പു പലം൨. ചീനക്കാരം പലം൨. വറുത്തുപൊടിച്ച തുരിശു പലം ൧. പൊരികാരം പലം ൧. കല്ലുപ്പു പലം ൧. പൂനീർ പലം൩. ഇവയെല്ലാം നല്ലതുപോലെ പ്രത്യേകം പൊടിച്ചു പിന്നീടു എല്ലാം ചേർത്തു പൊടിച്ചു യോജിപ്പിച്ചു കലത്തിലിട്ടു മേൽ വാലയന്ത്രം ഉറപ്പിച്ചു ദ്രാവകം ഇറക്കണം. ഈ ദ്രാവകം മൂന്നാവർത്തനം ചെയ്താണു കാളമേഘനാരായണസിന്ദൂരം തയ്യാറാക്കേണ്ടതു്. കഫക്കെട്ടിനു അഞ്ചു തുള്ളിവരെ അര ഔൺസു വെള്ളത്തിൽ കൊടുക്കണം.

Since1923

## പടലം ൰൩

## സിദ്ധവൈദ്യൻ

പകരുന്ന വ്യാധികളില്ലാത്ത ആചാര്യനെ കണ്ടുപിടിച്ചു അദ്ദേഹത്തിൽനിന്നും അജപാവിധിപൂർവ്വകം ആത്മധ്യാനപരിശീലനത്തോടുകൂടി ആയുർവേദം അഭ്യസിക്കണം. മൂന്നു സംവത്സരം ധ്യാനപരിശീലനം കഴിഞ്ഞു ഉടൻ കല്പസേവയും ചികിത്സാ ശാസ്ത്രങ്ങളും പരിചയിക്കണം. കല്പസേവയുടെ ഉപയോഗത്തെപ്പറ്റി സ്വല്പം ഇതിൽ സൂചിപ്പിക്കാം.

തിൻറിടിൽ കല്പംതാനും ജയപ്പെട്ടും മുറയൈക്കേള്
മൻറിടിൽ നാദവിന്താൽ വളർ പെറ വന്തേദേഹം
വൻറിടും വയസ്സ ആറുപരുവമായ് പിറക്കിൻറേറാക്ക്
റയൻറിടിൽ ഇളന്തൈ കാലം ഇയൽപതിനെന്നുപോമേ
പോകുമേ കാമമൊക്കെപ്പൂണർച്ചിയിൽ പത്തിരണ്ടു
വാകുമേ വിരുത്ത കാലം വയതുപോമിരുപതങ്കേ
താകുമേ നടുവിന്നിക്കും തന്നിപ്പട നാല്പത്തൈന്തു
ആകുമേ രാക്കാലത്തിലഴിന്തിടും പകുതിപോമേ.
പാതിയിൽ എന്ന പാർപ്പാർ പലപല നൂൽകൾ മെത്ത
പാതിയിൽ എന്ന ഞാനം പാക്കയിലെയ്യമാട്ടാർ
പാതിയിലെന്ന യോകം പലിക്കുമോ പലിയാതപ്പാ
പാതിയിൽ കായ ചിത്തി പലിത്തിട്ടും പൺപായ്ത്തിന്നെ
പലിത്തിടിൽ കായ ചിത്തി യോകമും പലിക്കുമപ്പാ
വിന്തുവും നാദമും രസം കെന്തിമുറയായി ഉണ്ണേ.
പോകുമേ ചട്ടയാകിൽ പുരം ചിത്തി മുറയൈക്കേള്
വാകുടൻ നാദവിന്താൽ വളന്തോരു തേഹം പോച്ചു

വാകുടൻ രസമേ വിന്തു പരിന്ത നൽകെന്തിനാദം
വാകുചേർ രണ്ടുംകൂടി വാശിയിനടലതാച്ചേ
അച്ചിതു രണ്ടുമേഹം വാലിയേ ഞാനവീതി.
പോച്ചിതു ചാവുപൊയ്യി പൊയ്യിപ്പത്തിയേ ഉറൈന്തുഉണ്ണു
വാച്ചതേ കൈയിൽ വാശിമനമെട്ടും മാക്കത്തോടി
യേച്ചതേ മായവാൾ കൈ എൻറു നീ ഏറിപ്പാരെ
പാരു നീ മലൈകൾതോറും പലപല കറുത്ത കല്പം
കോരു നീ ഉണ്ടു ഉണ്ടു കുമട്ടിട്ടു ചട്ടയെല്ലാം.
കാരുനീ പത്തിയത്തൈ കടുംപുളി ഉപ്പും പെണ്ണും
പാരുനീ ചിത്തരോടു വചനിത്തു ഞാനംപേശ
ഞാനമും ചിത്തിയാകും നററൊഴിൽ എട്ടുമാകും
പാനമും അത്താൾ പാനം പരിവുടൻ കൊണ്ടുവാ നീ
വാനമും നിറക്കത്തൊനെ വാശിയിലേറിയാടേ.

മാതാപിതാക്കന്മാരുടെ ശുക്ലശോണിത (നാദബിന്ദു) സംബന്ധത്തിലുണ്ടായ നമുക്ക് സാധാരണ വയസ്സ് നൂറാണ്. ഇതിൽ ബാല്യകാലത്തിൽ 15, യൌവ്വനത്തിൽ 20, വാർദ്ധക്യ ദശയിൽ 20. ഇങ്ങിനെ 55 വയസ്സ് നഷ്ടമായതിൽ പിന്നീട്ട് ശരീരത്തോടുകൂടി ബുദ്ധിപൂർവ്വം പ്രവർത്തിക്കാവുന്നതായ കാലം 45 വർഷം മാത്രമാകുന്നു. ഇതിൽ ഒന്നു പാതി ഉറക്കം കൊണ്ടു നഷ്ടമാകുന്നു. ബാക്കി 22ൽ വർഷം മാത്രമെ ശേഷിപ്പുള്ളു. ഭൂലോകത്തിൽ സ്പഷ്ടമായും അസ്പഷ്ടമായുമുള്ള പല രഹസ്യതത്വങ്ങളെ പ്രകാശിപ്പിച്ചിട്ടുള്ള ഋഷിവചനങ്ങളായ തത്വഗ്രന്ഥങ്ങൾ തന്നെ കോടികോടി ഉണ്ട്. അതുകൾ വായിച്ചറിവാൻപോലും മേൽപറഞ്ഞ കാലം മതിയാകുന്നതല്ല. ആത്മജ്ഞാന സിദ്ധിയൊ യോഗസിദ്ധിയൊ ഇവ ഒന്നും തന്നെ ആ ചുരുങ്ങിയ കാലത്തിനുള്ളിൽ സാദ്ധ്യമായിത്തീരുന്നതല്ല. സകലവിധ പുരുഷാ

ത്ഥങ്ങൾക്കും മുമ്പിട്ടു നില്ക്കുന്നതു് ധനവും ദേഹവും ആകുന്നു. സമുദായപരിഷ്ക്കാരത്തിന്നായാലും കുടുംബരക്ഷക്കായാലും യോഗസിദ്ധിക്കായാലും സ്ഥിരദേഹവും ധനവുമാണ് മുമ്പിട്ടുനില്ക്കുന്നതു്. സ്ഥിരദേഹം, ധനം, ബുദ്ധി ഇവ മൂന്നും കൈവശപ്പെട്ട പുണ്യവാനാണ് മനുഷ്യൻ എന്നു ഗണിക്കപ്പെടേണ്ടതു്. മേല്പറഞ്ഞ അല്പകാലം കായസിദ്ധിക്ക മതിയാകുന്നതും കായസിദ്ധി ഒന്നുകൊണ്ടുതന്നെ സ്ഥിരദേഹം, ധനം, പ്രജ്ഞ ഇവ മൂന്നും സാദ്ധ്യവുമാകുന്നു. ആത്മധ്യാനംകൊണ്ടും കല്പൌഷധരസായനങ്ങളെക്കൊണ്ടും സ്വശരീരം ബന്ധിക്കണം. അങ്ങിനെ ചെയ്യുന്നവക്ക് അരോഗദൃഢഗാത്രം ചിരംജീവിത്വം, ദിവ്യത്വം, സ്ഥിരബുദ്ധി, സൌഭാഗ്യം എന്നിവ ഉണ്ടാകുന്നതാണ്. അവരുടെ ഉദ്ദിഷ്ടകാര്യങ്ങളെല്ലാം പ്രതിബന്ധം കൂടാതെ സാധിക്കയും ചെയ്യും. അവർ പരോപകാരാത്ഥം ഗൃഹസ്ഥന്മായിരിക്കയും ചെയ്യും. യോഗങ്ങളിൽ വെച്ച് ഹംസയോഗവും മന്ത്രങ്ങളിൽ വെച്ച് പ്രണവവും ഗിരികളിൽവെച്ച് മഹാമേരുവും എപ്രകാരം ശ്രേഷ്ഠമായിരിക്കുന്നുവോ അപ്രകാരം കല്പസാധകവും ശ്രേഷ്ഠമാണ് എന്നു പരമേശ്വരൻ പാവ്വതിയെ കേൾപ്പിക്കുന്നു. ശിവജ്ഞാനദീപിക മുതലായ അനവധി ഗ്രന്ഥങ്ങൾ കല്പസേവയുടെ മാഹാത്മ്യത്തെക്കുറിച്ച് പ്രതിപാദിക്കുന്നു. ഈ കല്പസേവനിമിത്തം ശിവയോഗമായ മഹായോഗവും സുലഭമായി സാധിക്കാവുന്നതാകുന്നു. രസം, ബിന്ദുവെന്നും ഗന്ധകം, നാദം എന്നും പറയപ്പെട്ടിരിക്കുന്നു. ശരീരശുദ്ധി മുതലായതു വിധിപൂവ്വം ആചരിച്ചശേഷം ഗുരൂപദേശമനുസരിച്ച് രസസേവ ആചരിക്കണം. തന്നിമിത്തം നാദബിന്ദുമയമായ ശരീരത്തിൽ രസദേഹം സിദ്ധിക്കുന്നതാണ്. പ്രാണശക്തിയും വായുക്കളും ബലപ്പെടും. ബലപ്പെട്ട പ്രാണവായുവിനെക്കൊണ്ടല്ലാതെ ചിദാകാശമൊ മനോമണ്ഡലമൊ ഭേദ്യമായി വരുന്നതല്ല. സേവ ആറുമാസം ആകുമ്പോഴേയ്ക്കും

ശരീരത്തിനു മാററങ്ങൾ സംഭവിക്കും. ആ മാററമനുസരിച്ച് ലോഹവേധവും പ്രത്യക്ഷാനുഭവമാകുന്നതാണ്. അസ്ഥി, ദന്തം മുതലായവകൾ വജ്രംപോലെ ഉറപ്പായിരിക്കും. തേജസ്സോടുകൂടിയ ശരീരവും സിദ്ധിക്കും. ദൂരദൃഷ്ടി, ദൂരശ്രവണശക്തി, വിശേഷബുദ്ധി, അജരത്വം, യൌവനം ഇവ ഉണ്ടാകും. മലമൂത്രാദികളുടെ സ്പർശംകൊണ്ട് ലോഹങ്ങൾ സ്വർണ്ണമാകും. ഈ സിദ്ധവൈദ്യന്റെ ശ്വാസസ്പർശംകൊണ്ട് രോഗികളുടെ കഠിനവ്യാധികളും കൂടി നശിക്കുന്നതാണ്. ശരീരമലങ്ങളിൽ സർവ്വ ധാതുക്കളും മൃതമാകുന്നതാണ്. അവരുടെ സകല ഔഷധങ്ങൾക്കും പ്രഭാവസിദ്ധി ഉണ്ടാവും. കല്പം സേവിച്ച് ശരീരം ബന്ധിച്ച് ഗൃഹസ്ഥനായിരുന്ന് പരോപകാരാർത്ഥം പ്രതിഫലം കൂടാതെ ചികിത്സ ചെയ്ത് ഒട്ടുകാലം കഴിഞ്ഞ് മലകളിൽ സഞ്ചരിച്ച് അവിടങ്ങളിൽ സിദ്ധപുംഗവന്മാരുമായി സന്ധിച്ച് സാധാരണ ലഭിക്കാത്ത ഉപരസങ്ങൾ പാഷാണങ്ങൾ ഇവകൾ കണ്ടു മനസ്സിലാക്കിയും അഷ്ടസിദ്ധിമണികൾ യോഗം, ജ്ഞാനം ഇവയേയും പററി കൂടുതൽ വിജ്ഞാനം സമ്പാദിച്ച് അവിടെത്തന്നെ താമസിച്ച് ഓരോ ഋഷികളാൽ മുൻകാലത്തു കറുപ്പു വർണ്ണം കയററിയതും അവർ സേവിച്ചതുമായ കരിനൊച്ചി, കരിനെല്ലി മുതലായ സിദ്ധമൂലികകളെ സേവിച്ച് സ്ഥിരസമാധിയിൽ ഇരുന്ന് ധ്യാനനിഷ്ഠ പൂർത്തിയാക്കി പരമപദം പ്രാപിച്ച് ജന്മസാഫല്യം വരുത്തിക്കൊള്ളണമെന്ന് മഹാന്മാർ ഉദ്ഘോഷിച്ചിരിക്കുന്നു. മുൻകാലത്തുള്ള മഹാന്മാർപോലും ഇപ്രകാരം പ്രവർത്തിച്ചു വേണ്ടതുപോലെ സ്വരക്ഷയും ജനരക്ഷയും ചെയ്തുവന്നിരുന്നു.

Since 1923

---

# പടലം ൧൩.

## ശരീരശുദ്ധി.

രസം പിടിപ്പിക്കേണ്ട സാധനം അത്യമായി പരിശുദ്ധമാക്കുന്നതുപോലെ രസകല്പം ശരീരത്തിൽ ശീലിക്കുവാൻ അഗ്രഹിക്കുന്നവർ മുൻകൂട്ടി ശരീരശുദ്ധിക്കായി താഴെ വിധിച്ചിട്ടുള്ള ഔഷധങ്ങൾ ഉപയോഗിക്കണം.

ഒന്നാമത്—കടുക്കാപ്പൊടി, ചുമന്നകടുക്ക അല്ലെങ്കിൽ മഞ്ഞൾ നിറമുള്ള കടുക്ക വാങ്ങി തല്ലിത്തോടു എടുത്തുണക്കിപ്പൊടിച്ചു് ശീലപ്പൊടി എടുത്തു. സൂക്ഷിച്ചുകൊള്ളണം. ഇരുപതു വയസ്സിനുമേൽ ൨൫ വയസ്സിനകം ഉപയോഗിക്കുന്നവരായാൽ ൨൦ ദിവസം ൪ നേരവും, ഇരുപത്തഞ്ചു വയസ്സിനുപരി മുപ്പതിനകം ൩൦ നാൾ ൩൦ നേരവും, മുപ്പതിനുമേൽ നാല്പതിനകം ൪ നാൾ ൪൦ നേരവും ൪൦ മുതൽ അൻപതുവരെ ൫൦ നാൾ ൩൦ നേരവും അൻപതിനുമേൽ അറുപതുവരെ ൬൦ നാൾ ൨൦ നേരവും, ഉപയോഗിക്കണം. താഴെപ്പറയുന്ന ക്രമമനുസരിച്ചാണു് അനുപാനം ചെയ്യേണ്ടതു്.

മേടം മിഥുനം കർക്കടകം ഈ മാസങ്ങളിലാണെങ്കിൽ ശർക്കര അനുപാനവും, ചിങ്ങം, കന്നി ഈ മാസങ്ങളിലാണെങ്കിൽ ഇന്തുപ്പു് അനുപാനവും, തുലാം, വൃശ്ചികം, ഈ മാസങ്ങളിലാണെങ്കിൽ പഞ്ചസാര അനുപാനവും, ധനു മകരം ഈ മാസങ്ങളിലാണെങ്കിൽ ചുക്കുകഷായം അനുപാനവും കുംഭം മീനം ഈ മാസങ്ങളിലാണെങ്കിൽ തേൻ അനുപാനവും ചെയ്തുകൊള്ളണം. മേടം, ഇടവം ഈ മാസങ്ങളിലാണെങ്കിൽ അമരിനീരിൽ സേവിക്കണം.

രണ്ടാമത്ത്—ഒരു സംവത്സരം പഴക്കം ചെന്ന കുരുമുളക നാൾ ഒന്നുക്കു അഞ്ചഞ്ചുവീതം വൎദ്ധിപ്പിച്ച് 20 നാൾ കൊണ്ടു 100-ം, പിന്നീട് അഞ്ചുവീതം ദിവസേന കുറച്ച് ഇരുപതുനാൾ സേവിക്കണം. ഇപ്രകാരം ആകെ 40 നാൾ സേവിക്കണം. അനുപാനം അമരിനീര്. ചൂട് ഉണ്ടാകുന്നതാണെങ്കിൽ ഇടനേരത്തു മുതണ്ടകഷായം ഉപയോഗിക്കണം.

## മുതണ്ടക്കഷായം.

ചെറുകറുക വേരു പിടി ഒന്ന്. കുരുമുളക ൨൫, ൧൬ ഇടങ്ങഴി വെള്ളത്തിൽ കഷായം വച്ച് ഉഴക്കാക്കി സ്വല്പം പശുവെണ്ണസഹിതം ൨ നേരം സേവിക്കണം. ഒരു ദിവസം സേവിച്ചാൽമാത്രം മതിയാകും. ഇപ്രകാരം ആവശ്യം എന്നു തോന്നുന്ന ദിവസം ആചരിക്കണം. ശരീരത്തിലെ ചൂട്ട നിശ്ശേഷം മാറിപ്പോകും. ഈ കഷായവും ഒരു കല്പംതന്നെയാണ്.

മൂന്നാമത്ത്—ചിററമൃതിൻ കിഴങ്ങുണക്കിപ്പൊടിച്ച് ശിലപ്പൊടിയെടുത്തു കഴഞ്ചു കാൽ, ജീരകപ്പൊടി കഴഞ്ച് അര, കല്ക്കണ്ടം പൊടിച്ചതു കഴഞ്ച് അര, മൂന്നുംകൂട്ടി നാല്പതുനാൾ ൨ം നേരം സേവിക്കണം.

നാലാമത്ത്—ആടലോടകമണിയൻ നിഴലിലുണക്കിപ്പൊടിച്ച പൊടി കഴഞ്ച് ഒന്ന്, തേൻ അനുപാനത്തോടുകൂടി ൨ം നേരം സേവിക്കണം.

അഞ്ചാമത്ത്—൧൦൦ സംവത്സരം പഴക്കംചെന്ന വേപ്പിന്റെ പട്ട ഉണക്കിപ്പൊടിച്ച് കരിങ്കുന്നിയിലച്ചാററിൽ ഭാവനചെയ്തുണക്കിപ്പൊടിച്ച പൊടി കഴഞ്ച് അരയ്ക്കാൽ,

കല്ലുണ്ടു് കഴഞ്ചു് ഒന്നു്, രണ്ടും തമ്മിൽ യോജിപ്പിച്ചു് ഉം നേരം സേവിക്കണം.

ആറാമതു്—കയ്യുണ്യം, കുപ്പമേനിഇല, ചെറൂപ്പുള്ളടി, മൂന്നും നിഴലുണക്കി സമം തൂക്കി എടുത്തു പൊടിച്ചതു് കഴഞ്ചു് ഒന്നു്, തേൻ അനുപാനസഹിതം ഉം നേരം സേവിക്കണം.

ഏഴാമതു്—ശിവനാർവേമ്പു, വാലുഴവവിത്തു, ഇവ രണ്ടും ഒന്നിച്ചു കുഴിത്തൈലം ഇറക്കി കാൽകഴഞ്ചു് തൈലം, അത്രയും ജീരകപ്പൊടി സഹിതം ഉം നേരം സേവിക്കണം.

എട്ടാമതു്—തുളസിയില, കൊന്നപ്പൂ, തക്കോലം, ജാതിക്കാ, വാലുഴവവിത്തു, കൊടുവേലിക്കിഴങ്ങു്. നിലപ്പനക്കിഴങ്ങു് ഇവകൾ സമം ഉണക്കിപ്പൊടിച്ച പൊടി കഴഞ്ചു് ഒന്നു്, നെയ്യിൽ ഉം നേരം സേവിക്കണം.

ഒൻപതാമതു്—കാന്തസിന്ദൂരം ഉം നേരം തേൻ നെയ്യു് അനുപാനം.

പത്താമതു്—അഭ്രകസിന്ദൂരം. ഉം നേരം. തേൻ നെയ്യു് അനുപാനം.

ഇപ്രകാരം മേല്പറഞ്ഞ ഔഷധങ്ങൾ ശീലിച്ചതിൽ പിന്നീടാണു് രസകല്പം ഉപയോഗിക്കേണ്ടതു്. ആ കാലങ്ങളിൽ സഞ്ചാരം ചെയ്യുകയും കാററു ഏല്ക്കുകയും ചെയ്യരുതു്.

രസകല്പം സേവിക്കേണ്ടും ക്രമം. അദ്യത്തെ ഏഴു ദിവസം ഓരോ കുന്നിയിടവീതം രണ്ടുനേരവും സേവിക്കണം. അതു കഴിഞ്ഞാലുടനെ ഏഴുദിവസം സേവനിർത്തണം. പിന്നീടും ആവർത്തിച്ചു പത്തു ദിവസം സേവിക്കണം. അതു കഴിഞ്ഞാൽ അഞ്ചു ദിവസം നിർത്തണം. പിന്നീടു പതിനഞ്ചു ദിവസം സേവിക്കണം. പിന്നീടു പതിനഞ്ചു

ദിവസം നിത്തണം. പിന്നീട്ട മുന്തപാലെ ഇടവിടാതെ സേവിക്കണം. ശരീരത്തിൽ ചൂടുണ്ടാകുന്നപക്ഷം മൃതണ്ട ക്കഷായം ഒരു ദിവസം രണ്ടുനേരം സേവിക്കണം. ചന്ദനം, പനിനീര, കുങ്കുമപ്പൂ, സവ്വാദ്, പുനക ഇത്യാദി സുഗന്ധവസ്തുക്കൾ ശരീരത്തിൽ പൂശണം. സംഗീതവാദ്യഘോഷനൃത്താദികളിൽ മനസ്സിനെ ഉല്ലസിപ്പിക്കണം. യൌവനയുക്തരായ തരുണീമണികളുമായി സല്ലപിക്കണം. എന്നാൽ കാമവികാരങ്ങളെ മനസ്സിൽ ഉദിപ്പിക്കപോലും ചെയ്യരുത്. സേവമോചനം വന്നതിന്റെശേഷം വിഷയസുഖം നിശ്ശേഷം വജ്ജിക്കണമെന്നില്ല.

"ഇന്തനല്ലകല്ലമതിൽ-കൊഞ്ചം-ഇനിമയായ്കൊള്ളാ-
മൽ ഊതിതിരിവാർകൾ.
മലൈ മട്ടമാനകരി-ഊതി-തരൈ മട്ടമായ്പ്പോയും
ഉലൈ തിട്ടമാകിയതു-കിട്ടം-ഓങ്കം മലൈപോലായും
പെരും കുരട്ട കാൽ കട്ടയതായ്-തേയ്ന്തു-
പേണിയവൻ മട്ടയതായ്
തുരുത്തിവായ് മട്ടമായ്-തോയ്ന്തും
ചുട്ടിടവെ നിനൈപ്പാൻ
ഉലയും തുരുത്തിയും പോയ് കൺപുകൈന്തു
ഊതിത്തിരിവാർകൾ
വലയിലകപ്പെട്ടഴൻറു ഇവനും
മാൻ പോലലൈവാൻ കാൺ.
ചുളുവായ്പകാരം മതേ തെരിയ
ചുരുതിയുത്തി ഇനമുറയായ്
കളിപ്പൊട്ട കപ്പുമുണ്ടോർ എവരനോ
കാൺപാരന വാതമുറൈ
രസവാത കപ്പുമതൈ വിടാമൽ
നാട്ടമുടൻ കൊണ്ടാരാൽ
നിജമായ് മലജലങ്കൾ-പട്ടയിടം

നിതിവേതൈ കാണുമപ്പാ
അപ്പുലോകങ്ങൾ വേതിക്കും-വെകു
അച്ചിരിയ മായിരിക്കും
തിട്ടമായ് താൻ പഴക്കും ഇതു
ശിവനാണെ ഉൺമയാം തപ്പാതു

*　　*　　*　　*

വന്ത അമുതമതൈ മകരിഷികൾ താൻകൂടി
വിണ്ണൈ പ്പേരതുക്കു-എന്നയ്യാ
വിത വിതമായിപ്പോട്ടാർകൾ
ചുകപ്പുക്കനാദമെൻറും-ചെയ്യുതൊരു
വെള്ളക്കപിന്ദുവെൻറും-എന്നയ്യാ-ചൊന്നാർപെരിയോ
ഇന്തനല്ല അമുതം യാരുക്കും കിട്ടാതു　　(ർകൾ
പന്തമററ ഞാനികൾക്കു പായ്ന്തുവരും-പാത്തറിവായ്
തപ്പാതമുതമതൈ ചരിയാനകുപ്പിതന്നിൽ
അപ്പോതെ താൻ പിടിത്തു-എന്നയ്യാ
അരുണനിലെ വൈത്തുവിട-മുപ്പൂവിതുവാകും
മുടിന്തൊരു കാരിയമാം അപ്പൂവിട്ടു-എന്നയ്യാ
അലൈന്താൽ വാതം വരുമോ.
തൊട്ടയിടം പട്ടയിടം തൊല്പുവിയിൽ പൊന്നാകും
പട്ടപ്പകൽപോലെ-എന്നയ്യാ
പക്കുവമായി ചൊല്ലി വിട്ടേൻ.

*　　*　　*　　*　　*

"കുറിത്തപ്പാർ യോകിയ്ക്കു നാദവിന്തു രണ്ടെമൂലം
കുറികെട്ട വാദികൾക്കു കാരസാരം
നെറിയൻറ വാശികണ്ടാൽ ഇതുതാൻ ചിത്തി"

Since 1923

ശിവയോഗികൾക്കും, കല്പദേഹികൾക്കും, ഇതരന്മാക്കും രസവാദം ചെയ്യാൻ വിധികൾ പ്രസ്താവിച്ചുകാണുന്നു.

കല്പദേഹികൾ അവരുടെ മൂത്രപുരീഷാദികളേയും രസത്തേയും അപേക്ഷിക്കേണ്ടിയിരിക്കുന്നു. ശിവയോഗികൾ അവരുടെ യോഗാമൃതം മാത്രം കൊണ്ടുസാധിക്കുന്നു. ശിവയോഗിയുടെ രസവാദസ്വൎണ്ണത്തിനും കല്പദേഹിയുടെ സ്വൎണ്ണത്തിനും തമ്മിൽ മഹത്തായ ഭേദമുണ്ടു്. ശിവയോഗിയുടെ സ്വൎണ്ണം കാഞ്ചനമാണു്. അതിനു ആയിരത്തെട്ടു മാററാണുള്ളതു്. കല്പദേഹിയുടെ സ്വൎണ്ണത്തിനു പത്തുമാററുമാത്രമേ കാണുകയുള്ളൂ. ഇതു മാനുഷതങ്കമാണു്. കാഞ്ചനം ദേവതങ്കമാണു്. 100 കഴഞ്ചു് ചെമ്പുരുക്കി ഒരു കുന്നിയിട കാഞ്ചനം ചേൎന്നാൽ ആ ചെമ്പു മുഴുവനും പത്തുമാററുള്ള മാനുഷതങ്കമാകും. വിധിപ്രകാരം രസംബന്ധിച്ചു് അഗ്നിക്കു വശപ്പെടുത്തി ഉരുക്കി വെള്ളിയുണ്ടാക്കുവാൻ വെള്ളിയും, സ്വൎണ്ണമുണ്ടാക്കുവാൻസ്വൎണ്ണവും, വിത്തുചേൎത്തു് (വെള്ളിക്കുവെള്ളി വിത്തു്. സ്വൎണ്ണത്തിനുസ്വൎണ്ണം വിത്തു്) ഉരുക്കി വിധിപ്രകാരം സിന്ദൂരം, ഭസ്മം, ചുന്നം, മെഴുക്കു്, തൈലം ഇത്യാദികൾ ഉണ്ടാക്കി ശുദ്ധിചെയ്ത ചെമ്പു് മുതലായ ലോഹങ്ങൾ ഉരുകിനില്ക്കുമ്പോൾ ക്രാമണസംഹിതംതയ്യാറാക്കിയ മരുന്നു കൊട്ടത്താൽ സ്വൎണ്ണവും വെള്ളിയും ഉണ്ടാകും. രസം തുടങ്ങിയ പുകച്ചരക്കുകളുടെ സിന്ദൂരം മുതലായതുകൾ ഉരുകി നില്ക്കുന്നലോഹത്തിൽ കൊട്ടത്താൽപുകഞ്ഞുപോകും. ചിലതു് പുകഞ്ഞുപോകാതെ മുകളിൽ നില്ക്കും; ഉള്ളിൽപ്രവേശിക്കയില്ല. ഉരുകിനില്ക്കുന്നലോഹത്തിനുള്ളിൽ ഓരോ അണുക്കളിലും ഔഷധം പ്രവേശിച്ചു ഭേദിക്കുന്നതിലേക്കായി വിധിച്ചിട്ടുള്ള മഹിഷീണാം കൎണ്ണമലം ആദിയായ് "വിഷഗണങ്ങളെക്കൊണ്ടു" തയ്യാറാക്കപ്പെട്ട ഔഷധമാണു് ക്രാമണം. അന്നം ഭക്ഷിക്കുവാൻ കറികൾ പോലെയും ഔഷധങ്ങൾ സേവിക്കുവാൻ അനുപാനംപോലെയും രസവാദവിദ്യക്കു വിധിച്ചിട്ടുള്ള അനുപാനമാണു് ക്രാമണം.

"ക്രാമണം വിനാ ലോഹേ,നവിശതി"
നമ്പാന ക്രാമണത്തൈ വിട്ടായാനാൽ
ചാററുകിറേൻ വേതൈയെല്ലാം
തവറില്ലോമേ-ഉൾക്കൊണ്ടു വാങ്കിനാലും മാറേറ റാത്തു്
(അഗസ്ത്യർ)

കല്പദേഹികളും ശിവയോഗികളും ഇതരസാധനങ്ങൾ" ക്രാമണത്തിന്ന എടുക്കണമെന്നില്ല. അവരുടെ ശരീരമലം ഒന്നുകൊണ്ടുതന്നെ താമ്രശുദ്ധി സാധിക്കുന്നു. ക്രാമണത്തിനും അതുതന്നെ ഉപയോഗപ്പെടുത്തുന്നു. രസപാദവിദ്യകളിലെല്ലാം പഞ്ചഭൂതങ്ങളുടെ കണക്കനുസരിച്ചാണു് സാധനങ്ങൾ ചേർക്കേണ്ടതു്. കണക്കുതെററിയാൽ ഹേമഗർഭംചരിദ്രിച്ചു വിത്തും കൂടി നഷ്ടപ്പെടും.

മനുഷ്യർ ക്രമേണ ഗുണങ്ങളെ ശേഖരിക്കുവാനും, ചെമ്പു ശുദ്ധിക്കു ഔഷധങ്ങൾ തേടിനടന്നും കഷ്ടനഷ്ടങ്ങൾ അനുഭവിക്കാതെ ആദ്യമായിട്ടു് കല്പംസേവിച്ചു് ശരീരം ബന്ധിച്ചുകൊണ്ടാൽ ക്രാമണത്തിനും താമ്രശുദ്ധിക്കുമുള്ള മരുന്നു അവരിൽതന്നെ ഉണ്ടാകും. ഈ തത്വം ഗ്രഹിക്കാതെ ജനങ്ങൾ മോഹംകൊണ്ടു ശാസ്ത്രതത്വങ്ങൾ തെററിദ്ധരിച്ചു പ്രവൎത്തിക്കുന്നതായാൽ സൎവ്വനാശം സംഭവിച്ചു ഒടുവിൽ ഭിക്ഷയെടുപ്പാൻ കൂടി ഇടവരുമെന്നു ശാസ്ത്രജ്ഞന്മാർ ഉപദേശിച്ചിരിക്കുന്നു.

നൂറെറട്ടു് കല്പ ഔഷധങ്ങളാണു് മഹാത്മാക്കൾ നിൎണ്ണയിച്ചിട്ടുള്ളതു്. അവകളിൽ ഏററവും ശ്രേഷ്ഠമായതു് രസം, ഗന്ധകം ഇവകൾ ആകുന്നു. ഇതിൽ രസകല്പം സേവിച്ചു് ശരീരബന്ധം ചെയ്തു ഗൃഹസ്ഥാശ്രമത്തിൽ തന്നെയിരുന്നു് യോഗം പൂൎത്തിയാക്കി പരമപദം പ്രാപിച്ചു് സുഖിയ്ക്കാവുന്നതാണു്.

ഗന്ധകരസായനം സേവിച്ചവരുടെ മൂത്രപുരീഷാദികളിൽ താമ്രം തങ്കമാകുന്നു. പരീക്ഷിച്ചുനോക്കി ഫലം അറിഞ്ഞുകൊള്ളുക.

മുൻകാലങ്ങളിൽ ഭാരതഖണ്ഡത്തിൽ അറുപത്തിനാലു പ്രധാന മഠങ്ങളും അനവധി ശാഖാമഠങ്ങളും ഉണ്ടായിരുന്നു. മഠങ്ങളിൽ അതാതു ഗുരുക്കന്മാരോടുകൂടി ഗുരുകുലരീതിയനുസരിച്ച് താമസിച്ചുവന്ന ശിഷ്യഗണങ്ങളെ രസവാദവിദ്യകൊണ്ടാണ് അന്നത്തെ മഠാധിപന്മാർ രക്ഷിച്ചുപോന്നിട്ടുള്ളതെന്നു പ്രമാണരൂപേണ തെളിയുന്നു. തിരുവനന്തപുരം പട്ടണം സന്ദർശിക്കുവാനായി വന്നിരുന്ന മഹാത്മാക്കളിൽ ചിലർ മഹാരാജാവു തിരുമനസ്സിലെ സല്ക്കാരം കൂടെ ത്യജിച്ചിട്ടു ദിവസേന ഇരിമ്പു്, ചെമ്പു് ഈ ലോഹങ്ങളെ ശരീരവിയൎപ്പുകൊണ്ടു തങ്കമാക്കി കമ്പോളങ്ങളിൽ വില്പനചെയ്തു കൂടെയുണ്ടായിരുന്ന അനവധി ശിഷ്യഗണങ്ങളേയും മററുള്ള പരിവാരങ്ങളേയും രക്ഷിച്ചുപോന്നിരുന്നതു കണ്ടിട്ടുള്ള ഞാനും മററു അനേകം ജനങ്ങളും ഇന്നുമുണ്ടു്. മുൻപറഞ്ഞ മഠാധിപന്മാർ യുദ്ധകാലങ്ങളിൽ രാജാക്കന്മാൎക്കു ധനത്തിനു മുട്ടുണ്ടാകുമ്പോൾ ഭാരം ഭാരം സ്വൎണ്ണക്കട്ടികൾ ഉണ്ടാക്കികൊടുത്തു് അവരേയും അവസരംപോലെ സഹായിച്ചിരുന്നു. ആ കാലങ്ങളിലെ ബ്രാഹ്മണർ അവരവരുടെ യജനത്തിങ്കൽ രേതസ്സു മന്ത്രപ്രയോഗംകൊണ്ടു സ്വൎണ്ണം ഉണ്ടാക്കി കുടുംബരക്ഷ നടത്തിവന്നിരുന്നു. ഹേമബീജപ്രയോഗം അന്നുള്ളവൎക്കു വശമായിരുന്നു. ഇന്നത്തെ ബ്രാഹ്മണരുടേയും മഠാധിപന്മാരുടേയും സ്ഥിതികളെപ്പററി വായനക്കാൎക്കു പ്രത്യക്ഷാനുഭവമാണല്ലോ.

മണിമന്ത്രൌഷധങ്ങളെക്കൊണ്ടു ആഹാരനിദ്രാദികളേയും ഇന്ദ്രിയസമൂഹങ്ങളേയും ശരീരത്തേയും വിധിപോലെ ജയിച്ച മഹാത്മാക്കളുടെ സമാധിയെപ്പററി കേൾക്കുമ്പോൾ നാം വിസ്മയിക്കുന്നു. ഒരു യുഗം അവൎക്കൊരു

നിമിഷംപോലെതന്നെ. അഷ്ടസിദ്ധികളും മററു ദിവ്യത്വവും അവക്ക് അന്നുണ്ടായിരുന്നിട്ടും ആഡംബരാദികളെ ത്യജിച്ച് ഗോമൂത്രഗോമയാഹാരികളായിട്ടാണ് അവർ കാലയാപനം ചെയ്തുവന്നത്. അവരുടെ ശരീരത്യാഗമൊ, യോഗാഗ്നിയിങ്കൽ ദഹിപ്പിക്കയാണ് ചെയ്തിട്ടുള്ളത്. ഈവിധ മഹാത്മാക്കളാണ് നമ്മുടെ ആയുർവേദകർത്താക്കന്മാർ എന്നു പ്രത്യേകം പറയേണ്ടതില്ലല്ലോ.

ഈയാണ്ടു കന്നിമാസത്തിൽ ബോംബെ പട്ടണത്തിൽ മിസ്റ്റർ രാമമൂർത്തി അവർകളുടെ മന്ദിരത്തിൽ വച്ച് മല്ലന്മാരുടെ കായികാഭ്യാസം പ്രദർശിപ്പിക്കയുണ്ടായിരുന്നു. കാഴ്ചക്കാരായി ആ സദസ്സിൽ വളരെ മഹാന്മാരുണ്ടായിരുന്ന കൂട്ടത്തിൽ ഹിമവാൻ പർവ്വതത്തിങ്കൽ നിന്നും മടങ്ങിവന്ന ശങ്കരാചാര്യസ്വാമിസീതാറാംജീയും ഉണ്ടായിരുന്നു. ഇദ്ദേഹം തന്റെ ദഹനേന്ദ്രിയങ്ങളും ദന്തങ്ങളും ജിഹ്വയും ശരീരവും തനിക്കുവശമാണെന്ന് പ്രത്യക്ഷപ്പെടുത്തി. അതായതു, ഇരിമ്പാണികൾ, കത്തികൾ മുതലായവ കരിമ്പു തിന്നുന്നതുപോലെ തിന്നു തുടങ്ങി. അദ്ദേഹത്തിന്റെ പാനീയം രസം, (mercury)തീത്തൈലം (Nitric Acid) തിളയ്ക്കുന്ന ലോഹങ്ങളായിരുന്നു. കണ്ണാടികൾ വായിലിട്ടു ചവച്ചുതിന്നുന്നതും ശക്തിയേറിയ വിഷദ്രവങ്ങൾ കുടിക്കുന്നതും കണ്ടാൽ നമ്മുടെ സ്വാമിജി പ്രത്യേക രീതിയിവുള്ള ഒരു യന്ത്രമാണെന്നു സകലർക്കും തോന്നിപ്പോകും. അവിടെ കൂടിയിരുന്ന കാര്യാകാര്യ വിവേക മർമ്മജ്ഞരായ ഡാക്ടറന്മാർക്ക ഒരുവർക്കുംതന്നെ സ്വാമിജി ഇതു് എങ്ങനെ സാധിച്ചുവെന്നുപറയുവാൻ കഴിഞ്ഞിട്ടില്ല. ഈ സ്വാമിയുടെ സിദ്ധിയെപററി ചിന്തിക്കുന്നതായാൽ ഗണപതി വൈശ്രവണന്റെ പന്തൽ, അടുപ്പ്, പാത്രങ്ങൾ ഇവ ഭക്ഷിച്ചതു ഒട്ടും അവിശ്വസിക്കുവാനില്ല. (102 കന്നി 20-ാം തീയതിയിലെ മലയാളിപത്രം 111-ാമതു ലക്കത്തിൽ പ്രസിദ്ധീകര

ണം ചെയ്തിട്ടുള്ളതിൽ നിന്നും ഉദ്ധരിച്ചിട്ടുള്ളതാണ്.) ആയിടക്കുതന്നെ ഉത്തരഇൻഡ്യയിൽ പ്രത്യക്ഷപ്പെട്ട ഒരു യോഗി പലമാന്യപണ്ഡിതന്മാരുടെ സദസ്സിൽവച്ച് സങ്കല്പമാത്രത്താൽ സൂര്യോദയം തടുത്തുകാണിച്ചു. അതുപോലെതന്നെ ചന്ദ്രനേയും ഉദിപ്പിച്ചുകാണിക്കയുണ്ടായി. (ഇതും മലയാളി പത്രത്തിൽ പ്രസിദ്ധീകരണം ചെയ്തിരുന്നു.) ഈ വക സിദ്ധികളെല്ലാം ഈയിട പ്രത്യക്ഷപ്പെട്ടവരുന്നു, രാപകൽ ഹിമവർഷം ഉണ്ടായിക്കൊണ്ടിരുന്ന ഹിമവാൻ പർവ്വതത്തിലെ തണുപ്പ് എന്തായിരിക്കും? ആ സ്ഥലത്തുള്ള ശീതോഷ്ണാദികൾ സഹിച്ച് നിരാഹാരന്മാരായ് സ്ഥിര സമാധിയിലിരിക്കുന്ന മഹാത്മാക്കളെ പ്രിയവായനക്കാരരേ! സഞ്ചാരം ചെയ്താൽ നിങ്ങൾക്കും കണ്ടുബോദ്ധ്യപ്പെടുന്നതാണ്.

രസം വിഷമാണെന്നു പാശ്ചാത്യപണ്ഡിതന്മാർ വിശ്വസിച്ചിരുന്ന കാലമൊന്നുണ്ടായിരുന്നു. രസം വിഷമല്ലെന്നും പല വ്യാധികൾ രസംകൊണ്ടു മാറുന്നതാണെന്ന് അവരും ഇപ്പോൾ വിശ്വസിച്ചുതുടങ്ങിയിരിക്കുന്നു. ഈവിധം നിമിഷംതോറും ഭിന്നാഭിപ്രായങ്ങളോടുകൂടിയതാണ് പാശ്ചാത്യപണ്ഡിതന്മാരുടെ ചികിത്സാക്രമവും ഔഷധങ്ങളുമെന്നു ഞാൻ പ്രത്യേകിച്ചു പറയാതെതന്നെ വായനക്കാർക്കറിയാവുന്നതാണല്ലോ. ഒരു അമേരിക്കൻ ഡാക്ടർ മിസ്റ്റർ ട്രാൾ അദ്ദേഹത്തിന്റെ water cure for the millions' എന്ന പുസ്തകത്തിൽ പാശ്ചാത്യരുടെ ചികിത്സാസമ്പ്രദായങ്ങളേയും, ഔഷധങ്ങളേയും പററി അനേക ഡാക്ടർമാർ എഴുതീട്ടുള്ള അഭിപ്രായങ്ങൾ രേഖപ്പെടുത്തീട്ടുള്ളതിൽ നിന്നും അവകൾ ജനങ്ങൾക്ക് പൊതുവെ ദോഷകരമാണെന്ന് നമുക്ക് കാണാവുന്നതാണ്. Miss Leig Hunt എന്ന ഒരു യൂറോപ്യൻ ലേഡിയുടെ ഒരു പുസ്തകത്തിൽ ടി ചികിത്സയെപററി അഭിപ്രായപ്പെട്ടിരിക്കുന്നതു "State-Protected experimental quackery" എന്നാകുന്നു.

ഇതിനു പുറമെ മററു പല പാശ്ചാത്ത്യ ഡാക്ടർമാരും അവയെ പിൻതാങ്ങിയിട്ടുള്ളതായും നമുക്ക് പുസ്തകങ്ങൾ മുഖേനയും മററു പലവിധത്തിലും അറിയാവുന്നതാണ്. ഇവകളാൽ പ്രസ്തുത ചികിത്സാരീതികൾ എത്രത്തോളം വജ്ജിയ്ക്കപ്പെടേണ്ടതാണെന്നുള്ള സംഗതി ഞാൻ പറയാതെതന്നെ മഹാജനങ്ങൾക്ക് ഗ്രഹിക്കുവാൻ കഴിയുന്നതാകയാൽ അവയെപ്പററി ഒരു നിരൂപണം ചെയ്യുന്നതിന് ഇവിടെ ഞാൻ വിചാരിക്കുന്നില്ലാ. എന്നാൽ ആര്യന്മാരുടെ ആയുർവേദചികിത്സാക്രമങ്ങളും ഔഷധങ്ങളും പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചതും സർവ്വഗുണസമ്പൂർണ്ണവും ശാശ്വതവും ആണെന്നുള്ള സംഗതിയും ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു.

ശുഭം.

Since 1923